M.S. 35/53

56

ഇന്ത്യൻ കിണ്ടർഗാട്ടൻ

ഒന്നാം ഭാഗം.

ശിശുതരം.

TRANSLATED INTO MALAYALAM

BY

M. KRISHNAN, B.A., B.L.,

Malayalam Master, Presidency College,

and

Ag. Malayalam Translator to the Government of Madras.

Authorized by the Director of Public Instruction.

FIRST EDITION, 300 COPIES.

MADRAS:

PUBLISHED BY THE

MADRAS SCHOOL BOOK AND LITERATURE SOCIETY.

1899.

(Government Copyright.)

All Rights Reserved.

S. P. C. K. PRESS, VEPERY, MADRAS—1899.

ശുദ്ധപത്രം.

ം.	വരി.	അശുദ്ധം.	ശുദ്ധം.
	1	അഭ്യാസിക്ക	അഭ്യസിക്ക
	6	മുഖ്യാഭിപ്രായം.	മുഖ്യാഭിപ്രായം.
	4	അവയങ്ങളെ.	അവയവങ്ങളെ.
	21	സ്വാഭാവം.	സ്വഭാവം.
	8	പോക്കം.	പൊക്കം.
	18	അവക്കു	അവൎക്കു
	19	നിമ്മിക്കേണം.	നിൎമ്മിക്കേണം.
	3	പറവാനു	പറവാൻ.
	16	തുള്ളി	തുള്ളി.
	3	കോട്ടയിൽ	കൊട്ടയിൽ
	15	എന്നും	എന്നും.
	21	മററു	മറു
	5	നെയ്യു	നെയ്ത്തു
	8	പോട്ടുക	പൊട്ടുക
	19	നിണ്ണയിച്ചു	നിൎണ്ണയിച്ചു
	4	ഈക്കിൻ	ഈൎക്കിൽ
	21	കുട്ടിയുട്ടെ	കുട്ടിയുടെ
	7	ആദ്യത്തെത്തു	ആദ്യത്തെതു
	10	പറയില്പിക്ക.	പറയിപ്പിക്ക.
	2	പോക്കുവിൻ.	പൊക്കുവിൻ.
	3	പോക്കുവിൻ.	പൊക്കുവിൻ.
	6	മുല	മൂല
	2	ഉപകരണ	ഉപകരണം.
	9	ശിലിപ്പിക്കുന്നു.	ശീലിപ്പിക്കുന്നു
	6	ഓമ്മതയിൽ	ഓൎമ്മതയിൽ
	1	നടത്തുണ	നടത്തുന്ന
	1	വേറും	വെറും.
	18	ഇവരുടെ	ഇവൎക്കു

സംഗ്രഹം.

പ്രസ്താവന:— ഭാഗം.

പാഠശാല 1

കട്ടികളെ ഇരുത്തിക്കൽ 2

ശിശുതരത്തിന്നു മതിരാശി വിദ്യാഭ്യാസ നിയമത്താൽ ആവശ്യപ്പെട്ട പാഠങ്ങൾ 6

സാധന പാഠങ്ങൾ. 7

വിത്തുനിരത്തുക. 33

സൂചികൊണ്ടു കുത്തുകയും തുന്നുകയും... 45

കോൽ നിരത്തുക. 56

അഭിനയഗീതം. 106

പാഠ ക്രമപ്പട്ടിക 107

കിണ്ടർഗാട്ടൻ അഭ്യാസത്തിൽ അന്തക്കരണാഭ്യാസം ... 109

കിണ്ടർഗാട്ടനിലെ സന്മാൎഗ്ഗാഭ്യാസം. 122

കിണ്ടർഗാട്ടനിലെ ശരീരാഭ്യാസം. 114

പ്രസ്താവന.

കുട്ടികളെ കിണ്ടർഗാർട്ടൻ ക്രമപ്രകാരം അഭ്യാസിക്കയെന്നത ജൎമ്മരാജ്യക്കാരനായ ഫ്രിഡറിക്ക ഫ്രോബെൽ എന്ന ആൾ 1840ൽ നടപ്പാക്കിയതാകുന്നു.

പുരുഷന്മാൎക്കും സ്ത്രീകൾക്കും ശരീരത്തിന്നും മനസ്സിന്നും സന്മാൎഗ്ഗത്തിന്നും ഉള്ള മിക്ക ന്യൂനതകളും ചെറുപ്പകാലത്തിൽ അവൎക്കുള്ള ശിക്ഷ നന്നാകുന്നപക്ഷം തീൎക്കയൊ ഉണ്ടാവാൻ ഇടവരുത്താതിരിക്കയൊ ചെയ്വാൻ സാദ്ധ്യമാകുമെന്നാകുന്നു ഫ്രോബെല്ലിന്റെ മുഖ്യാഭിപ്രായം. ശിശുക്കൾ ചെറുചെടികൾക്കു സമാനമെന്നു അദ്ദേഹം പറയുന്നു. വെളിച്ചം നല്ലവണ്ണം തട്ടുകയും വേർകൊണ്ടു പോഷകദ്രവ്യം നല്ലവണ്ണം വലിച്ചെടുക്കയും ചെയ്വാൻ കഴിവുള്ള അനുകൂലമായ സ്ഥലത്തു ഒരു ചെറുചെടി കുഴിച്ചിട്ടാൽ അതിന്റെ പ്രകൃതിക്കനുസരിച്ചു ക്രമേണ പൂൎണ്ണ വളൎച്ച അതിന്നെത്തുകയും അതു തഴച്ചു പൂത്തു കാച്ചു പുഷ്ടികൂടി കാഴ്ചക്കു മനോഹരമായിത്തീരുകയും ചെയ്യുന്നു. അതേചെടി വറണ്ടു നനവില്ലാതെയും, അതിവെയിൽ തട്ടിയൊ അല്ല വെളിച്ചം തീരെ തട്ടാതെയൊ ഉള്ള പാറക്കെട്ടിൽ കുഴിച്ചിട്ടാൽ തിരുളെടുക്കാതെ വളൎച്ച മുട്ടി ക്ഷീണിച്ചു പോകുന്നതു അനുഭവസിദ്ധമാണല്ലൊ. അതു തെഴുക്കാം; എന്നാൽ പുഷ്പം ദുൎബ്ബലവും ഫലം നാസ്തിയും ആകും. അതു ഈളിച്ചു വിരൂപമായ്ക്കാണാം. ശിശുക്കളും പ്രായേണ ഈവിധം തന്നെ. സ്വാഭാവികമായും അതുകൊണ്ടു ആരോഗ്യമായും പുഷ്ടിയുണ്ടാവാൻ കഴിവുണ്ടാകുന്ന സമ്പൎക്കം ഉണ്ടാവാൻ തക്കവണ്ണം ഉള്ള നിലയിൽ അവർ ആയിരിക്കേണ്ടതാവശ്യം. സ്വാഭാവികമായി അവർ ചെയ്യുന്നതു ചെയ്തുകൊൾവാൻ അവരെ ഉത്സാഹിപ്പിക്കേണം. ഒരു കുട്ടിക്കു സ്വാഭാവികമായുള്ളതു ഇന്നതെന്നു നാം ആലോചിക്കേണം.

ഒന്നാമതു.—ഒരു കുട്ടിക്കു മിക്കവാറും സമയം വിനോദകരമായ കളിയിൽ രസിപ്പാനാണു താത്പൎയ്യം. മുതിൎന്നവർ ശക്തിക്കൊത്തവണ്ണം പ്രവൃത്തി ചെയ്വാൻ ഇച്ഛിക്കുംപ്രകാരം കുട്ടികൾ ശക്തിയെല്ലാം കളിയിൽ കാണിക്കുന്നു.

രണ്ടാമത്.—ശരീരംകൊണ്ടു വല്ലതും സദാ പ്രവൃത്തിച്ചുകൊണ്ടിരിപ്പാൻ കുട്ടി ഇച്ഛിക്കുന്നു. ഉറക്കില്ലാതിരിക്കുമ്പോൾ, ഇഴഞ്ഞും പാഞ്ഞും തുള്ളിച്ചാടിയും പിടിച്ചുകയറിയും അത് കാലം കഴിക്കുന്നു. ഇതുകൊണ്ടു ശരീരത്തിന കെട്ടുറപ്പുണ്ടാകയും ഇച്ഛാനുസാരം അവയവങ്ങളെയും മാംസപേശികളെയും ഉപയോഗിക്കാൻ അതിന്നു കഴിയുകയും ചെയ്യുന്നു.

മൂന്നാമത്.—കുട്ടിയുടെ മനസ്സു ഇടവിടാതെ ഓരോന്നിൽ ചെ കൊണ്ടിരിക്കും. ലോകത്തിലുള്ളതെല്ലാം അതിന്നു പുതുമയാണ. കാണുന്നതു കേൾക്കുന്നതും എല്ലാം അതിനെ വിസ്മയിപ്പിക്കുന്നു. ഒന്നാമത കണ്ടും കേട്ടു മണത്തും രുചിച്ചും സ്പർശിച്ചും പ്രായം ചെല്ലുമ്പോൾ മൂത്തവരോടു ചോദിച്ചു അത് കാര്യങ്ങളെല്ലാം സദാ ഗ്രഹിക്കുന്നു.

നാലാമത്.—ഓരോന്ന് പ്രവൃത്തിക്കയും നിർമ്മിക്കുകയും ചെയ്യുന്നതിൽ അത് വിനോദിക്കുന്നു. അതു കടലാസ്സിൻ തുണ്ടവും മരക്കഷണങ്ങളു മണ്ണും മററും സ്വരൂപിച്ചു വീടു വണ്ടി എന്നിങ്ങിനെ പറഞ്ഞുംകൊണ്ടു ഓരോന്ന നിർമ്മിക്കും. പുസ്തകം, കത്തി, എന്നിങ്ങിനെ എടുക്കരുതെന്ന വിലക്കീട്ടുള്ള ഓരോന്ന, മേൽപറഞ്ഞ വല്ലതും നിർമ്മിക്കുവാൻ എടുക്കുന്നതിനാൽ തല്ലുകൊള്ളാനും മററു അപകടത്തിനും സംഗതി വരുത്തുന്നു.

അഞ്ചാമത്.—അത് താൻ കാണുന്നതും കേൾക്കുന്നതും അനുകരിപ്പാൻ ഇച്ഛിക്കുന്നു; കണ്ട ആളുകളെയും ജന്തുക്കളെയും വരച്ചു കാണിപ്പാൻ ശ്രമിക്കുന്നു. കളിക്കുമ്പോഴും പാടുമ്പോഴും മററുള്ള ആളുകളെപ്പോലെയും മൃഗങ്ങളെപ്പോലെയും ചെയ്തും പറഞ്ഞും ശബ്ദിച്ചും നർത്തകരീതിയിൽ അഭിനയിക്കും.

ആറാമത്.—വളരെ ചെറുപ്പത്തിൽതന്നെ ഒരു കുട്ടി ഗുണദോഷങ്ങൾക്ക വശനായിതീരുന്നു. കളവു പറക. തന്നിഷ്ടം പ്രവൃത്തിക്ക, കോപിക്ക, ഇങ്ങിനെയുള്ള സ്വഭാവം ശാസിച്ചടക്കേണ്ടതും, ആദരവ്, വാത്സല്യം, അനുസരണം, സ്വാർത്ഥിയല്ലാതിരിക്ക ഇങ്ങിനെ അതിൽ ഉദിച്ചു കാണുന്ന ഗുണങ്ങൾക്കു പുഷ്ടിവരുത്തേണ്ടതുമാകുന്നു.

ഏഴാമത്.—കുട്ടികൾ മററു കുട്ടികളോടു കൂടിയിരിപ്പാൻ ആഗ്രഹിക്കുന്നു. തനിച്ചു കുഞ്ഞിതത്തോടു കൂടിയിരിക്കുന്ന ഒരു കുട്ടിയെ മററു കുട്ടികളുടെ

ന്നിപ്പാക്കുക. കുണ്ഠിതം എല്ലാം പോയിപ്പോയി മുഖപ്രസാദവും സന്തു ഷ്ടിയും അതിന്ന ഉണ്ടാകുന്നു. നായ് പൂച്ച മുതലായ മൃഗങ്ങളെയും കുട്ടികൾ സ്നേഹിക്കുന്നു. ഈവക മൃഗങ്ങൾക്കും ഉപകാരം താല്പൎയ്യം അങ്ങോട്ടുണ്ടാകയും ചെയ്യുന്നു.

വി...തമായ വിധത്തിൽ നടത്തുന്ന കിണ്ടർഗാർട്ടൻ അഭ്യാസത്തിൽ മേൽവിവരിച്ച ബാല സ്വഭാവത്തിന്നുചിതമായിട്ടുള്ളതെല്ലാം തൃപ്തികരമാകും ...ണ്ണം അടങ്ങിയിരിക്കും.

ഈ ചെറു പുസ്തകത്തിൻെറ ഉദ്ദേശം, മേല്പറഞ്ഞ കാൎയ്യം, ഇന്ത്യയിലെ പാഠശാലകളിൽ, മതിരാശി ഗ്രാണ്ടിന്നെഡ്കോഡിൻെറ താല്പൎയ്യത്തിന്നനു സരിച്ചു സാധിപ്പിക്കേണ്ടത് എങ്ങിനെയെന്നാകുന്നു. പ്രസ്താവിച്ച മിക്ക ഉപ കരണങ്ങളും, അങ്ങാടിയിൽ അല്പവിലക്കു കിട്ടുവാൻ കഴിവുള്ളതാണ. വിവ രിച്ച ഒരുക്കങ്ങൾ കുട്ടികൾ നിലത്തിരുന്നുവരുന്ന നാട്ടുപുറം പാഠശാലകളിൽ നടന്നുവരുന്ന മാതിരിയാകുന്നു. എല്ലാ പാഠശാലയിലേപ്പോലേതന്നെ കിണ്ടർ ഗാർട്ടൻ അഭ്യാസത്തിലും അഭ്യുദയത്തിന്നു വാസ്തവത്തിൽ അസ്തിവാരമായിട്ടുള്ള ത് ഗുരുവാകുന്നു. കിണ്ടർഗാർട്ടൻ അഭ്യസിപ്പിക്കുന്ന ഗുരു വാസ്തവത്തിൽ ശിഷ്യ സ്നേഹം ഉള്ളവരും അവരുടെ മനോഗതം ഗ്രഹിച്ചു പ്രവൃത്തിപ്പാൻ കഴിവുള്ള വരും ആയിരിക്കേണം. പുരുഷന്മാരേക്കാളും സ്ത്രീകൾക്കാണ്, ശിശുക്കളെ നോക്കി നടക്കുന്നതിന്ന് സ്വാഭാവികമായി പ്രാപ്തിയേറിയത്. അതുകൊണ്ടു കിണ്ടർഗാർട്ടൻ അഭ്യാസം കഴിവുള്ളേടത്തോളം നല്ല പഠിപ്പുള്ള ചെറിയ സ്ത്രീ കളാണ് ചെയ്യിക്കേണ്ടത്. ഈ അഭ്യാസം ചെയ്യിപ്പിക്കുന്ന സ്ത്രീ പരമാനന്ദം ഉള്ളവളായിരുന്നു കുട്ടികളുടെ ആനന്ദ സ്വാഭാവം രുചിപ്പാൻ കഴിവുള്ളവൾ ആയിരിക്കേണം. അവരുടെനേരെ വളരെ ക്ഷമയോടുകൂടി ഇരിക്കുകയും "നമ്മുടെബാലഹിതം ജീവിതം ധരിക്കനാം" എന്ന ഫ്രോബെല്ലിൻ പ്രമാണം അംഗീകരിക്കയും ചെയ്യുവരായിരിക്കേണം. ക്രമത്തിൽ കവിഞ്ഞു അഭ്യസിപ്പി പ്പാൻ ഒരിക്കലും നോക്കരുത്. താഴെവരുന്ന ചില പാഠങ്ങൾ, നിൎണ്ണയിച്ച സമയത്തിന്നുള്ളിൽ ചില കുട്ടികൾക്കു പഠിപ്പാൻ പ്രയാസമായ്വന്നേക്കും. ആ അവസ്ഥകളിൽ, ആസമയം കഴിഞ്ഞുവെന്നു കണ്ടാൽ പാഠം മതിയാക്കി ബാക്കി

യുള്ളത് പിറെറ ദിവസത്തെക്ക വേണ്ടി വെക്കേണ്ടതാകുന്നു. കുട്ടികൾക്കു രസക്കേട ഉണ്ടാക്കത്തക്കവിധംവല്ല വിഷയവും വിസ്തരിച്ചു കൊടുക്കുന്നതും നന്നല്ല. കിണ്ടർഗാട്ടന്റെ ഉദ്ദേശം എപ്പോഴും മനസ്സിൽ വെക്കേണ്ടതും. ആ ഉദ്ദേശ സാദ്ധ്യത്തിന്നനുകൂലമായ ക്രമം അംഗീകരിക്കേണ്ടതുമാകുന്നു.

കുട്ടികളെ വശത്താക്കി പഠിപ്പിപ്പാൻ വേണ്ടി വിശേഷമായ മാർഗ്ഗം കഥ പറഞ്ഞുകൊടുക്കയാകുന്നു. ഈ മാർഗ്ഗം ഈ പുസ്തകത്തിൽ ഉപയോഗിക്കാഞ്ഞതു നിയമ (കോഡ്) പ്രകാരം ആവശ്യപ്പെടാത്ത മുഖ്യ സംഗതി വശാലാകുന്നു. എങ്കിലും ഗുണ യുക്തമായ നല്ല കഥകൾ ഇതിൽ വിവരിച്ച പാഠങ്ങൾക്കു പുറമെ പറഞ്ഞുകൊടുക്കയും ഈ കഥകൾ പാടുള്ളേടത്തോളം, മൂലപാഠങ്ങൾ, തൊഴിലുകൾ, അഭിനയത്തോടുകൂടിയ ഗീതങ്ങൾ, ഈ ഓരോ വിഷയങ്ങൾക്കു പററിയതായിരിക്കയും ചെയ്യേണ്ടതാകുന്നു.

M.S.52

ഇന്ത്യൻ

കിണ്ടർഗാർട്ടൻ.

ശിശുതരം.

ഒന്നാം ഭാഗം.

GOVERNMENT OF TRA[VANCORE]
EDUCATIONAL SECRET[ARIAT]

പാഠശാല.

പാഠശാല നല്ല കാററും വെളിച്ചവും ഉള്ളതും വളരെ ശുചിയായും വൃത്തിയായും വെച്ചതും മനസ്സിന്നു ആഹ്ലാദം കൊടുക്കത്തക്കതും ആയിരിക്കേണം. ചുമരിന്മേൽ കടും നിറമുള്ള ചിത്രങ്ങൾ ഉണ്ടായിരിക്കേണ്ടതും പാട്ടുള്ള പക്ഷം ചെടികളും പൂക്കളും മുറിയിൽ ഉണ്ടായിരിക്കേണ്ടതും ആകുന്നു. വെയിലില്ലാത്തപ്പോൾ കുട്ടികൾക്ക് കളിക്കേണ്ടതിന്നു അടുത്തു ഒരു തോട്ടവും അതിൽ കഴിവുള്ളപക്ഷം ഒരു ഊഞ്ഞാലും ഉണ്ടായിരിക്കുന്നത് നന്നാകുന്നു. തോട്ടത്തിൽ പൂച്ചെടികൾ നട്ടു വളൎത്തുന്നതും നായ, പൂച്ച, തത്ത മുതലായവയെ അക്കി രക്ഷിക്കുന്ന

ത്തും പാട്ടുള്ളപക്ഷം ഗുണകരമാണ്. ആ ജന്തുക്കൾക്ക തീൻ കൊടുക്കയും പക്ഷികളുടെ കൂടുകൾ കഴുകി വെടിപ്പാക്കി വെക്കുകയും ചെടികൾക്ക വെള്ളം നനക്കയും ചെയ്യുന്നതിൽ കുട്ടികൾ തങ്ങൾക്കു കഴിവുള്ളത്ര സഹായിക്കേണ്ടതാകുന്നു. ജന്തുക്കൾ സുഖമായിരിക്കേണമെന്നും ചെടികൾ പുഷ്ടിയോടുകൂടി വളരേണമെന്നുമുള്ള വിചാരം കുട്ടികൾക്ക ഉണ്ടാകേണ്ടതിന്നു യത്നിക്ക.

സൂചികൊണ്ടു കുത്തി രൂപം നിൎമ്മിക്കയും തുന്നുകയും ചെയ്യുന്നതിന്ന് മുമ്പായി വിശേഷിച്ചും മററു ആവശ്യമുള്ളപ്പോഴും കുട്ടികൾ കൈകൾ കഴുകി വൃത്തിയായിരിപ്പാൻ വേണ്ടുന്ന ചട്ടങ്ങൾ ചെയ്യേണ്ടതാകുന്നു.

കുട്ടികളെ ഇരുത്തിക്കൽ.

ഇന്ത്യൻ കിണ്ടർഗാർട്ടൻ അഭ്യാസത്തിന്ന് കുട്ടികളെ നിലത്തിരുത്തുന്നതാണ് വളരെ എളുപ്പവും ഏററവും ഉത്തമവും ആയരീതി.

തറ നല്ലവണ്ണം ഇഷ്ടക പടുത്തതായിരിക്കേണം. കറുത്ത ചുണ്ണാമ്പിട്ടു മെഴുകിയതായിരുന്നാൽ അതിലും നന്ന്. എന്നാൽ എഴുതേണ്ടതെല്ലാം ചാക്ക് എന്ന വിലാത്തിന്നൂറുകൊണ്ടു അതിന്മേൽ എഴുതാൻ കഴിവുള്ളതാണ്.

താഴെ കാണിച്ച ചിത്രത്തിലെപ്പോലെ കുട്ടികളെല്ലാം ഗുരുവിൻെറ മുമ്പിൽ വരിവരിയായി മരപ്പലക

മേൽ ഇരിക്കേണം. ഓരോ കുട്ടിക്ക് ഇരിക്കാനുള്ള സ്ഥലം വരവരച്ചു കാണിക്കുന്നത് വളരെ നന്നാകുന്നു. ഗുരുവിന്നു സുഖമായി നടപ്പാനും കുട്ടികൾ എഴുതിയതും മററും പരിശോധിപ്പാനും വേണ്ടുന്ന സ്ഥലം വരികൾക്കു നടുവിൽ വിട്ടിരിക്കേണം. ഗുരുവിന്നു ഒരു നോട്ടത്തിൽ എല്ലാ കുട്ടികളെയും കാണത്തക്കവണ്ണം കുട്ടികളെ ഇരുത്തേണ്ടതും ആകുന്നു.



പലകമേൽ കുട്ടികൾ തിക്കിയിരിപ്പാൻ ഇടയാകരുത. അടുത്തിരിക്കുന്ന കുട്ടികൾക്കു സ്വൈരക്കേടു കൂടാതെ എഴുനീററു നില്ക്കുവാനും ഇരിക്കുവാനും കൈകൾ നീട്ടുകയും മററും ചെയ്വാനും വേണ്ടസൌകര്യം ഒരു കുട്ടിക്കു വേണ്ടതാണ്. പുതുതായി പാഠശാലയിൽ വന്നുചേൎന്നവരെയും ചെറിയവരെയും പഴയ കുട്ടികളുടെ നടുവിൽ ഇരുത്തുകയും പുതുതായിച്ചേൎന്നവൎക്കു വല്ല സഹായവും വേണ്ടിവരുന്നപക്ഷം അതു ചെയ്തുകൊടുപ്പാൻ പഴയവരെ ഉത്സാഹിപ്പിക്കയും ചെയ്ക. ഇതിനാൽ കരുണ കാണിക്കേണമെന്നും ഉപകാരം ചെയ്യേണമെന്നുമുള്ള

വിചാരം കുട്ടികളിൽ ജനിക്കുന്നു. എന്നാൽ കിണ്ടർഗാട്ടൻ അഭ്യാസത്തിൻ താൽപര്യം കുട്ടികൾക്ക അവരവരുടെ ആവശ്യം നിവൃത്തിപ്പാൻ വേണ്ട ത്രാണി അവരവൎക്കുണ്ടാക്കിത്തീൎക്കയാകയാൽ അവശ്യം വേണ്ട സഹായംമാത്രമെ ചെയ്യുകൊടുക്കാവൂ.

ഗുരുവിൻെറ മുമ്പിൽ, ഉപകരണങ്ങൾ വെക്കേണ്ട ആവശ്യത്തിലേക്ക കുട്ടികൾക്ക നല്ലവണ്ണം കാണത്തക്ക വിധം പോക്കം കുറഞ്ഞ ഒരു മേശയും നിലത്ത വരച്ച കാണിക്കാത്തതു വരച്ചു കാണിപ്പാനും എഴുതാനും വേണ്ടി ഒരു കറുത്ത പലകയും വേണ്ടതാകുന്നു. അകാരാദി അക്ഷരപടങ്ങളും ചിത്രങ്ങളും തൂക്കി വെക്കേണ്ടതിന്നായി ഒരു മുക്കാലിച്ചട്ടവും വെക്കേണ്ടതാകുന്നു.

കുട്ടികൾക്കു ഇരിക്കുവാനും മററുമുള്ള സാമാനങ്ങൾ സുഖകരമായിട്ടുള്ളതെങ്കിൽ എത്രയൊ നന്നായി. എന്നാൽ ഇരിക്കുവാൻ ബെഞ്ചാണെങ്കിൽ അത് ചാരുള്ളതായിരിക്കേണ്ടതും കുട്ടികൾ ഇരുന്നാൽ എത്രയൊ ചെറിയ കുട്ടിയുടെ കാലും നിലത്തെത്തേണ്ടതും ബെഞ്ചിന്ന പററിയ പൊക്കത്തിൽ മേശയുണ്ടായിരിക്കേണ്ടതും ആകുന്നു. ഇന്ത്യൻ കിണ്ടർഗാട്ടൻ അഭ്യാസങ്ങളിൽ മിക്കതിലും നിലത്തിരിക്കുന്നതാകുന്നു വളരെ സുഖമായിട്ടുള്ളത്.

തറ ഇഷ്ടക പാകിയതൊ കറുപ്പ ചുണ്ണാമ്പിട്ടതൊ ആണെങ്കിൽ, കുട്ടികൾ ഇരുന്നാൽ മുമ്പിൽ നിലത്ത എഴ

താൻ കഴിയുന്നതിനാൽ സ്സ്റ്റൈറ് വേണമെന്നില്ല. താഴെ പറയുന്ന പാഠങ്ങളിൽ കുട്ടികൾ നിലത്ത പലക മേൽ ഇരിക്കുന്ന പ്രകാരമാകുന്നു കല്പിച്ചിട്ടുള്ളത്.

രാവിലേയും ഉച്ചതിരിഞ്ഞും പാഠം തുടങ്ങുന്നതിന്നു മുമ്പായി കുട്ടികൾ ക്ലാസ്സു മുറിയിൽ ഇരിക്കുന്ന ക്രമപ്രകാരം മറെറാരു മുറിയിൽ വരിവരിയായി നില്ക്കു കയും ഈ നിലയിൽ രാവിലേത്തെ ഒന്നാമതായ പാട്ടു പാടുകയും ചെയ്യേണം. "നിങ്ങളുടെ സ്ഥലത്തേക്ക പോക" എന്നു ഗുരു കല്പിച്ച ഉടനെ, കുട്ടികൾ ക്രമപ്രകാരം നടന്നു പഠിക്കുന്ന മുറിയിൽ അവരവർ ഇരിക്കുന്ന പല കയുടെ മുമ്പിൽ പോയിച്ചേൎന്നു നില്ക്കേണം. എല്ലാ വരും ശരിയായി നില്ക്കുയാണെന്നു കണ്ടാൽ "ഇരിക്ക" എന്നു കല്പിക്ക. കുട്ടികളെ പാഠശാല പിരിഞ്ഞു ക്ലാസ്സിൽ നിന്നു വിട്ടയക്കുമ്പോഴും ഈ ക്രമംതന്നെ അനുസരി ക്കേണ്ടതാകുന്നു. കുട്ടികളെ ക്രമപ്പെടുത്തുന്നതു പിടിച്ചു വലിച്ചോ തള്ളീട്ടോ ചെയ്യരുത്. കല്പനകേട്ടനുസരിച്ചു പ്രവൃത്തിപ്പാൻ അവരെ ശീലിപ്പിക്ക. ഇങ്ങിനെ ശീലിപ്പിച്ചാൽ ശ്രദ്ധയും അനുസരണവും അവക്കു ശീലമാകും. അവരുടെ ബുദ്ധിക്കു പുഷ്ടി കൂടുകയും ചെയ്യും.

ശിശുതരത്തിന്ന് മതിരാശി എഡ്യുകേഷൻ ഡിപാട്ട്മെണ്ട് ആവശ്യപ്പെടുന്നത്

ഏതെന്നാൽ :—

വിഷയപാഠങ്ങൾ: — (*a*) 1. വീട്ടുസാമാനങ്ങൾ. എഴുത്തു പള്ളിയിലെ സാമാനങ്ങൾ, ഉടുക്കാനുള്ള സാധനങ്ങൾ, ആ സ്ഥലത്തു ചെയ്യുവരുന്ന സാധാരണ തൊഴിലിന്ന് ഉപയോഗിക്കുന്ന പണി ആയുധങ്ങളും കരണങ്ങളും, ഇവ, എന്നിങ്ങിനെ ദിവസേന പരുമാറുന്നതൊ പരിചയിച്ചു പോരുന്നതൊ ആയ സാധനങ്ങളൊ 2. കണ്ടുപോരുന്ന ജന്തുക്കളെയൊ ജന്തുസംബന്ധമായ ഉൽഭവങ്ങളൊ 3. പരിചയമുള്ള ചെടികളൊ സസ്യസംബന്ധമായ ഉൽഭവങ്ങളൊ, ചിത്രത്തിൽ നിന്നൊ സ്വരൂപിച്ചു വെച്ചതിൽ നിന്നൊ ചൂണ്ടിക്കാണിക്കയും പേർ പറകയും ചെയ്യു.

ഈ ഓരോ വർഗ്ഗത്തിൽ നന്നാലായി ആകെ പന്ത്രണ്ടു പാഠങ്ങൾ ഒരുക്കേണ്ടതാകുന്നു.

(*b*) പഠിച്ച സാധനങ്ങളുടെ വലിപ്പം, രൂപം, നിറം, ഉപയോഗം എന്നിവ നല്ലവണ്ണം മനസ്സിലാക്കാകുന്നതായ ഗുണങ്ങളെപ്പററി ഒരുക്കിയ പാഠങ്ങളിലുള്ള വളരെ എളുപ്പമായ ചോദ്യങ്ങൾക്ക് ഉത്തരം പറക.

കിണ്ടർഗാട്ടൻ അഭ്യാസം:—(*a*) പരീക്ഷിക്കുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽവെച്ചു മൂന്ന് അഭ്യാസങ്ങൾചെയ്യു.

(b) ഉപയോഗിച്ച സാധനങ്ങളുടെ രൂപം, നിറം എന്നവയും നല്ലവണ്ണം മനസ്സിലാക്കാകുന്ന മററു കാൎയ്യങ്ങളെയും ആ സാധനങ്ങൾക്കും മററു സാധനങ്ങൾക്കും തമ്മിലുള്ള സാദൃശ്യം ഭേദം ഇവകളെയും പററിയുള്ള എളുപ്പമായ ചോദ്യങ്ങൾക്ക ഉത്തരം പറക.

അഭിനയ ഗീതങ്ങൾ.—മൂന്ന് പാട്ടുകൾ പഠിച്ചിരിക്കേണം.

പരീക്ഷിക്കുന്ന ഉദ്യോഗസ്ഥന്ന വേണ്ടി പന്ത്രണ്ടു വിഷയ പാഠങ്ങളും മൂന്നു അഭ്യാസങ്ങളും മൂന്നു പാട്ടുകളും മാത്രം അഭ്യസിച്ചാൽ മതിയാകുന്നതാണെങ്കിലും 15 വിഷയപാഠങ്ങളും നാലഭ്യാസങ്ങളും എട്ടു പാട്ടുകളും ഇതിന്നു വഴിയെ തന്നിട്ടുണ്ട്. ഇത് തെരിഞ്ഞെടുക്കേണ്ടതിന്ന് സൌകൎയ്യം ഉണ്ടാക്കിത്തീൎക്കുന്നു. അതു മാത്രമല്ല വിഷയ പാഠങ്ങൾക്ക എത്രയൊ ഏറെ ദൃഷ്ടാന്തങ്ങൾ തരികയും ചെയ്തിട്ടുണ്ട്. വിഷയ പാഠങ്ങളിൽ നിയമപ്രകാരം ആവശ്യപ്പെടുന്നതിൽ കുറെ ഏറെ പറഞ്ഞിട്ടും ഉണ്ട്. ജന്തുക്കളുടെ ഭക്ഷണവും സ്വഭാവവും നിയമത്താൽ ആവശ്യപ്പെടാത്തതാണ്.

വിഷയ പാഠങ്ങൾ.

1. പശു.	6. അരി.	11. വെള്ളി.
2. എരുമ.	7. കരിമ്പ.	12. ഉപ്പ.
3. പൂച്ച.	8. വഴുതിനിങ്ങ.	13. സ്ലെയററ്.
4. നായ.	9. വാഴക്കായ,	14. പുസ്തകം.
5. തത്ത.	10. പൊന്നു.	15. കൈ.

അഭ്യാസം.

1. വിത്തു നിരത്തുക.
2. ഓലയിൽ കുത്തിത്തുളക്കയും തുന്നുകയും.
3. ചെറുകോൽ നിരത്തുക.
4. കല്ലാക്കുരു കോൎക്കുക.

അഭിനയ ഗീതം.

1. പശു.
2. പൂച്ചയും എലികളും.
3. കൃഷി.
4. അങ്ങാടി.
5. കൈ.
6. ഘടികാരം.
7. നായ്.
8. അണ്ണാൻ.

മേൽപറഞ്ഞ വിഷയപാഠങ്ങൾ പഠിപ്പിക്കേണ്ട ക്രമം.

പശുവിനെപ്പററിയുള്ള പാഠത്തിന്മേൽ പാഠക്കുറിപ്പ്.

സമയം.—അരമണിക്കൂർ.

കുട്ടികളുടെ മുന്നറിവ്. വീട്ടിലും തെരുവീഥിയിലും മററും പശുക്കളെക്കണ്ടിട്ടുള്ള ഒരുവിധം ദൃഢമല്ലാത്ത അറിവ്.

ഉന്നം, താൽപൎയ്യം. — പശുവിന്റെ ശരീരാംശങ്ങൾ, ഭക്ഷണം, ഉപയോഗം, ഇവയെപ്പററി ദൃഢവും

വ്യക്തവുമായ അറിവ് കുട്ടികൾക്കുണ്ടാക്കിത്തീൎക്ക; സൂക്ഷിച്ചു നോക്കി ഗ്രഹിക്കേണ്ട ശക്തിയും ജന്തു വിഷയമായ ദയയും സ്നേഹവും പോഷിപ്പിക്കയും ചെയ്ക.

ഉപകരണം.—പശുവിൻെറ ചിത്രമൊ പ്രതിമയൊ ഇതും ഒരു കുതിരയുടേതും, പാൽ, അല്പം പുല്ല്, വൈക്കോൽ, മുതിര, പരുത്തിക്കുരു, വെണ്ണ, മോർ ഇവയും.

വിഷയം.	ക്രമം.
പേർ. പശു.	ചിത്രമൊ പ്രതിമയൊ കുട്ടികൾക്കു കാട്ടിക്കൊടുത്തു ആ ജന്തുവിൻെറ പേർ അവരെക്കൊണ്ടു പറയിക്കുവാൻ നോക്ക. ചിത്രം ക്ലാസ്സിലുള്ള കുട്ടികൾക്ക് എതിരായി മുക്കാലിയിന്മേൽ തൂക്കി വെക്ക.
അംശങ്ങൾ. തല. ഉടൽ. കണ്ണു. വാൽ. കൊമ്പ്. നാലുകാൽ. ചെവി. കുളമ്പ്.	പല ശരീരാംശങ്ങൾ പറഞ്ഞുകൊടുക്ക. കുട്ടികൾ ഒരോന്നോരോന്നായി അടുത്തുവന്നു അവ ചൂണ്ടിക്കാണിക്കട്ടെ. അതാതു അംശങ്ങൾ ചൂണ്ടിക്കാണിക്ക. അവർ പേർ പറയട്ടെ.

വിഷയം.	ക്രമം.
മുഖം.	
നിറം.	
വെളുപ്പ്. തവിട്ടുനിറം. കറുപ്പ്.	പശുവിന്റെ നിറമെല്ലാം ചോദ്യംചെയ്തു കുട്ടികളെക്കൊണ്ടു പറയിക്ക.
പശുവിന്നും കുതിരക്കും തമ്മിലുള്ള സാദൃശ്യവും ഭേദവും.	കുതിരയുടെ ഒരു ചിത്രം കാണിച്ചു കൊടുത്തു കൊമ്പൊഴികെ പശുവിന്നുള്ള എല്ലാ ഭാഗവും കുതിരക്കുണ്ടെന്നു ചോദ്യം ചോദിച്ചു കുട്ടികൾ നോക്കി മനസ്സിലാക്കട്ടെ.
ഭക്ഷണം.	
മുതിര. പുല്ല്. വൈക്കോൽ. പരുത്തിക്കുരു.	പശു തിന്നുന്നതെന്തെല്ലാമെന്നു ചോദ്യംചെയ്തു കുട്ടികളെക്കൊണ്ടു പറയിക്ക. ഭക്ഷണ സാധനങ്ങൾ കാട്ടിക്കൊടുക്ക, മുതിരയും പുല്ലുമാണ് പശുവിന്നു വളരെ പ്രിയമെന്നും പുല്ലുകൊണ്ട് അതിന്ന് പുഷ്ടിയുണ്ടാകുന്നെന്നും പറഞ്ഞുകൊടുക്ക. പശുവിന്റെ നേരെ ദയയും അതിന്നു ഭക്ഷണം കൊടുപ്പാൻ ഇഷ്ടവും ഉണ്ടാക്കിക്ക.

വിഷയം.	ക്രമം.
പശുക്കുട്ടി.	പശുവിൻെറ ചെറു കുട്ടിക്കു പശുക്കുട്ടി, കിടാവ, കന്നുകുട്ടി, എന്നിങ്ങിനെ പറയുംമെന്നു അവരെക്കൊണ്ടു പറയിക്ക, പരുത്തിക്കുരുവും മററു നല്ല ഭക്ഷണവും തീൻകൊടുത്താൽ അതിൻെറ ഉടമസ്ഥനും അതിൻെറ കുട്ടിക്കും ധാരാളം പാൽ കിട്ടുന്നതാണെന്നും പറഞ്ഞുകൊടുക്ക. കുടിപ്പാൻ ധാരാളം പാൽ കിട്ടുന്നില്ലെങ്കിൽ പശുക്കുട്ടി വിശന്നു ബുദ്ധിമുട്ടുമെന്നും മെലിഞ്ഞുപോകുമെന്നും പറഞ്ഞുകൊടുത്തു അതിൻെറനേരെ കുട്ടികൾക്ക് ദയ ജനിപ്പിക്ക.
സ്വഭാവം ശീലം. മേഞ്ഞുതിന്നുക. അയവിറക്കുക. രാത്രി ആലയിൽ കൂട്ടുക.	പശുക്കളെ രാവിലെ പുറത്തതെളിച്ചു കൊണ്ടുപോകുന്നെന്നും പകൽവെളി ഭൂമിയിൽ പുല്ലുമേഞ്ഞു തിന്നശേഷം ഒരേടത്തു കിടന്നു വളരെ നേരം അയവിറക്കുകയും അന്തിക്ക് ആലയിൽ കൂട്ടുവാൻ മടങ്ങിപ്പോകുന്നുവെന്നും ചോദ്യം ചെയ്തു അവരെക്കൊണ്ടു പറയിക്ക.

വിഷയം.	ക്രമം.
ഉപയോഗം. പാൽ നൽകുന്നു.	പാൽ കാട്ടിക്കൊടുക്ക. പശുവിൽനിന്നു പാൽ കിട്ടുന്നുവെന്നു അവരെക്കൊണ്ടു പറയിക്കയൊ അവൎക്കു പറഞ്ഞുകൊടുക്കയൊ ചെയ്ക. പാൽ ഏതാനും കുടിപ്പാൻ ഉപയോഗിക്കയും ഏതാനും കടഞ്ഞു വെണ്ണയും മോരും കിട്ടുവാൻ ഉപയോഗിക്കുകയും ചെയ്യുന്നു. പശു വളരെ ഉപയോഗമുള്ള ജന്തുവെന്നു അവൎക്കു ബോദ്ധ്യം ഉണ്ടാക്കിക്കയും അവർ അതിനോടും പശുക്കുട്ടിയോടും ദയ കാണിക്കേണ്ടതെന്നു മനസ്സിലാക്കിക്കയും ചെയ്ക.
പരീക്ഷ.	പഠിപ്പിച്ചതെല്ലാം ചോദ്യം ചെയ്തു പരീക്ഷിക്ക.

എരുമയെപ്പറ്റിയുള്ള പാഠം.

സമയം.—അരമണിക്കൂർ.

കുട്ടികൾക്കു മുമ്പുള്ള അറിവ്.— എരുമയെപ്പറ്റി വ്യക്തമല്ലാത്ത അറിവ്.

താൽപര്യം.—പശുവിനെപ്പറ്റി മുൻ പാഠത്തിൽ പറഞ്ഞവിധം.

ഉപകരണം.— എരുമയുടെ ചിത്രവും പുല്ല്, വൈക്കോൽ, പിണ്ണാക്ക് എന്നിങ്ങിനെയുള്ള അതിൻെറ ഭക്ഷണ മാതൃകകളും.

"ശരീരാംശങ്ങൾ" എന്നതിൻകീഴ് പശു എരുമ ഇവക്ക് തമ്മിലുള്ള സാദൃശ്യവും ഭേദവും കുട്ടികൾ മനസ്സിലാക്കട്ടെ. എങ്ങിനെയെന്നാൽ പശുവിൻ കൊമ്പുകളേക്കാൾ എരുമയുടെ കൊമ്പുകൾ താണു കിടക്കുന്നെന്നും പശുക്കൾ പല നിറത്തിൽ ആയിരിക്കെ എരുമയുടെ നിറം കറുത്താണെന്നും അതിന്നു പശുവിന്നുള്ളത്ര രോമം ശരീരത്തിലില്ലെന്നും കുട്ടികൾ മനസ്സിലാക്കേണ്ടതിന്നു നോക്ക. സ്വഭാവത്തെക്കുറിച്ചു പറയുന്നതിൽ, വെള്ളത്തിൽ കിടന്നുരുളുവാൻ എരുമക്കുള്ള ഇഷ്ടത്തെക്കുറിച്ചു മുഖ്യമായി പറഞ്ഞുകൊടുക്കയും ഉഷ്ണകാലത്തു കുട്ടികൾക്ക് കുളിപ്പാനുള്ള രസം പറഞ്ഞു ആവഴിയായി അതിൻെറ നേരെ ദയ ജനിപ്പിക്കയും ചെയ്ക.

പൂച്ച, നായ് തത്ത ഇവയെക്കൊണ്ടുള്ള 3-ം, 4-ം, 5-ം പാഠങ്ങളിൽ പശുവിനെപ്പററിയുള്ള പാഠത്തിൽ പറഞ്ഞപ്രകാരം പ്രവൃത്തിക്ക. "അംശങ്ങളെ"ക്കുറിച്ചു പറയുമ്പോൾ മേൽ വിവരിച്ച ജന്തുക്കളോടു അവക്കുള്ള സാമ്യഭേദങ്ങൾ ഇന്നിന്നതെല്ലാമെന്ന് സൂക്ഷിച്ചു പറയട്ടെ. ഓരോ ജന്തുവിന്നുള്ള മുഖ്യലക്ഷണത്തെപ്പററി വിവരിക്ക; എങ്ങിനെയെന്നാൽ പൂച്ചയുടെ കണ്ണിന്നുള്ള വിശേഷം കുട്ടികൾ ശ്രദ്ധിച്ചു മനസ്സിലാക്കട്ടെ. പകൽ സമയം പൂച്ച കണ്ണു നല്ലവണ്ണം തുറക്കുന്നില്ലെന്നും വൈ

കുന്നേരം ആയാൽ നല്ലവണ്ണം കണ്ണു തുറക്കുന്നെന്നും അവരെക്കൊണ്ടു മനസ്സിലാക്കിക്ക. ഇരുട്ടിൽ അതിന്നു നല്ലവണ്ണം കാണ്മാൻ കഴിയുമെന്നും അത് എലികളെ പ്പിടിക്കുന്നത് അപ്പോഴാണെന്നും ഗ്രഹിപ്പിക്ക. പൂച്ച ശരീരം വൃത്തിയാക്കിവെക്കുന്നതിൽ വളരെ സമയം കഴിക്കുന്നുവെന്നും അതിൻെറ ശരീരം എത്ര വൃത്തി യായിരിക്കുന്നുവെന്നും അവരുടെ ദൃഷ്ടിയിൽ കൊണ്ടു വരികയും ചെയ്ക. നായ്ക്കു് വളരെ ചെവിടോൎമ്മയും സ്വാമിഭക്തിയും ഉണ്ടെന്നും, അതു ഹേതുവായി അത് രാത്രി കള്ളന്മാരിൽ നിന്നു വീടു രക്ഷിപ്പാൻ ഉപകരിക്കു ന്നെന്നും ചോദ്യംചെയ്തു കുട്ടികളെക്കൊണ്ടു മനസ്സിലാ ക്കിക്ക. തത്തയെക്കൊണ്ടുള്ള പാഠത്തിൽ ശബ്ദം അനു കരിപ്പാനുള്ള അതിൻെറ സാമൎത്ഥ്യം വിവരിച്ചുകൊടുക്ക. പൂച്ചയെക്കുറിച്ചുള്ള പാഠം കഴിഞ്ഞശേഷം വിത്തുനിര ത്തുന്ന പാഠസമയം പൂച്ചയുടെ കണ്ണിൻെറ ആകൃതി യിൽ വിത്തുനിരത്തേണം. പാട്ടു പാടുന്ന പാഠസമയം "പൂച്ചയും എലികളും" എന്ന പാട്ടു പാടേണം. നായെപ്പ റ്റിയുള്ള പാഠം കഴിഞ്ഞശേഷം കോൽ വെക്കുന്ന പാഠ സമയം നായ്ക്കൂടു നിൎമ്മിക്കേണം. തത്തയെപ്പററിയുള്ള പാഠം കഴിഞ്ഞശേഷം ചാക്കിന്മേൽ മുട്ടയുടെ ആകൃതി യിൽ വിത്തുനിരത്തേണം; കോൽകൊണ്ടു തത്ത ക്കൂടു ണ്ടാക്കേണം. മണികോൎക്കുന്ന പാഠസമയം തത്തയുടെ ചിറകിൻ നിറത്തിലുള്ള മണികോൎക്കേണം.

അരിയെപ്പററിയുള്ള പാഠം.

സമയം.—അരമണിക്കൂർ.

കുട്ടികൾക്കു മുമ്പുള്ള അറിവ്.—ചോററിൻ രുചിയും നിറവും.

താൽപര്യം.—അരിവെന്ത ശേഷവും വേവിക്കുന്നതിന്നുമ്പെയും ഉള്ള പ്രകൃതം വ്യക്തമായി കുട്ടികളെ ഗ്രഹിപ്പിക്ക. ശ്രദ്ധവെക്കയും സൂക്ഷിച്ചു നോക്കി മനസ്സിലാക്കയും ചെയ്യാനുള്ള ശക്തി അവക്കു ഉണ്ടാക്കിക്കയും ചെയ്യു.

ഉപകരണങ്ങൾ.—ചോറ്, അരി, വിളഞ്ഞനെൽകതിർ, ഒരു നെൽ ചെടി.

വിഷയം.	ക്രമം.
പേർ. വേവിച്ച അരി.	നാം കഴിക്കുന്ന ഭക്ഷണപദാൎത്ഥം എന്തെല്ലാമെന്നു കുട്ടികളോടു ചോദിക്ക. ചോറ് എന്നു പറയുന്നവരെ അവരെക്കൊണ്ടു ആവക പറയിക്ക. അന്നം കാണിച്ചു അതിൻെറ പേർ പറയിക്ക.
വേവിച്ച അരിയുടെ ഗുണം. വെളുപ്പ്. മൃദു.	കുട്ടികൾ അതു കയ്യിൽ എടുത്ത് നല്ലവണ്ണം നോക്കി ഗ്രഹിച്ചശേഷം അതിൻെറ ഗുണങ്ങൾ പറയിക്ക.

വിഷയം.	ക്രമം.
വേവിക്കാത്ത അരിയുടെ ഗുണം. മഞ്ഞ. ഉറപ്പ്. വെവ്വേറായിരിക്ക.	കഴിക്കുന്നതിന്നുമ്പെ അമ്മ അതു കൊണ്ടു എന്തെല്ലാം ചെയ്യുന്നുവെന്നു കുട്ടികളോടു ചോദിക്ക. വേവിക്കും മുമ്പെ അതിന്റെ ആകൃതി ആവിധം തന്നെ ആയിരുന്നൊ എന്നു ചോദിക്ക. അരി കുട്ടികൾക്കു കാട്ടി അതു സൂക്ഷിച്ചു നോക്കിയും തൊട്ടുനോക്കിയും അതിന്റെ ഗുണങ്ങൾ അവരെക്കൊണ്ടു പറയിക്ക.
ഉപയോഗം. തിന്മാൻ (ഉണ്ണുവാൻ.) കളംവരക്കാനും മറ്റും (കോലം നിൎമ്മിക്കുവാൻ.) എവിടുന്നു കിട്ടുന്നൊന്നു്.	അരി നമുക്കു ആഹാരമായും അരിപ്പൊടി കളമിടാനും വല്ല രൂപവും നിൎമ്മിക്കുവാനും ഉപകരിക്കുന്നുവെന്നു ചോദ്യംചെയ്തു പറയിക്ക. അരി അങ്ങാടിയിൽ നിന്നു വാങ്ങുന്നുവെന്നു ചോദ്യംചെയ്തു അവരെക്കൊണ്ടു പറയിക്ക. അതു കൃഷിചെയ്തുണ്ടാക്കുന്ന വയലിൽ നിന്നു അങ്ങാടിയിൽകൊണ്ടു ചെല്ലുന്നതാണെന്നു ചോദ്യംകൊണ്ടു ജനിപ്പിക്കയൊ പറഞ്ഞുകൊടുക്കയൊ ചെയ്ക.

വിഷയം.	ക്രമം.
ഉല്പത്തി.	വിളഞ്ഞ കതിരും പഴുത്ത നെൽ ചെടിയും കാണിക്ക അതു ഉണ്ടാകുന്നതു വയലിൽ എന്ന പറഞ്ഞുകൊടുക്കയൊ ചോദ്യംകൊണ്ടു ഗ്രഹിപ്പിക്കയൊ ചെയ്ക.
പരീക്ഷ.	മേൽപറഞ്ഞതിൽ ചോദ്യം ചോദിക്ക.

വാഴയെപ്പററി.

സമയം.—അരമണിക്കൂർ.

കുട്ടികൾക്കു മുമ്പുള്ള അറിവു.—വാഴപ്പഴത്തിൻ രുചിയും കാഴ്ചയും.

ഉദ്ദേശം. — അരിയെക്കുറിച്ചു പഠിപ്പിച്ച പ്രകാരം. എന്നാൽ വേവിച്ചതും വേവിക്കാത്തതും ആയ അരിക്കുപകരം പച്ചയും പഴുത്തതും ആയ കായ സ്വരൂപിക്കേണം.

ഉപകരണം.—മഞ്ഞനിറമുള്ള പലേ പഴങ്ങൾ. പഴുക്കാത്ത പല പച്ചകായ്കൾ. ഒരു നെൽ കതിർ, ഒരു ചെറുവാഴക്കന്നു.

വിഷയം.	ക്രമം.
പേർ. പഴുത്ത പഴം.	പഴം കാണിച്ചു കൊടുത്തു കുട്ടികളോടു അതിൻ പേർ പറവാൻ പറക.
ഗുണം. മഞ്ഞ. നീണ്ടു. ഓരോ അററം കൂൎത്ത. ഏതാണ്ടു പതമായി.	കുട്ടികൾ പഴം കയ്യിലെടുത്തു പരിശോധിച്ചു അതിന്നുള്ള ഗുണങ്ങൾ പറയട്ടെ.
അംശങ്ങൾ. തോൽ. ഇറച്ചി. ചെറുകുരു.	കുട്ടികൾ തോൽ ഉരിച്ചു അംശങ്ങളുടെ പേർ പറയട്ടെ.
പഴുത്തും പച്ചയും ആയ കായ്കൾ തമ്മിലുള്ള ഭേദാഭേദം. പഴുത്ത. പച്ച. സാധാരണ മഞ്ഞയൊ ചുകപ്പൊ. സാധാരണ പച്ചനിറം.	പഴുത്തതും പഴക്കാത്തതും ആയ കായ്കൾ കാണിച്ചുകൊടുക്ക. കുട്ടികൾ കയ്യിലെടുത്തു സൂക്ഷിച്ചു നോക്കി തോൽ ഉരിക്കട്ടെ. ചോദ്യം ചോദിച്ചു പച്ചക്കും പഴുത്തതിന്നും തമ്മിലുള്ള ഭേദാഭേദം അവരെക്കൊണ്ടു പറയിക്ക.

വിഷയം.	ക്രമം.
പതം പതമായി. ഉറപ്പുള്ളത. തോൽ എളുപ്പം ഉരിക്കാം. തോൽ കഴമ്പോടു പററും. മധുരിക്കും. രുചിയില്ലാതെയൊ ചവൎപ്പായൊ ഇരിക്കും.	
നെൽ കതിരും വാഴക്കയും തമ്മിലുള്ള ഭേദാഭേദം.	ഒരു നെൽകതിരും വാഴക്കായും കാണിച്ചു അന്യോന്യമുള്ള ഭേദാഭേദം ചോദ്യം ചെയ്തു അവരെക്കൊണ്ടു പറയിക്ക.
കായ. നെൽകതിർ. വലുത. ചെറുത. മുഴുവനും ഒന്നിച്ചു. മണിയായിവേർ പിരിഞ്ഞു. മഞ്ഞ. മഞ്ഞ. തോൽ മൂടീട്ടു്. തുളി മൂടീട്ടു്.	
ഉപയോഗം. പചിക്കാതെ തിന്മാൻ. കറിയാക്കിക്കഴിപ്പാൻ.	പഴത്തതു പചിക്കാതെയും പച്ചപാകം ചെയ്തിട്ടും

വിഷയം.	ക്രമം.
	തിന്നുന്നുവെന്നു ചോദ്യം ചെയ്തു കുട്ടികളെക്കൊണ്ടു പറയിക്കു.
ഉത്പത്തി.	ചെറു വാഴക്കന്നു കാണിക്ക. വാഴമേൽ അതു കുലച്ചുണ്ടാകുന്നുവെന്നു ചോദ്യം ചെയ്തു അവരെക്കൊണ്ടു പറയിക്കയൊ പറഞ്ഞുകൊടുക്കയൊ ചെയ്യു.

വഴുതിനിങ്ങ, കരിമ്പ എന്നവറെറക്കുറിച്ചുള്ള 8-ം, 9-ം പാഠങ്ങളും വാഴക്കായെപ്പററിയുള്ള പാഠപ്രകാരം തന്നെയാണ് വേണ്ടത്. മുമ്പു പഠിപ്പിച്ച സസ്യവർഗ്ഗങ്ങളുമായി അവക്കുള്ള സാദൃശ്യവും ഭേദവും സാമാന്യമായി കാണിക്കയും ചെയ്യു.

പൊന്നിനെപ്പററിയുള്ള പാഠം.

സമയം.—അരമണിക്കൂർ.

കുട്ടികൾക്ക് മുമ്പുള്ള അറിവു. — പൊന്നുകൊണ്ടുള്ള ആഭരണം കണ്ടതു.

ഉദ്ദേശം.—പൊന്നിൻ പേർ, മുഖ്യഗുണം, ഉപയോഗം ഇവ പഠിപ്പിക്കയും കുട്ടികളുടെ സൂക്ഷ്മഗ്രഹണം ശ്രദ്ധ ഇൗ ശക്തി പ്രവൃത്തിപ്പിക്കയും ചെയ്യുന്നത്.

ഉപകരണം.—പൊൻവള, അതേ വലിപ്പമുള്ള കുപ്പിവള, ഒരു പൊൻ നാണയം, അതേ അളവിലുള്ള കടലാസ്സുട്ടയുടെ കണ്ടം. കഴിവുണ്ടെങ്കിൽ, പൊൻ പൊടിയുള്ള ഒരു കണ്ടം കല്ല, ചാക്കിൻ കണ്ടം, ഒരു മുട്ടുസൂചി ഇവകളും.

വിഷയം.	ക്രമം.
പേർ.	പൊൻവളയും നാണയവും കുട്ടികൾക്കു കാട്ടി ഓരോന്നു എന്തുകൊണ്ടുണ്ടാക്കിയതെന്നു ചോദിക്ക. കുട്ടികൾക്കറിഞ്ഞുകൂടയെങ്കിൽ പറഞ്ഞുകൊടുക്ക.
മുഖ്യ ഗുണങ്ങൾ.	
മഞ്ഞവർണ്ണം (വാഴപ്പഴവും മധുരനാരങ്ങയും പോലെ.)	കുട്ടികളെക്കൊണ്ടു നിറത്തിൻ പേർ പറയിക്ക. അതേ വർണ്ണം ഏതു ഫലങ്ങൾക്കാണുള്ളതെന്നു ചോദിക്ക.
ഘനമുള്ള.	പൊൻവളയും കുപ്പിവളയും കാണിച്ചു വലിപ്പമേറിയതേതെന്നു ചോദിക്ക. കുട്ടികൾ തെറ്റിപ്പറഞ്ഞുപോയാൽ ഒന്നു മറേറതിന്മേൽ ഒപ്പിച്ചുവെച്ചു ഒപ്പം എന്നു കാണിച്ചുകൊടുക്ക. പിന്നെ കുട്ടികൾ അവ

വിഷയം.	ക്രമം.
	കയ്യിൽ എടുത്തു തൂക്കി നോക്കി ഘനം ഏറിയതേതിന്നെന്നു പറയട്ടെ.
ഉറപ്പ.	അങ്ങിനെ തന്നെ നാണയവും കടലാസ്സിൻ ചക്രവുംകൊണ്ടും ചെയ്യൂ. പൊന്നു ഘനം ഏറിയതൊ കുറഞ്ഞതൊ എന്നു കുട്ടികൾ പിന്നെ പറയട്ടെ. ചോക്കിൻ കണ്ടത്തിൽ മൊട്ടുസൂചി കുട്ടികൾ തറപ്പിക്കട്ടെ. പിന്നെ പൊൻവള പൊൻ നാണയം ഇവ മൊട്ടുസൂചികൊണ്ടകുത്തിത്തുളപ്പാൻ കഴിവുണ്ടൊ എന്നു നോക്കട്ടെ. അങ്ങിനെ കഴിയാഞ്ഞാൽ പൊൻ ഉറപ്പുള്ളതൊ പതമുള്ളതൊ എന്നു ചോദിക്ക.
ഉപയോഗം. ആഭരണങ്ങൾ ഉണ്ടാക്കുവാൻ. നാണയം അച്ചടിക്കുവാൻ.	പൊൻകൊണ്ടു ആഭരണങ്ങളും നാണയങ്ങളും ഉണ്ടാക്കുന്നുവെന്നു ചോദ്യംകൊണ്ടു വരുത്തുക. പൊൻകൊണ്ടുണ്ടാക്കിയ ചില ആഭരണങ്ങളുടെയും പൊൻ നാണയങ്ങളുടെയും പേർ അവർ പറയട്ടെ.

വിഷയം.	ക്രമം.
ഉത്ഭവം. ഒരുവിധം കല്ലിൽ അത് അടങ്ങിയിരിക്കുന്നു.	പൊൻപൊടിയുള്ള കല്ല് കാണിച്ചുകൊടുക്ക. പൊൻ ഒരുവക പാറയിൽനിന്നു കിട്ടുന്നു വെന്നു പറഞ്ഞുകൊടുക്ക.
പരീക്ഷ.	മേൽപറഞ്ഞതിൽ പരീക്ഷിക്ക.

വിത്തു നിരത്തുന്ന പിറേറത്ത പാഠത്തിൽ കുട്ടികൾ പൊൻവളയുടെ ആകൃതിയിൽ ചോക്കിന്മേൽ വിത്തു നിരത്തേണം. കടലാസ്സിൽ കുത്തിടുകയും തുന്നുകയും ചെയ്യുന്ന പിറേറത്ത പാഠത്തിൽ ഒരുമോതിരത്തിൻ ആകൃതിയിൽ കുത്തിത്തുളക്കയും പൊൻനിറം കാണിപ്പാൻ മഞ്ഞനിറത്തിലുള്ള നൂൽകൊണ്ടു തുന്നുകയും വേണം. മണികോക്കുന്ന പിറേറത്തെ പാഠത്തിൽ പൊൻ നിറമുള്ള മണികൊണ്ടു കുട്ടികൾ മോതിരമുണ്ടാക്കട്ടെ.

വെള്ളിയെക്കുറിച്ചുള്ള പാഠം.

സമയം.—അരമണിക്കൂർ.

കുട്ടികൾക്കു മുമ്പുള്ള അറിവ്.— വെള്ളി ആഭരണം, വെള്ളിപ്പാത്രവും നാണയവും കണ്ടത.

ഉദ്ദേശം.—സ്വർണ്ണത്തെപ്പററിയുള്ള പാഠപ്രകാരം.

ഉപകരണം. — വെള്ളിപ്പണ്ടങ്ങൾ, നാണയങ്ങൾ (ഉറുപ്പിക ഉൾപ്പെടെ) ഉറുപ്പികയുടെ വട്ടത്തിൽ ആകൃതിയിൽ തടിച്ച കടലാസ്സ്. വെള്ളിപ്പാത്രങ്ങൾ, ഒരുപൌൺ നാണയം. കഴിവുള്ളപക്ഷം കുറെ വെള്ളി അയിരും.

വിഷയം.	ക്രമം.
പേർ.	ഒരു ആഭരണം കാണിച്ച അതു എന്തുകൊണ്ടുണ്ടാക്കിയതെന്ന് കുട്ടികൾ തന്നെ പറയട്ടെ.
മുഖ്യഗുണങ്ങൾ. (ചോറിനെപ്പോലെ) വെളുത്ത.	നിറം കുട്ടികളെക്കൊണ്ടു തന്നെ പറയിക്ക. വെന്താൽ ഏത് ധാന്യത്തിന്ന ആവക നിറമുണ്ടെന്ന് ചോദിക്ക.
ഏതാണ്ട കനത്തു.	ഉറുപ്പികയും കടലാസ്സ വില്ലയും കാട്ടി കുട്ടികൾ ഒന്ന മറേറതിന്മേൽ വെച്ച വട്ടം ശരിയായിരിക്കുന്നുവെന്നു മനസ്സിലാക്കട്ടെ.
	പിന്നെ കുട്ടികൾ ഓരോന്ന് കയ്യിൽ വെച്ച തൂക്കി അവററിൽ ഘനമേറിയതേതെന്ന് നിൎണ്ണയിക്കട്ടെ.
	പൌൺ നാണയം കാട്ടി അതോ ഉറുപ്പികയൊ വലിപ്പമേറിയതെന്ന്

വിഷയം.	ക്രമം.
	കുട്ടികളോടു ചോദിക്ക. വല്ല സംശയവും ഉണ്ടെങ്കിൽ ഒന്ന് മറേറതിന്മേൽ വെച്ചു നോക്കട്ടെ. ഓരോന്ന് കയ്യിലെടുത്തു തൂക്കിനോക്കി ഘനം ഏറിയത് ഏതെന്ന് നിൎണ്ണയിക്കട്ടെ. വെള്ളിയൊ കടലാസ്സുവില്ലയൊ ഘനമേറിയതെന്നു ചോദിക്ക. പിന്നെ പൊന്നൊ വെള്ളിയൊ ഘനമേറിയതെന്ന് ചോദിക്ക.
ഉറപ്പ്.	ചോക്ക്, മുട്ടസൂചി, വെള്ളി ഇവയെക്കൊണ്ടു മുൻപറഞ്ഞ പരീക്ഷ ആവൎത്തിക്ക. വെള്ളി ഉറപ്പേറിയതെങ്കിലും പൊന്നു അത്ര ഉറപ്പുള്ളതല്ലെന്നു പറഞ്ഞുകൊടുക്ക.
ഉപയോഗം. ആഭരണങ്ങൾ, പാത്രങ്ങൾ, നാണയങ്ങൾ ഇവ ഉണ്ടാക്കുവാൻ.	ആഭരണങ്ങൾ, നാണയങ്ങൾ, വെള്ളിപ്പാത്രങ്ങൾ ഇവ എല്ലാം കാട്ടിക്കൊടുത്തു ആ വസ്തുക്കൾ ഉണ്ടാകുവാൻ വെള്ളി ഉപയോഗിക്കുന്നെന്ന് കുട്ടികളെക്കൊണ്ടു പറയിക്ക.

വിഷയം.	ക്രമം.
ഉത്പത്തി. പൊന്നിനെപ്പോലെ ചില പാറകളിൽനിന്നു.	വെള്ളി അയിരുകൾ ചിലതു കാണിച്ചു ചില പാറകളിൽ നിന്നത്രെ അതു കിട്ടുന്നെന്നു കുട്ടികളോടു പറഞ്ഞുകൊടുക്ക. മററെന്തെല്ലാം സാധനങ്ങൾ പാറയിൽനിന്ന് കിട്ടുന്നുവെന്നു അവരോടു ചോദിക്ക.
പരീക്ഷ.	മേൽപറഞ്ഞതിൽ പരീക്ഷിക്ക.

ഉപ്പിനെപ്പററിയുള്ള പാഠത്തിൽ പൊൻ, വെള്ളി, എന്നതിനെപ്പററിയുള്ള പാഠങ്ങളിൽ പറഞ്ഞവിധം തന്നെയാണ് ചെയ്യേണ്ടത്. ഉപ്പിന്നും മേൽപ്പറഞ്ഞ ആ രണ്ടു ലോഹങ്ങൾക്കും, തമ്മിലുള്ള ഭേദാഭേദം വിവരിക്ക. ഒരു പാത്രം വെള്ളത്തിൽ ഉപ്പും മററൊന്നിൽ മണലും ഇട്ടു അല്പനേരം കലുക്കി ഉപ്പു വെള്ളത്തിൽ അലിഞ്ഞു അഴിഞ്ഞുപോകുന്നുവെന്നു പറഞ്ഞുകൊടുക്കയും ഉപ്പ് തീരെ അഴിഞ്ഞുപോയെന്നും. മണൽ അങ്ങിനെതന്നെ നില്ക്കുന്നെന്നും അവരെക്കൊണ്ടു പറയിക്ക.

വിത്തു നിരത്തുന്ന പാഠത്തിൽ വെള്ളിവളയുടെ ആകൃതി കുട്ടികൾ നിർമ്മിക്കട്ടെ.

കുത്തുകയും തുന്നുകയും ചെയ്യുന്ന പാഠത്തിൽ മോതിരരൂപം കുത്തിയുണ്ടാക്കയും വെള്ളിനിറം കാണിപ്പാൻ വെളുത്ത നൂൽകൊണ്ടു തുന്നുകയും ചെയ്യട്ടെ.

കല്ല കോൎക്കുന്നതിൽ, വെള്ളിമോതിരം വെള്ളക്കല്ല കോൎത്തുണ്ടാക്കട്ടെ.

സ്ലെയിററ്.

സമയം.—അരമണിക്കൂർ.

കുട്ടികൾക്കു മുമ്പുള്ള അറിവു. — എഴുത്തുപള്ളിയിൽ കണ്ടു മനസ്സിലാക്കിയ അതിന്നാകൃതിയും ഉപയോഗവും.

ഉപകരണം.—ഒരു സ്ലെയിററു.

വിഷയം.	ക്രമം.
പേർ.	ഒരു സ്ലെയിററു കാണിച്ചു കുട്ടികളെക്കൊണ്ടു അതിൻപേർ പറയിക്ക.
അംശങ്ങൾ.	
2 പുറങ്ങൾ.	ചോദ്യംചെയ്തു സ്ലെയിററിന്നു ഇരുപുറമുണ്ടെന്നു വെളിവാക്ക. കുട്ടികൾ ഇരുപുറവും കാണിക്കട്ടെ.
4 അററങ്ങൾ.	സ്ലെയിററിന്നു നാലു അററമുണ്ടെന്നു ചോദ്യം ചെയ്തു പറയിക്ക. മേലററം, കീഴററം, വലത്തെ അററം, ഇടത്തെ അററം, ഇവ കുട്ടികൾ കാണിക്കട്ടെ.

വിഷയം.	ക്രമം.
4 മൂലകൾ.	ഓരോ സ്ലെയിററിന്ന് നാലു കോണുണ്ടെന്നു ചോദ്യം ചെയ്തു മനസ്സിലാക്കുക.
	വലത്തെ മേൽമൂല, വലത്തെ കീഴ്മൂല, ഇടത്തെ മേൽമൂല, ഇടത്തെ കീഴ്മൂല, ഇവ കുട്ടികൾ കാണിക്കട്ടെ.
ചട്ടം.	സ്ലെയിററിന്ന നാലപുറവും ചട്ടമുണ്ടെന്നും അതു മരം മുറിച്ചു ഈയുണ്ടാക്കിയതെന്നും ചോദ്യം ചെയ്തു പറയിക്ക.
സ്ലെയിററ്.	ചട്ടത്തിൻ നടുവിലേതാകുന്നു സ്ലെയിററു എന്നും ചോദ്യം ചെയ്തു പറയിക്ക. സ്ലെയിററു ഒരുവക കല്ലെന്നു കുട്ടികളോടറിയിക്കയും ചെയ്ക.
വിവരണം.	
നീണ്ടുള്ളത്.	സ്ലെയിററ നീണ്ടും, ചട്ടം തവിട്ടു
മരം തവിട്ടുനിറം.	നിറവും സ്ലെയിററിൻ നിറം കറുപ്പും
സ്ലെയിററ ഏതാനും കറുത്ത്.	ആകുന്നെന്നു ചോദ്യം ചെയ്തു വരുത്തുക.
ഉപയോഗം.	
എഴുതുവാൻ.	സ്ലെയിററ കുട്ടികൾക്കു ആദ്യം എഴുതിപ്പഠിപ്പാനെന്നും നല്ലവണ്ണം

വിഷയം.	ക്രമം.
	എഴുതാൻ ശീലിച്ചാൽ പിന്നെ സ്ലെയിററുപയോഗിക്കാതെ കടലാസ്സിൽ എഴുതുന്നവെന്നും ചോദ്യരൂപേണ ഗ്രഹിപ്പിക്ക.
പരീക്ഷ.	മേൽപറഞ്ഞതിൽ പരീക്ഷിക്ക.

പുസ്തകത്തെപ്പററിയുള്ള പാഠത്തിൽ പറഞ്ഞ പദ്ധതി പ്രകാരം ചെയ്ക.

കയ്യെക്കുറിച്ചുള്ള പാഠം.

സമയം.—അരമണിക്കൂർ.

കുട്ടികൾക്ക് മുമ്പുള്ള അറിവു.—തങ്ങളുടെയും മററുള്ളവരുടെയും കൈകളെക്കുറിച്ചുള്ള ഒരുമാതിരി അറിവു.

ഉദ്ദേശം.—കയ്യുടെ പേർ, അംശങ്ങൾ, ഉപയോഗം ഇവകളു കുട്ടികളുടെ ശ്രദ്ധവെപ്പിക്കയും സൂക്ഷിച്ചു നോക്കിയും ശ്രദ്ധവെച്ചും മനസ്സിലാക്കുന്നശീലം ഉണ്ടാക്കയും ചെയ്വാൻ.

ഉപകരണം.—ഗുരുവിൻെറയും,കുട്ടികളുടെയും കയ്യിൽ കൃഷ്ണമാചാരിയാരുടെ അക്ഷര പുസ്തകത്തിൽ കാണിച്ച കയ്യുടെ ചിത്രം, ഒരു സ്ലെയിററു, ഒരു പെൻസിൽ, ഒരു മൊട്ടുസൂചി ഇവയും.

വിഷയം.	ക്രമം.
പേർ.	നിങ്ങളുടെ വലത്തുകൈ പൊക്കിപ്പിടിച്ചു അതിൻ പേർ ചോദിക്ക.
	പിന്നെ ഇടത്തുകൈ പൊക്കി അതിൻ പേർ എന്തെന്നു ചോദിക്ക.
	തങ്ങളുടെ കൈ പൊക്കുവാൻ കുട്ടികളോടു പറക.
എണ്ണം.	ഓരോരുത്തൎക്കു എത്ര കൈകളുണ്ടെന്നു ചോദിക്ക.
	വലത്തുകൈ പൊക്കുവാൻ പറക.
	ഇടത്തുകൈ പൊക്കുവാൻ പറക.
	(വടിനിരത്തുന്ന പാഠത്തിൽ വലം ഇടം ഇവ പഠിപ്പിച്ചിരിക്കുന്നു.)
അംശങ്ങൾ.	
വിരൽ.	നിങ്ങളുടെ വലത്തുകൈ പൊക്കിപ്പിടിക്ക. എത്ര വിരലുണ്ടെന്നു കുട്ടികൾ എണ്ണി നോക്കട്ടെ.
	ഓരോരുത്തരുടെ വലത്തു കൈക്കു എത്ര വിരലുണ്ടെന്നു എണ്ണി നോക്കുവാൻ അവരോടു പറക.
	ആദ്യക്ഷരങ്ങളുള്ള പുസ്തകത്തിലെ കയ്യുടെ ചിത്രം കാണിക്ക.

വിഷയം.	ക്രമം.
	എത്ര വിരലുകളുണ്ടെന്നു കുട്ടികൾ എണ്ണി നോക്കട്ടെ. വലത്തുകൈക്ക് എത്ര വിരലുണ്ടെന്നു കുട്ടികൾ എണ്ണി നോക്കട്ടെ. ഇടത്തുകൈ വിരലും കുട്ടികൾ എണ്ണി നോക്കട്ടെ. രണ്ടു കൈകൾക്കു ആകെ എത്ര വിരലുണ്ടെന്ന് ചോദിക്ക.
വിരലുകളുടെ പേർ (ഒന്നാം) തള്ള (പെരു) വിരൽ. (രണ്ടാം) ചൂണ്ടു വിരൽ. (മൂന്നാം) നടുവിരൽ. (നാലാം) മോതിരവിരൽ. (അഞ്ചാം) ചെറു വിരൽ.	നിങ്ങളുടെ പെരുവിരൽ കാണിക്ക. എല്ലാററിലും വലിയതാകയാൽ അതിന്നു പെരുവിരലെന്നു പേർ പറയുന്നുവെന്ന മനസ്സിലാക്കയൊ പറയിക്കയൊ ചെയ്യു. ഓരോ വിരലിൻ പേർ പറഞ്ഞു അതു കുട്ടികളോടു കാണിപ്പാൻ പറക. കുട്ടികൾ പിന്നെ ഇടത്തുകൈക്കുള്ള വിരലുകൾ കാണിക്കട്ടെ. അതിന്റെ ശേഷം ചിത്രത്തിലുള്ള വിരലുകളും ചൂണ്ടി കാണിക്കട്ടെ.

വിഷയം.	ക്രമം.
നഖം.	കുട്ടികളോടു വിരലിന്നററത്ത് എന്താണുള്ളതെന്നു നോക്കുവാൻ പറക.
	അതിന്നു നഖമെന്നാകുന്നു പേരെന്നു പറക.
	വലത്തുകൈക്കുള്ള നഖങ്ങളെ എണ്ണുവാൻ പറക.
	ഇടത്തുകൈക്കുള്ള നഖങ്ങളും എണ്ണട്ടെ.
ഉപയോഗം.	
പിടിക്കുവാൻ.	സ്ലെയിററു പിടിക്കുവാൻ ഒരു കുട്ടിയോടു പറക.
വരക്കുവാൻ.	സ്ലെയിററിൽ വരവരക്കുവാൻ മറെറാരു കുട്ടിയോടു പറക.
പെറുക്കി എടുക്കുവാൻ.	ഒരു മൊട്ടസൂചി പെറുക്കി എടുക്കുവാൻ മറെറാന്നിനോടു പറക.
	ചോദ്യംചെയ്യും ഈ പ്രവൃത്തിസൂക്ഷിച്ചും, കൈകൊണ്ടു നമുക്കു പിടിക്കയും വരക്കയും പെറുക്കിയെടുക്കയും ചെയ്യാമെന്നു തെളിയിക്ക.
	കൈകൊണ്ടു ചെയ്യാൻ കഴിയുന്ന മററു പ്രവൃത്തികളും പറവാൻ കുട്ടി

വിഷയം.	ക്രമം.
	കളോട്ടു പറക. ആ പ്രവൃത്തികളെല്ലാം ചോദ്യംചെയ്തു അവരെക്കൊണ്ടു പറയിക്ക.
താഴെയിട്ടുവാൻ.	വിത്തുകൾ, വടികൾ, മററു സാധനങ്ങൾ, ഇവ നിലത്തവെക്ക.
നമ്മെ കഴുകി വെടിപ്പാക്കുവാൻ.	നമ്മെ കഴുകി വെടിപ്പാക്കുവാൻ.
ഭക്ഷണദ്രവ്യം കഴിപ്പാൻ.	ഭക്ഷണദ്രവ്യം കഴിപ്പാൻ.
തുന്നുവാൻ.	തുന്നുവാൻ.
പരീക്ഷ.	മേൽ പറഞ്ഞതിൽ പരീക്ഷിക്ക.

വിത്തുനിരത്തുക.

പ്രവൃത്തിയുടെ സാദ്ധ്യം.

ഈ പ്രവൃത്തിയുടെ സാദ്ധ്യം കുട്ടികൾക്കു എഴുതുവാനൊ വരക്കുവാനൊ കഴിവുണ്ടാകുന്നതിനുമ്പെ രൂപങ്ങളെ നോക്കി അതുപ്രകാരം ഉണ്ടാക്കേണ്ടതിന്ന സാധിപ്പാനും വിനോദകരമായ പ്രവൃത്തി ഉണ്ടാവാനും, പ്രവൃത്തിപ്പാനും അനുകരിപ്പാനുമുള്ള താൽപര്യം പൂരിപ്പാനും,

അവരുടെ ഊഹശക്തി ദൃഢീകരിപ്പാനും, വൃത്തിയും ശീലവ്യവസ്ഥയും അഭ്യസിപ്പിപ്പാനും ആണത്രെ.

ആവശ്യപ്പെടുന്ന ഉപകരണങ്ങൾ.

ഗുരുവിന്നാവശ്യമായി ഒരു കഷ്ണം ചോക്ക്. (എഴുതുന്ന ന്നൂർ.)

താഴെ വരുന്ന പാഠങ്ങൾക്ക ഗുരുവിന്നും കുട്ടികൾക്കും ഉപകരിപ്പാൻ മതിയാകുന്നത്ര പുളിംകുരു ഒരു വലിയ കൊട്ടയിൽ. കുട്ടികൾക്കും ഗുരുവിന്നും ഓരോ ചിരട്ടയും, ചെറിയതരം വിത്തുകളേക്കാൾ നല്ലവണ്ണം എടുപ്പാൻ കഴിവുള്ളതിനാൽ പുളിംകുരുവാകുന്നു വിശേഷമായിട്ടുള്ളത്. അതുമാത്രമല്ല നിലത്തുവെച്ചാൽ പുളിംകുരു ഉരുണ്ടുപോകുന്നതുമല്ല. നിൎവ്വാഹമുള്ള എഴുത്തു പള്ളികളിൽ തേങ്ങച്ചിരട്ടകൾക്കു പകരം ചെറു പെട്ടികളൊ തട്ടുകളൊ ഉപയോഗിക്കാം.

ഇവ കൂട്ടയിലെ പുളിംകുരുവിന്മേൽ വെക്കേണം. എല്ലാ സാധനങ്ങളും വെടിപ്പായി വെക്കേണ്ടതാകുന്നു.

ഒരുക്കം.

കുട്ടികൾ ക്ലാസ്സിൽ വന്നു കൂടും മുമ്പെ, ക്ലാസ്സ് കൂടുന്ന സ്ഥലത്തിന്നു മുമ്പിൽ കുട്ടികൾ നിൎമ്മിക്കേണ്ട രൂപം വലിപ്പത്തിൽ വരക്ക. അതേരൂപം ഓരോ കുട്ടിയുടെ മുമ്പിൽ നിലത്തു ചെറിയതായും വരക്ക.

സാധനങ്ങൾ കുട്ടികൾക്ക കൊടുക്കയും വാങ്ങി സ്വരൂപിക്കയും.

കുട്ടികൾ വന്നിരുന്നാൽ എല്ലാവരും എഴുനീററു നില്പാൻ കല്പിക്ക. പിന്നെ ചിരട്ട അവൎക്ക കൊടുക്കേണം. എങ്ങിനെയെന്നാൽ ഒരു വരിയിലുള്ള ഒന്നാമത്തെ കുട്ടിയുടെ കയ്യിൽ ഒന്നുകൊടുത്തു അതു രണ്ടാമത്തെ കുട്ടിയുടെ വശം കൊടുപ്പാൻ പറക. ആ കുട്ടി അതിനെ മൂന്നാമത്തെ കുട്ടിയുടെ വശവും അതു നാലാമത്തെ കുട്ടിയുടെ വശവും ഇങ്ങിനെ ഒടുവിലേത്ത കുട്ടിക്ക കിട്ടുംവരെ കൊടുക്കട്ടെ. ക്ലാസ്സിലുള്ള എല്ലാ കുട്ടികൾക്കും കിട്ടത്തക്കവണ്ണം ഓരോ വരിയിലുള്ളവൎക്ക ഇതേപ്രകാരം കൊടുക്ക. കുറെ പരിചയംകൊണ്ടു കുട്ടികൾ ഇത വേഗത്തിലും സാമൎത്ഥ്യത്തോടും ചെയ്യയും ചെയ്തു ശീലവും സൌകൎയ്യവും വിശേഷതയും ഉണ്ടാക്കിത്തീൎക്കയും ചെയ്യും. ഇതിൻെറ ശേഷം കുരുനിറച്ച വലിയ കൂട്ട ഓരോ കുട്ടികളുടെ അരികെ എടുത്തുകൊണ്ടു ചെല്ലുകയും ഓരോ കുട്ടി അതിൽനിന്ന ചിരട്ട നിറയ കോരിയെടുക്കയും ചെയ്യട്ടെ. അധികം നിറഞ്ഞുപോയാൽ വീണുപോവാൻ ഇടയുള്ളതിനാൽ നിറച്ചശേഷം കൈകൊണ്ടു വടിക്കേണം. കുരു അകത്തെല്ലാം വിതറിക്കളയാതിരിപ്പാൻ കുട്ടികളെ ശീലിപ്പിക്ക. ചിരട്ട കുരുനിറച്ചു വലത്തുഭാഗം വെക്ക. പാഠം കഴിഞ്ഞാൽ ഓരോ കുട്ടി അതാതിൻെറ കുരു എല്ലാം പെറുക്കിയെടുത്തു ചിരട്ടയിൽ നിറക്കേണം. പിന്നെ

എഴുന്നീററുനിന്നു കയ്യിൽ കുരുവിട്ട ചിരട്ട പിടിച്ചു നില്ക്കേണം. പിന്നെ കൂട്ട ഓരോരുത്തരുടെ അരികത്തു കൊണ്ടു ചെല്ലുകയും ഓരോ കുട്ടി കയ്യിലുള്ള കുരു കോട്ടയിൽ നിലത്തുവീണുപോകാത്ത വിധം ഇടട്ടെ. അതിൻെറ ശേഷം കൊട്ടയും എടുത്തു ഒന്നാമത്തെ വരിയിൽ ഒന്നാമത്തെ കുട്ടിയുടെ അരികെ നില്ക്കു. ഒന്നാമത്തെ കുട്ടി ചിരട്ട അതിൽ ഇടട്ടെ. പിന്നെ രണ്ടാം കുട്ടി അതിൻെറ ചിരട്ട ഒന്നാമത്തേതിൻ വശവും അതിൽ പിന്നെ കൊട്ടയെടുത്ത ആൾ വശവും കൊടുക്കട്ടെ. ഇങ്ങിനെ ആ വരിയിലുള്ളതെല്ലാം കൊട്ടയിൽ ഇട്ടശേഷം രണ്ടാംവരിയിൽ ഉള്ളതും അങ്ങിനെതന്നെ വാങ്ങി കൂട്ടുക. ഇങ്ങിനെയെല്ലാം വാങ്ങി കൂട്ടിയശേഷം കൊട്ടകൊണ്ടുവെക്കയും ചെയ്യു.

കുരുനിരത്തുക.

"അ" എന്ന അക്ഷരത്തെക്കൊണ്ടുള്ള പാഠം.

സമയം.—അരമണിക്കൂർ.

കുട്ടികൾക്കു മുമ്പുള്ള അറിവ.—ഒന്നുമില്ല.

ഉന്നം. — "അ" എന്ന അക്ഷരത്തിൻെറ രൂപവും ഉച്ചാരണവും പഠിപ്പിപ്പാനും ശ്രദ്ധ നോക്കിമനസ്സിലാക്കുന്ന ശക്തി പ്രയോഗിച്ചു വർദ്ധിപ്പിപ്പാനും.

ഉപകരണം.—മേൽ വിവരിച്ചത.

വിഷയം.	ക്രമം.
"അ" എന്നക്ഷരത്തിന്റെ രൂപം.	ക്ലാസ്സിന്നു മുമ്പിൽ വലിയതായി നിലത്തു മുൻകൂട്ടിവരച്ച അക്ഷരം ദൃഷ്ടിവെച്ചു നോക്കാൻ കുട്ടികളോടു പറക. നിങ്ങളാകുന്നു അതു വരച്ചതെന്നു കുട്ടികളോടു പറക. നിങ്ങൾ എവിടുന്നു തുടങ്ങി എവിടെ സമാപ്പിച്ചുവെന്നു കാണിക്ക. ചൂണ്ടിക്കാണിപ്പാനുള്ള വടികൊണ്ടു അതിന്മേലെ ക്രമമായി വരക്ക. അവരവരുടെ മുമ്പിൽ ചെറുതായി വരച്ച അക്ഷരം നോക്കി അതു വലിയ അക്ഷരംപോലെയൊ അല്ലയൊ എന്നു ദൃഷ്ടിവെക്കുവാൻ കുട്ടികളോടു പറക. അതു വലിയതുപോലെ തന്നെയെന്നു അവൎക്കു തെളിവാക്ക. ഓരോ കുട്ടിയോടു കൈവിരൽ കൊണ്ടു അക്ഷരത്തിന്മീതെ എഴുതുവാൻ പറക. തുടങ്ങുന്നതും അവസാനിക്കുന്നതും ശരിയായിട്ടൊ എന്നു നോക്ക.

വിഷയം.	ക്രമം.
“അ”എന്നവലിയതായി എഴുതി അതിന്മേൽ കുരുനിരത്തുക.	ആ അക്ഷരത്രൂപം കുരുകൊണ്ടു നിരത്തിനിറക്കുമെന്നു നിങ്ങൾ പറഞ്ഞു അങ്ങിനെ കുറെ കുരുനിരത്തുക. എത്ര കുരു നിങ്ങൾ നിരത്തിയെന്നു ചോദിക്ക. ഒരു കുട്ടിയെ വിളിച്ചു മൂന്നു കുരു കൂടെ അതിന്മേൽ നിറക്കുവാൻ പറക. മറെറാരു കുട്ടിവന്നു നാലു കുരു വെക്കട്ടെ. ഇങ്ങിനെ അക്ഷരം മുഴുവനും കുരുകൊണ്ടു നിറയുവോളം ചെയ്യിക്ക. ഓരോ കുട്ടി കുരു നിരത്തുമ്പോൾ മറെറല്ലാവരും സംഖ്യ ശരിയായെന്നറിവാൻ എണ്ണട്ടെ.
സാധനം എല്ലാവൎക്കും കൊടുക്കുക.	കുട്ടികൾ എഴുനീററു നില്ക്കട്ടെ. മുമ്പു പറഞ്ഞപ്രകാരം കുരു എല്ലാവൎക്കും കൊടുക്ക. പിന്നെ കുട്ടികൾ ഇരിക്കട്ടെ.
ചെറിയ അക്ഷരത്തിൽ എഴുതിയ “അ” എന്നതിന്മേൽ കുരുനിരത്തുക.	ഒന്നാമത്തെ കുരു എവിടെയാണ് വെക്കുകയെന്ന വിരൽകൊണ്ടു തൊട്ടുകാണിപ്പാൻ ഓരോ കുട്ടിയോടു പറക. അതു ശരിയൊ എന്നു നോക്ക.

വിഷയം.	ക്രമം.
	ആ സ്ഥലത്തു ഒരു കരു വെക്കാൻ എല്ലാവരോടും പറക. അതിന്റെ ശേഷം ക്രമമായി കരു അവർ നിരത്തട്ടെ.
	തീൎന്ന ഉടനെ അവർ എഴുനീററുനില്ക്കാമെന്നു പറക. ആരാകുന്നു ഒന്നാമത നിരത്തി തീൎന്നതെന്ന ഇതുകൊണ്ടു നിങ്ങൾക്കറിയാം.
	ക്ലാസ്സിൽ എങ്ങും നടന്നു കരു ശരിയായി നിരത്തിയിരിക്കുന്നൊ എന്ന നോക്ക. തെററുണ്ടെങ്കിൽ തീൎക്ക. അറിഞ്ഞുകൂടാത്തവൎക്കു സഹായിക്ക.
	ശരിയായിവേഗം ചെയ്യുന്നവരെ ഒന്നു വളൎത്തിപ്പറക. എല്ലാവരും ചെയ്തുതീൎന്നാൽ അവർ കരുകൊണ്ടുണ്ടാക്കിയ രൂപം സൂക്ഷിച്ചുനോക്കുവാൻ പറക.
ഉച്ചാരണം.	വല്ല പുസ്തകത്തിലും ആ രൂപം കണ്ടാൽ അതിന്ന "അ" എന്ന് പേർ എന്ന് അവരോടു പറക.
	കുട്ടികൾ എല്ലാവരും ഒന്നിച്ചു ആ അക്ഷരം ഉച്ചരിക്കട്ടെ.

വിഷയം.	ക്രമം.
	പിന്നെ ഓരോരുത്തരെക്കൊണ്ടു പറയിക്ക.
	പിന്നെ ഉച്ചരിച്ച അക്ഷരം ചൂണ്ടിക്കാണിപ്പാൻ ഓരോ കുട്ടിയോടു പറക.
പരീക്ഷ.	അക്ഷരങ്ങൾ എല്ലാമുള്ള കടലാസ്സു കാണിച്ചു "അ" എന്നക്ഷരം കണ്ടു പിടിപ്പാൻ പറക.
സാധനം തിരിച്ചു വാങ്ങുക.	മുൻപറഞ്ഞവിധം കുരുകുട്ടികൾക്കു കൊടുത്തത തിരിച്ചു വാങ്ങുക.

സ്വരാക്ഷരങ്ങളെപ്പററി വരുന്ന പാഠത്തിൽ, ചോക്കുകൊണ്ടു വരച്ച അക്ഷരത്തിന്മേൽ, കേവലം സഹായം കൂടാതെയൊ അല്പസഹായത്തോടു കൂടിയൊ കുരുനിരത്തട്ടെ. പിന്നെ ഓർത്തു അക്ഷരത്തെ ഉച്ചരിക്കയും ചെയ്യട്ടെ. ഈ ക്രിയ എളുപ്പമായി ചെയ്വാൻ ശീലം വന്നാൽ ചോക്കു വരമാച്ചുകളക. കുട്ടികൾ സ്വരാക്ഷരരൂപം ഓർത്തു അതുപ്രകാരം കുരു നിരത്തേണം. ഇങ്ങിനെ 'അ' എന്നത പഠിച്ചാൽ ആ എന്നതു നിൎമ്മിക്കുവാൻ ശീലിക്കേണം. ക്രമേണ എല്ലാ അക്ഷരങ്ങളും ഈവിധം പഠിപ്പിക്കേണം.

കരുനിരത്തുക.

പുഴയെപ്പററിയുള്ള പാഠം.

സമയം.—അരമണിക്കൂർ.

കുട്ടികളുടെ മുന്നറിവ.—എരുമ പുഴയിൽ പോയ്ക്കിണ്ടുന്നത.

ഉദ്ദേശം.— എരുമയെപ്പററിയുള്ള പാഠം കൊണ്ടുള്ള അറിവ ദൃഢമായി ഉറക്കുവാൻ. കരുനിർത്തി പുഴയുടെ ആകൃതി എങ്ങിനെ വരുത്താമെന്ന കാണിക്കുന്നതിനാൽ. കുട്ടികളുടെ സംകല്പശക്തി നോക്കി ഗ്രഹണശക്തി, ശ്രദ്ധ ഇവക്കു അഭ്യാസബലം ഉണ്ടാക്കുവാൻ.

സാധനം.—സ്വരങ്ങളെപ്പററിയുള്ള പാഠങ്ങളിലെപ്പോലെ.

വിഷയം.	ക്രമം.
എരുമക്ക് പുഴകളോടുള്ള ഇഷ്ടം.	ഒടുവിൽ പഠിച്ചത ഏതു ജന്തുവിനെപ്പററിയെന്ന കുട്ടികളോടു ചോദിക്ക. എരുമക്ക് പുഴയിൽ കിടന്നുരുളുവാൻ വളരെ ഇഷ്ടമെന്ന് ചോദ്യം ചെയ്തു കുട്ടികളെക്കൊണ്ടു പറയിക്ക.
എരുമക്ക്പുഴയോടുള്ള ആഗ്രഹം.	ഒടുവിൽ ഏതു ജന്തുവിനെപ്പററിയാണ അവർ പഠിച്ചതെന്ന കുട്ടിക

വിഷയം.	ക്രമം.
	ളോടു ചോദിക്ക. എരുമ പുഴവെള്ളത്തിൽ കിടന്നുരുളുവാൻ ആഗ്രഹിക്കുന്നുവെന്ന ചോദ്യം ചെയ്തു കുട്ടികളെക്കൊണ്ടു പറയിക്ക.
പുഴയുടെ രൂപം.	ക്ലാസ്സിനുമ്പിൽ ചോക്കുകൊണ്ടു വലുതായി വരച്ച പുഴയുടെ രൂപം നോക്കാൻ കുട്ടികളോടു പറക. ആ വരകൾ ഒരു പുഴയെക്കാണിക്കുന്നുവെന്നു പറഞ്ഞുകൊടുക്കയൊ അവരെക്കൊണ്ടു പറയിക്കയൊ ചെയ്ക.
കരകൾ.	അതു വളഞ്ഞുപോകുന്ന പുഴയെന്നു ചോദ്യം ചെയ്തു പറയിക്ക. അങ്ങിനെതന്നെ അതിന്നു രണ്ടു കരയുണ്ടെന്നും കരകൾക്ക് നടുവിലാണ വെള്ളം എന്നും? ഓരോ കരയും വെള്ളം ഒഴുകുന്ന സ്ഥലവും അവർ കാണിക്കട്ടെ. കുട്ടികൾ പിന്നെ ഒരോന്നായി അടുത്തുവന്നു ക്ലാസ്സിൽ അവർ ഇരിക്കുന്നതിന്നടുത്ത കര സൂചിപ്പിക്കുന്ന വരമേൽ കുരുനിരത്തട്ടെ; പിന്നെ മറ്റു കരമേലും.

വിഷയം.	ക്രമം.
ഉപകരണം എല്ലാവക്കും കൊടുക്കൽ.	മുൻ കല്പിച്ചപ്രകാരമാണ കരുമുതലായത എല്ലാവക്കും കൊടുക്കേണ്ടത. സ്വരാക്ഷരങ്ങളെക്കുറിച്ചു മുമ്പിൽ പറഞ്ഞപ്രകാരം തന്നെ ഇവിടെയും കരു മുതലായത് കൊടുക്കേണം. സ്വരത്തെപ്പററിയുള്ള പാഠത്തിലെപ്പോലെതന്നെ കുട്ടികൾ മുമ്പിലുള്ള വരമേൽ നിരെ കരുനിരത്തട്ടെ. കരയും വെള്ളം ഒഴുകും സ്ഥലവും ചൂണ്ടിക്കാണിപ്പാൻ പറക. അവരവരുടെ മുമ്പിൽ വരച്ച പുഴയിൽ എരുമ ഇറങ്ങിക്കിടക്കുന്നവെന്ന ഏതെങ്കിലും ഒരു സ്ഥലം ഓരോരുത്തർ സങ്കല്പിക്കയും ഇത്ര എരുമ ഇറങ്ങിയിരിക്കുന്നുവെന്ന നിശ്ചയിക്കയും അത്ര സംഖ്യകരു അതിൽ ഇടുകയും ചെയ്യട്ടെ.
പരീക്ഷ.	മുൻപറഞ്ഞതിൽ പരീക്ഷിക്ക.
ഉപകരണം തിരിച്ചു വാങ്ങുക.	മുൻപറഞ്ഞപ്രകാരം കരുക്കൾ തിരിച്ചു വാങ്ങുകയും ചെയ്ക.

വൃത്തം, വഴുതിനിങ്ങ, വാഴക്കായി, കരിമ്പു, പൊൻ, വെള്ളി, കൈ, എന്ന മുൻവിവരിച്ച പാഠങ്ങൾ കഴിഞ്ഞ ശേഷം താഴെ വരച്ച രൂപങ്ങൾ ചോക്കുകൊണ്ടു വരച്ചു കുറുനിരത്തുക.



കയ്യെക്കുറിച്ചുള്ള പാഠത്തിൽ കുട്ടികൾക്കു ഓരോരുത്തൎക്കു ചോക്കു കൊടുക്കുക; അവരവരുടെ ഇടത്തു കൈ നിലത്തിൽ പരത്തിവെച്ചു ചോക്കുകൊണ്ടു അതു തന്താങ്ങൾ തന്നെ നിലത്തു വരക്കട്ടെ. പാഠശാലയിൽ പഠിപ്പിക്കുന്നവർ കുറയുന്നപക്ഷം ശിശുതരത്തിലുള്ളവരെ തനിച്ചു തന്നെ അല്പംവിട്ടു വലിയ ക്ലാസ്സിലുള്ളവരെ പഠിപ്പിക്കേണ്ടിവരും. അങ്ങിനെ ചെയ്യുമ്പോൾ അവൎക്കു കുറു കൊടുത്തു മുമ്പെ പഠിച്ച വല്ല രൂപമൊ അക്ഷരമൊ ചോക്കുകൊണ്ടു വരച്ചുകൊടുക്കാതെ കുറുനിരത്തിയുണ്ടാക്കുവാൻ പറയേണം. എന്നാൽ എല്ലാവരും ഒരേരൂപ

മൊ അക്ഷരമൊ നിൎമ്മിക്കാതെ വെവ്വേറെ ഉണ്ടാക്കേണ്ട താണ. ഇന്നത ചെയ്യേണമെന്ന ഗുരു നിശ്ചയിച്ച കല്പി ക്കരുത, കുട്ടികൾക്ക ഇഷ്ടം എന്തൊന്നൊ അതു ചെയ്തു കൊൾവാൻ കൂടക്കൂടെ അനുവദിക്കേണ്ടതത്രെ. ഇതി നാൽ പുതുതായി ഓരോന്ന നിൎമ്മിക്കുന്ന ശക്തി കുട്ടികൾ ക്കുണ്ടാകും. താൻ മററു ക്ലാസ്സു പഠിപ്പിച്ചുകൊള്ളുമ്പോൾ കുട്ടികൾ ഉണ്ടാക്കിയത ഗുരു പ്രത്യേകം നോക്കി നന്നെന്ന തോന്നുന്നപക്ഷം അതുണ്ടാക്കിയ കുട്ടിയെ സ്തുതിച്ച പറ യേണ്ടതാവശ്യം.

——⋙⋘——

കുത്തുകയും തുന്നുകയും.

തൊഴിലിൻെറ താല്പൎയ്യം.

ഈ തൊഴിലിൻെറ താല്പൎയ്യവും മറേറവയുടേത് പോലെ തന്നെയെങ്കിലും കുരുനിരത്തുക, വടിവെക്കുക എന്നീതൊഴിലിന്നില്ലാത്ത ഒരു വിശേഷം ഇതിന്നുണ്ട. ചെയ്തുണ്ടാക്കിയ പണി എന്നും സ്ഥിരമായിരിക്കും. കുരു നിരത്തുകയൊ വടിവെക്കുകയൊ ചെയ്താൽ പിന്നെ ഉടനെ അത കലച്ചുകളഞ്ഞു കുരുവും വടിയും സൂക്ഷിച്ചു വെക്കുന്നതാണല്ലൊ. അതുകൊണ്ടു ഈ പ്രവൃത്തി സ്വ ന്തമായിവെച്ചു സൂക്ഷിപ്പാനും ദാനം ചെയ്വാനുമുള്ള ആഗ്ര ഹം ഉണ്ടാക്കയും സഫലമാക്കയും ചെയ്യുന്നു. ഈ ഗുണ ങ്ങൾ മററു പ്രവൃത്തികൾക്കില്ലാത്തവ ആകുന്നു. ഉടമയും

ഔദാര്യവും ഒന്നിനൊന്നു തുണയായി നില്ക്കുന്നതായ ഗുണങ്ങളാണല്ലൊ. ദാനം ചെയ്യേണമെങ്കിൽ കൈവശം ഉണ്ടായിരിക്കേണം. നാം ചെയ്തുണ്ടാക്കിയ ഒന്നു കൊടുക്കുന്നതിൽ നമുക്കു വിശേഷിച്ചും സന്തുഷ്ടിയുണ്ടാകുന്നു. ഈ തൊഴിലിന്നു മറ്റേതിനേക്കാൾ ചാതുര്യവും വേണ്ടി വരുന്നു. അതുകൊണ്ടു ഈ തൊഴിൽ ശിശുതരത്തിൽ പഠിപ്പിൽ കുറെ മുതിൎന്നവൎക്കുമാത്രമെ അഭ്യസിപ്പിക്കാവു. അല്ലെങ്കിൽ ശിശുതരത്തിൽ കൊല്ലത്തിൽ ആദ്യഭാഗത്തു തന്നെ തുടങ്ങാതെ അഞ്ചാറുമാസം കഴിഞ്ഞാലെ തുടങ്ങാവു.

ആവശ്യപ്പെട്ട ഉപകരണങ്ങൾ.

നല്ല വകയുള്ള പാഠശാലയിൽ തടിച്ച കടലാസ്സ, പട്ടു, കമ്പിളിനൂൽ, നിറഭേദമുള്ള കടലാസ്സു എന്നിങ്ങിനെ വിലപിടിച്ച സാധനങ്ങൾ ഉപയോഗിക്കുന്നതാകുന്നു നല്ലതു. എന്നാൽ അനേകം പാഠശാല സാധുസ്ഥിതിയിലുള്ളതാകയാൽ സഹായമായും എളുപ്പമായും കിട്ടുന്ന സാധനങ്ങൾ ഉപയോഗിച്ചാൽ മതി. എങ്ങിനെയെന്നാൽ നല്ലവണ്ണം ഉപയോഗിപ്പാൻ കഴിവുള്ളനീളത്തിൽ ഒരു എഴുത്തോല, ഒരു മുട്ടുസൂചി, ഒരു കുശൻ (Cushon) നിറമുള്ള നൂൽകോൎത്ത സൂചി, ഓരോ കുട്ടിക്കും ഗുരുവിന്നും, ഒരു കൊട്ടയും സൂചി കുത്തിവെപ്പാൻ ഒരു കുശനും ഇവ മതിയാകും. ഗുരുവിൻ വശമുള്ള എഴുത്തോല ധാരാളം

നീളമുള്ളതായിരിക്കേണം. കുശന്നു മൂന്നിഞ്ച നീളവും രണ്ടിഞ്ച അകലവും ഉണ്ടായിരിക്കേണം. ഇതു ചുകന്ന തുണികൊണ്ടുണ്ടാക്കി തവിടുനിറച്ചാൽ മതി. എന്നാൽ എളുപ്പത്തിൽ സൂചി കുത്തിവെക്കാമല്ലൊ. പഞ്ഞി നിറക്കേണമെന്നില്ല. നെയ്യുകാരുടെ നൂൽ ഇതിന്ന മതിയാകും. അത വില സഹായമുള്ളതും ഈ ക്രിയക്കു നല്ലവണ്ണം പററിയതുമാകുന്നു. പിരിനൂൽ നന്ന് എന്നാൽ കുടുക്കു വീണു കെട്ടുണ്ടായി പോട്ടുകയും ചെയ്യും. അതുനിമിത്തം കുട്ടികൾക്ക് മുഷിച്ചൽ ഉണ്ടാകും. നൂൽ എളുപ്പത്തിൽ കോൎക്കേണ്ടതിന്ന സൂചി വലുതായാൽ ഗുണമാണ.

ഒരുക്കം.

കുട്ടികൾ ഓരോ പാഠത്തിന്ന വന്നുകൂടും മുമ്പ താഴെ പറയുന്ന ഒരുക്കം ചെയ്യേണ്ടതാകുന്നു.

നോക്കിച്ചെയ്യേണ്ടതിന്നുള്ള അക്ഷരമൊ രൂപമൊ ഓരോ ഓലയിൽ താഴെ കാണിച്ചപ്രകാരം നല്ലവണ്ണം വരഞ്ഞു കുത്തിട്ടു വെക്കേണം.

 അല്ലെങ്കിൽ എന്നിങ്ങിനെ

വളഞ്ഞുവരുന്ന വരയിൽ കുത്ത അടുത്തിരിക്കേണം. അങ്ങിനെ അല്ലെങ്കിൽ തുന്നിതീൎന്നാൽ നൂൽ നല്ലവണ്ണം വക്രരേഖാകൃതിയായി വരികയില്ല. കോണുകൾ

കാണിക്കുന്ന ദിക്കിൽ കോണിൽ കൃത്യമായി ഒരു കുത്ത
വേണം.  ഈവിധം; എന്നാൽ മാത്രം നൂൽ
കൊണ്ടു നല്ലകോൺ വ്യക്തമായിക്കാണിപ്പാൻ കഴി
കയുള്ളൂ.

ഓരോ കുട്ടിയുടെ സൂചി അതിൻെറ കുശനിൽ കുത്തി
വെക്കേണം. ഓരോ സൂചിയിൽ കോൎത്തനൂൽ ത്രുപം
നിൎമ്മിച്ചു ഉറപ്പിച്ചു കേട്ടിട്ടുവാൻ മതിയായത്ര നീളമുള്ളതാ
യിരിക്കേണം, ഏറരുത. നൂലിന്നററത്തു നല്ല ഭംഗി
യിൽ ഒരു കെട്ടിട്ടു വെക്കേണം. അതും മററു കുശനും
ഓലക്കഷ്ണവും വൃത്തിയായി കൊട്ടയിൽ വെക്കേണം.

ഉപകരണം കൊടുക്കലും വാങ്ങിവെക്കലും.

മുട്ടുസൂചിയുള്ള കുശനും ഓലക്കഷ്ണവും, കരുനിര
ത്തുക എന്ന് പാഠത്തിൽ തേങ്ങാച്ചിരട്ടയെക്കുറിച്ചു പറ
ഞ്ഞപ്രകാരം കൊടുക്കയും വാങ്ങിവെക്കയും ചെയ്യേണ്ട
താണ. കുശൻ തിരിച്ചുകൊടുക്കും മുമ്പെ ഓരോ കുട്ടി
തൻെറ മുട്ടുസൂചി കുശനിൽ കുത്തിവെക്കേണം.

സൂചിയും നൂലും ഗുരു തൻെറ കൈകൊണ്ടു കുട്ടിക
ൾക്കു കൊടുക്കയും വാങ്ങുകയും ചെയ്യേണ്ടതും കുശന്മേൽ
ഉടനെ കുത്തിവെക്കേണ്ടതും ആകുന്നു. കുശൻ മുഴുവൻ
കമ്പിളി ശീലകൊണ്ടുണ്ടാക്കിയതെങ്കിൽ സൂചി അധികം
കറപിടിക്കയില്ല.

കുത്തുകയും തുന്നുകയും.

"അ" എന്നതിനെപ്പററി പാഠം.

സമയം. — കളിക്കായി അഞ്ചുമിനിററു ഉൾപ്പെടെ നാല്പതു മിനിററ.

കുട്ടികളുടെ മുന്നറിവ.—കുരുനിരത്തുന്ന പാഠത്തിൽ പഠിച്ച അക്ഷരത്തിൻ രൂപവും ഉച്ചാരണവും.

ഉദ്ദേശം. — കുട്ടികൾ മുമ്പുതന്നെ മനസ്സിലാക്കിയ ഒരക്ഷരം മറെറാരുവിധത്തിലും ഏറെ സ്ഥിരമായ ആകൃതിയിലും കാണിച്ചുകൊടുക്ക. അതിൻെറ രൂപം മനസ്സിൽ ദൃഢമായുറപ്പിക്ക, ശ്രദ്ധവെക്കുന്നശക്തിയും സ്ഥിരമായിരിക്കുന്ന ഒന്ന ഉണ്ടാക്കുവാനുള്ള ആഗ്രഹവും പുഷ്ടിയുള്ളതാക്കിത്തീൎപ്പാനും തങ്ങളുടെ കൈക്ക പ്രവൃത്തിസാമൎത്ഥ്യം ഉണ്ടാക്കുവാനും.

വിഷയം.	ക്രമം.
ഗുരു ചെയ്തു കാണിച്ച കുത്തൽ.	നിങ്ങളുടെ ഓല കുട്ടികൾക്കു കാട്ടിക്കൊടുക്ക. അതിന്മേൽ വരച്ചത് ഇന്നതെന്നും ആ അക്ഷരത്തിന്നുച്ചാരണം എന്തെന്നും ഇതുവരെ അക്ഷരം എങ്ങിനെ അവർ നിൎമ്മിച്ചുവെന്നും അവരെക്കൊണ്ടു പറയിക്ക.

വിഷയം.	ക്രമം.
	നിങ്ങളുടെ കുശനിൽനിന്നു മൊട്ടുസൂചി എടുത്തു കുട്ടികൾ കാണത്തക്ക വിധം ഓലയിൽ കുത്തുക.
	കുട്ടികൾ സൂക്ഷിച്ചുനോക്കി എത്ര കുത്തിട്ടുന്നുവെന്ന് എണ്ണട്ടെ.
മൊട്ടുസൂചിയും കുശനും എല്ലാവൎക്കും കൊടുക്കുക.	മൊട്ടുസൂചിയുള്ള കുശനും ഓലയും മേൽ വിവരിച്ചപ്രകാരം കൊടുക്ക.
കുട്ടികൾ കുത്തിടുന്നത.	കുട്ടികളോടു അവരവരുടെ കുശനിൽ നിന്ന മൊട്ടുസൂചി എടുത്തു വലത്തുകയ്യിൽ പിടിക്കുവാൻ പറക. പിന്നെ ഓല കുശന്മേൽ വെച്ചു രണ്ടും ഇടത്തുകയ്യിൽ പിടിപ്പാൻ പറക.
	അക്ഷരത്തിന്മേലുള്ള കുത്തുകളിൽ അക്ഷരാരംഭത്തിലെ കുത്തിന്മേൽ സൂചിവെക്കാൻ എല്ലാവരോടും പറക.
	ശരിയായിവെച്ചോ എന്നനോക്ക.
	കുത്തിട്ടതിന്മേൽമാത്രമെ ശരിയായി കുട്ടികൾ കുത്താവൂ. ക്ലാസ്സു ചുററും നടന്നു ഈ ക്രിയ ശരിയായി ചെയ്യ

വിഷയം.	ക്രമം.
	ന്നുവൊ എന്ന നോക്ക. അറിഞ്ഞു കൂടാത്ത കുട്ടികളെ സഹായിക്ക. കുത്തു പണി തീൎത്തവരോടു എഴുനീററു നില്പാൻ കല്പിക്ക. എല്ലാവരും ചെയ്തു തീൎന്നാൽ അക്ഷരത്തിന്റെ പേർ പറയിക്ക.
കളിപ്പാനുള്ള അവധി.	കുട്ടികൾ ക്രമപ്രകാരം അണിയായി നടന്നു പുറത്തുപോയി അഞ്ചുമിനിട്ട കുമ്മിയടിച്ചൊ മറെറാ കളിക്കട്ടെ.
തുന്നൽ ഗുരു കാണിച്ചു കൊടുക്കൽ.	നിങ്ങളുടെ സൂചിയും നിറമുള്ള നൂലും എടുത്തു ക്ലാസ്സിന്ന മുമ്പാകെ അക്ഷരം തുന്നുക. കുട്ടികൾ സൂക്ഷിച്ചു നോക്കട്ടെ. കെട്ടിട്ടത കാണ്മാതിരിപ്പാൻ വേണ്ടി ഓലയുടെ പുറത്തോകൂടി ഒന്നാമത്തെ ദ്വാരത്തിൽ നിങ്ങൾ സൂചി കോൎക്കുന്നുവെന്ന അവൎക്ക മനസ്സിലാക്കിക്ക.
സൂചിയും നൂലും എല്ലാവൎക്കും കൊടുക്കൽ.	കുട്ടികൾക്കെല്ലാം സൂചിയും നൂലും കൊടുക്ക. സൂചി വലത്തുകൈകൊണ്ടും ഓല ഇടത്തുകൈകൊണ്ടും എടുക്കേണമെന്ന പറക

വിഷയം.	ക്രമം.
	ഓല പിടിക്കേണ്ടത പുറം മേലോട്ടായിട്ടെന്നു പറക. ഒന്നാം തുളയിൽ സൂചിയിടേണമെന്ന പറക.
	എല്ലാവരും ഒരുക്കമായാൽ നൂൽ ആ ദ്വാരത്തിലൂടെ വലിക്കുവാൻ പറക.
	അക്ഷരം മുഴുവനും ആകുന്നവരെ എല്ലാ ദ്വാരത്തിലൂടെയും ഇങ്ങിനെ നൂൽ കടത്തട്ടെ.
	പിന്നെ ഓരോ കുട്ടിയുടെയും തുന്നൽ, നിങ്ങൾ കെട്ടിട്ടുറപ്പിച്ചുകൊടുക്കയും നൂൽമുറിച്ചുകൊടുക്കയും ചെയ്യുക.
ഉച്ചാരണം.	അക്ഷരം ഓരോരുത്തർ വഴിക്കു വഴിയായി ഉച്ചരിക്കട്ടെ.
ഉപകരണം മടക്കി വാങ്ങി സ്വരുപിക്ക.	മുമ്പേതന്നെ പറഞ്ഞിട്ടുള്ളവിധം ഉപകരണം മടക്കി വാങ്ങി സ്വരുപിക്ക.

കുത്തുകയും തുന്നുകയും.

പൊൻ വള.

സമയം.—അഞ്ചുമിനിട്ട; കളിപ്പാനുള്ള സമയം ഉൾപ്പെടെ നാല്പത മിനിററ.

കുട്ടികൾക്കു മുമ്പുള്ള അറിവ.—പൊന്നിനെക്കുറിച്ചുള്ള പാഠത്തിൽനിന്നു ഗ്രഹിച്ചത.

ഉദ്ദേശം. — പൊന്നിനെക്കൊണ്ടുള്ള പാഠത്തിൽ നിന്ന പഠിച്ചത ഉറപ്പിപ്പാനും സങ്കല്പശക്തിക്കും സ്ഥിരമായി നില്ക്കുന്ന ഒരു പണി ഉണ്ടാക്കുവാനുള്ള ആഗ്രഹത്തിന്നും അഭ്യാസപുഷ്ടി വരുത്താനും കരകൌശലം ഉണ്ടാക്കിത്തീൎപ്പാനും.

ഉപകരണം. — മുമ്പ വിവരിച്ചപ്രകാരം നൂൽ സ്വൎണ്ണ വൎണ്ണമായിരിക്കേണം.

വിഷയം.	ക്രമം.
പൊന്നിനെക്കുറിച്ചുള്ള പാഠത്തോടു സംബന്ധം.	പൊന്നിനെക്കുറിച്ചുള്ള പാഠത്തിൽ പഠിച്ചത ചോദ്യംചെയ്തു ഓൎമ്മയാക്കുക. സ്വൎണ്ണംകൊണ്ടു ചിലപ്പോൾ വളയുണ്ടാക്കുന്നുവെന്നു അവരെക്കൊണ്ടു പറയിക്ക. നിങ്ങളുടെ ഓല കാണിച്ചു അതിന്മേൽ വരച്ചുകിടക്കുന്നത എന്തെന്നു ചോദിക്ക.
(സൂചിയും നൂലും ഒഴികെ) ഉപകരണം എല്ലാവൎക്കും കൊടുക്കൽ.	ക്ലാസ്സിന്നുമ്പാകെ കുത്തിടുക. നിൎണ്ണയിച്ചവിധം ഉപകരണം എല്ലാവൎക്കും കൊടുക്ക.

വിഷയം.	ക്രമം.
	മുൻ'പാഠത്തിൽ പറഞ്ഞപ്രകാരം കുട്ടികൾ വളയുടെ രൂപം വരച്ചതിന്മേൽ കുത്തിടട്ടെ.
അവധി.	കളിച്ചുകൊൾവാൻ അഞ്ചുനിമിഷം സമയം കൊടുക്ക.
തുന്നൽ.	നിങ്ങളുടെ ഓലമേൽ പൊന്നിറമായ നൂൽകൊണ്ടു വള കുട്ടികൾ അതു നല്ലവണ്ണം നോക്കിക്കൊണ്ടിരിക്കെ തുന്നുക. നിങ്ങൾ ചെയ്യുതെന്തെന്നു അവരോടു ചോദിക്ക.
സൂചിയും നൂലും എല്ലാവൎക്കും കൊടുക്ക.	മുമ്പു പറഞ്ഞപോലെ സൂചിയും നൂലും എല്ലാവൎക്കും കൊടുക്ക.
കുട്ടികൾ ചെയ്യുതുന്നൽ.	മുമ്പ പറഞ്ഞപ്രകാരം കുട്ടികൾ തുന്നട്ടെ. മുമ്പറഞ്ഞപ്രകാരം അവൎക്കായി നൂൽ കെട്ടിയുറപ്പിച്ചുകൊടുക്ക.
പരീക്ഷ.	എല്ലാവരും ചെയ്യുശേഷം വള ആകൃതി, നിറം, ഇവറെറപ്പററിയും അതു എന്തുകൊണ്ടുണ്ടാക്കിയെന്നും ചോദിക്ക.
ഉപകരണം വാങ്ങി ശേഖരിക്ക.	മുമ്പറഞ്ഞവിധം ഉപകരണം മടക്കി വാങ്ങുക.

മററുള്ള സ്വരാക്ഷരങ്ങളും വെള്ളിമോതിരം, (വെള്ള നൂലിൽ) സ്ലേററു പുസ്തകം ഇവററിന്നാകൃതിയും ഇതേ പ്രകാരം തന്നെ പഠിപ്പിക്കേണം. കുട്ടികൾക്ക പുറം തുന്നൽ ദൃഢപരിചയം വന്നാൽ കുത്തിവലിക്കുന്തോറും സൂചി നോക്കിക്കൊണ്ടിരിക്കുന്നത ക്രമേണ വേണ്ടിവരി കയില്ല. എന്നാൽ ഏററവും ചെറു കുട്ടികളുടെയും വളരെ പരിചയം കുറഞ്ഞവരുടെയും മേൽ വിശേഷിച്ചും ദൃഷ്ടി വേണ്ടതാണ. ഗുരു ക്ലാസ്സിൽ ഇല്ലാതപ്പോൾ ഈ അഭ്യാസം കുട്ടികൾക്ക തനിയെ ശീലിപ്പാൻ തക്കതല്ല. ഇടക്കിടക്ക മുമ്പിൽ പഠിപ്പിക്കാത്തതായി ജനൽ, വാതിൽ, ഇങ്ങിനെ ചിലതു തുന്നേണ്ടതിന്നായി ഗുരു കുട്ടികളോടു പറയാം. കുട്ടികൾ ആവക ഉണ്ടാക്കുവാൻ ശ്രമിക്കട്ടെ. ചിലപ്പോൾ കുട്ടികളുടെ ഇഷ്ടപ്രകാരം വല്ലതും തുന്നിയുണ്ടാക്കിക്കോൾവാൻ അവരോടു പറയേണ്ടതുമാണ. ഇങ്ങിനെയാകുന്നു നൂതന നിൎമ്മാണശക്തി ഉണ്ടാക്കി വൎദ്ധിപ്പിക്കേണ്ടത. ഈ സംഗതിയിൽ കുട്ടി തുന്നിയുണ്ടാക്കിയത ഏതൊന്നിന്റെ രൂപം കാട്ടാനാണെന്നു ചോദിക്കേണം. തുന്നിയുണ്ടാക്കിയത വിശേഷമായെന്ന കണ്ടാൽ പക്ഷെ ഗുരു തന്നെ ആതു ഇന്നതെന്നു ഊഹിക്കാം. കുട്ടി നിനച്ച സാധനം തന്നെ ഗുരു മനസ്സിലാക്കിപ്പറയുന്നുവെങ്കിൽ കുട്ടിക്ക വളരെ സന്തോഷമുണ്ടായ്ക്കാണാം.

കോൽനിരത്തൽ.

അഭ്യാസത്തിൻെറ താൽപര്യം.

ഈ അഭ്യാസത്തിൻെറ താൽപര്യം വിത്തുനിരത്തുന്നതിൻേറത എന്തൊ അതു തന്നെയാകുന്നു. കോലുകൾ ചൊവ്വുള്ളവയാകകൊണ്ടു വക്രിച്ച ഭാഗങ്ങളോടു കൂടിയിരിക്കുന്ന വസ്തുക്കൾ ഇവയെക്കൊണ്ടുണ്ടാക്കുവാൻ പാടുള്ളതല്ല. എന്നാൽ താഴെ വരുന്ന പാഠങ്ങളിൽനിന്നു, അദൃശ്യരൂപത്തിൻെറ സ്വഭാവം മനസ്സിലാക്കാൻ കോലുകളെ ധാരാളം ഉപയോഗിക്കാമെന്നു നമുക്കു ബോദ്ധ്യമാകും. ഈ കോലുകൾകൊണ്ടുള്ള പാഠം കുട്ടികളുടെ കണ്ണിനു അഭ്യാസം നൽകുകയും ചിത്രമെഴുത്തു അഭ്യസിക്കാൻ എളുപ്പമുണ്ടാക്കുകയും ചെയ്യുന്നതാണ്. ഗുരുനാഥൻ വേറെ വല്லതും ചെയ്തുകൊണ്ടിരിക്കുന്നസമയം കുട്ടികളെ അവരുടെ ഇഷ്ടപ്രകാരം ഈ അഭ്യാസത്തിൽ വിടുന്നതാണ നല്ലത. ചിലപ്പോൾ ഗുരു അവരെ മുമ്പ പഠിപ്പിച്ചിട്ടുള്ള രൂപങ്ങളെ രണ്ടാമതും ഉണ്ടാക്കിക്കൊണ്ടിരിപ്പാനും പുതിയമാതിരികൾ നിർമ്മിപ്പാനും ഉത്സാഹിപ്പിക്കേണ്ടതാണ.

ആവശ്യമുള്ള ഉപകരണങ്ങൾ.

പലേ നീളത്തിലുള്ള വളവൊട്ടുമില്ലാത്ത നേരിയ കോലുകളാണ വേണ്ടുന്നത. കിൻഡർഗാർട്ടൻ സാധന

ങ്ങൾ വില്ക്കുന്ന ഷാപ്പുകളിൽ അവയെ മേടിപ്പാൻ കിട്ടും. വല്ല നാട്ടാശാരികളെക്കൊണ്ടും ഉണ്ടാക്കിക്കുകയും ചെയ്യാവുന്നതാണ. നല്ലതായി കിട്ടാൻ സാധിക്കാത്ത പക്ഷം വണ്ണമുള്ള ഈൎക്കിൻ മതിയാവും.

ഒരുക്കം.

പഠിപ്പിക്കുന്നതിന്ന മുമ്പെ തന്നെ ഗുരു ആവശ്യമുള്ള സാധനങ്ങൾ താൻ തന്നെ ഉണ്ടാക്കി ശീലിക്കേണ്ടതാണ. അതിൽപിന്നെ തനിക്കും കുട്ടികൾക്കും കൂടി ഓരോ വലിപ്പത്തിൽ എത്ര കോലുകൾ വേണ്ടിവരുമെന്ന നോക്കി ആവശ്യമുള്ള എണ്ണം ഒരുക്കിവെക്കേണം. ഓരോ കുട്ടിക്കാവശ്യമുള്ള കോലുകൾ വെവ്വേറെ ഒരു നൂലുകൊണ്ടു കെട്ടിവെക്കുകയും ഈ ചെറിയ കെട്ടുകൾ ഒന്നായി ഒരു വലിയ കെട്ടായി കെട്ടുകയും വേണം. ഓരോ പാഠത്തിന്ന വേണ്ടുന്ന കോലുകളുടെ എണ്ണം ഭേദപ്പെടുന്നതുകൊണ്ടു ഓരോ പാഠത്തിന്ന തക്കവണ്ണം ഈ വടികളെ വെവ്വേറെതരം തിരിച്ചുവെക്കേണ്ടതാണ.

കോലുകൾ കുട്ടികൾക്ക കൊടുക്കുകയും വാങ്ങിവെക്കയും ചെയ്യേണ്ടുന്ന ക്രമം.

വലിയ കെട്ടഴിച്ചു ഓരോ കുട്ടിക്ക ഓരോ കെട്ടുവീതം മുമ്പു വിവരിച്ചിട്ടുള്ളതുപോലെ കൈ മാറിമാറി കൊടുപ്പിക്കുക. പിന്നെ ഓരോ കുട്ടിയുടെ അടുക്കെ ചെന്ന അവരുടെ കെട്ടഴിക്കുക. ഓരോ കുട്ടി അവരുടെ കോലുകളെ ഒന്നിച്ചു ചരടിന്റെ മീതെ വെക്കട്ടെ. കോലുകളെല്ലാം

തിരിച്ച മേടിക്കുന്നതിന്ന മുമ്പ ക്ലാസിൽ കൂടെ നടന്ന ഓരോ കുട്ടിയുടെ കോലുകളെ വേഗം ഒന്നിച്ച കെട്ടുക. പിന്നെ എല്ലാ കെട്ടുകളും മുമ്പെ പറഞ്ഞിട്ടുള്ളവിധം കൈമാറി മാറിക്കൊടുപ്പിച്ച മേടിച്ച ഒന്നിച്ചടക്കി ഒരു വലിയ കെട്ടാക്കി കെട്ടി ഉടനെ കൊണ്ടുപോയി വെക്കുക.

കോൽ നിരത്തുന്നതിനെപ്പററി ഒന്നാം പാഠം.

സമയം.—അരമണിക്കൂർ.

കുട്ടികൾക്കു മുമ്പുള്ള അറിവ.—നിവിൎന്നു നില്ക്കുന്നതും കിടക്കുന്നതും തമ്മിലുള്ള വ്യത്യാസം.

താൽപൎയ്യം.—കുത്തനെ, കിടത്തി, എന്ന സ്ഥിതികളുടെ ശരിയായ സാരം കുട്ടികളെ മനസ്സിലാക്കുകയും അവരുടെ സൂക്ഷ്മഗ്രഹണം ശ്രദ്ധ ഇവയുടെ ശക്തികളെ നന്നാക്കുകയും ചെയ്വാൻ.

ഉപകരണങ്ങൾ.—ഗുരുവിന്നും ഓരോ കുട്ടിക്കും അയ്യഞ്ചിഞ്ചുകോലുകൾ.

വിഷയം.	ക്രമം.
കുത്തനെ.	ഒരു കോൽ എടുത്ത അതിനെ ഇപ്രകാരം | കുത്തനെ ക്ലാസിന്റെ മുമ്പാകെ പിടിക്കുക. കെട്ടിൽനിന്ന ഓരോ കോൽ എടുത്ത ഇപ്രകാരം തന്നെ കയ്യിൽ പിടിക്കുവാൻ ഓരോ കുട്ടിയോടു പറക.

വിഷയം.	ക്രമം.
	കുട്ടികളോടു അവരുടെ കോലുകൾ നോക്കി അവ ചൊവ്വായുള്ളവയൊ വളഞ്ഞവയൊ എന്ന പറവാൻ പറക. കുട്ടികൾ.—“ചൊവ്വായുള്ളവ.” അവരുടെ വടികൾ കുത്തനെ നില്ക്കുകയൊ കിടക്കുകയൊ ചെയ്യുന്നത എന്ന ചോദിക്കുക. കുട്ടി.—“നില്ക്കുകയാണ.” ക്ലാസിന്റെ മുൻഭാഗത്ത കോൽ ഇപ്രകാരം | നിലത്ത (അല്ലെങ്കിൽ താണമേശയിന്മേൽ) വെച്ച ഇതു പോലെ തന്നെ തങ്ങളുടെ വടികളും അവരവരുടെ മുമ്പിൽ വെക്കുവാൻ കുട്ടികളോടു പറയുക.
കിടത്തി.	വേറെ ഒരു കോലെടുത്തു—ഇപ്രകാരം കിടത്തി പിടിക്കുക. അപ്രകാരം തന്നെ കുട്ടികളോടും ചെയ്വാൻ പറക. ഈ വടികൾ നില്ക്കുകയൊ കിടക്കുകയൊ ചെയ്യുന്നതെന്ന ചോദിക്കുക.

വിഷയം.	ക്രമം.
	കുട്ടികൾ.–"അവ കിടക്കുകയാണ"
	ഗുരുവിൻെറ രണ്ടാമത്തെ കോൽ ആദ്യത്തേതിൻെറ അടുക്കെ ഇപ്രകാരം ├── വെക്കുക.
	അങ്ങിനെതന്നെ കുട്ടികളോടും ചെയ്വാൻ പറയുക.
	ചോദ്യങ്ങൾ മൂലം ആദ്യത്തേതു കുത്തനെയും രണ്ടാമത്തേതു കിടക്കയും ആണെന്ന കുട്ടികളെക്കൊണ്ടു പറയിപ്പിക്കുക.
	രണ്ടു കുട്ടികളെ വിളിച്ച ഒന്നിനെ നിൎത്തുകയുംമറെറാന്നിനെ കിടത്തുകയും ചെയ്യുക.
	ഇവരിൽ ഓരോകുട്ടി ഏതു വടിയുടെ മാതിരിയാണെന്ന കുട്ടികൾ പറയട്ടെ.
പേരുകൾ.	ആ കുട്ടികളെ അവരുടെ സ്ഥാനത്തേക്ക തിരികെ അയക്കുക.
കുത്തനെ കിടപ്പ്.	കുട്ടികളോടു തങ്ങൾ ഒന്നാമത്തേതിനെ നില്ക്കുന്ന അല്ലെങ്കിൽ കുത്തനെയുള്ള കോലെന്നും രണ്ടാമത്തേ

വിഷയം.	ക്രമം.
	തിനെ കിടക്കുന്ന കോലെന്നും പറയേണമെന്നു പറയുക.
പരീക്ഷ.	എല്ലാവരോടും കുത്തനെയുള്ള കോൽ കാണിപ്പാൻ പറയുക.
	എല്ലാവരോടും കിടത്തിവെച്ച വടിയെ കാണിപ്പാൻ പറയുക.
	അവരുടെ കോലുകളിൽ ഏതാണ നില്ക്കുന്നതെന്നും ഏതാണ കിടക്കുന്നതെന്നും ചോദിക്കുക.
	കുട്ടികളോട്ടു രണ്ടു കോലുകൾ കുത്തനെ പിടിപ്പാനും മൂന്നുകോലുകൾ കിടത്തിവെപ്പാനും പറയുക.
	അവരോട്ടു ഒന്നു കുത്തനെ പിടിപ്പാനും ഒന്നു കിടത്തിവെപ്പാനും പറയുക.
ഉപകരണങ്ങളെ തിരികെ മേടിക്കുക.	ഇതിലും ഇതുപോലെയുള്ള എല്ലാ പാഠങ്ങളിലും കോലുകളെ മുമ്പെ പറഞ്ഞിട്ടുള്ളതുപോലെ തിരികെ മേടിക്കുക.

കോൽ നിരത്തൽ; രണ്ടാം പാഠം.

സമയം.—അരമണിക്കൂർ.

കുട്ടികൾക്ക മുമ്പുള്ള അറിവ.—കുത്തനെ, കിടത്തി ഇവയെപ്പററി ശരിയായ അറിവ.

താൽപര്യം.—ചരിവുഎന്നതിനെപ്പററി തെളിവായ അറിവ കുട്ടികൾക്കുണ്ടാക്കുകയും സൂക്ഷ്മശ്രദ്ധാശക്തികളെ അവരിൽ വർദ്ധിപ്പിക്കുകയും ചെയ്യുക.

ഉപകരണങ്ങൾ.—ഗുരുവിന്നും കുട്ടികൾക്കും എട്ടെട്ടു കോലുകൾ.

വിഷയം.	ക്രമം.
മുമ്പു പഠിച്ചതിൽ പരീക്ഷ.	ഓരോ കുട്ടിയുടെ വശം എട്ടെട്ടു കോലുണ്ടാകുന്നതുവരെ മുൻ പറഞ്ഞപ്രകാരം കൊടുക്കുക. ഗുരു അത്ര എണ്ണം തന്നെ എടുക്കുക. ഗുരു. — "ഓരോ കുട്ടി ഓരോ വടിയെടുത്തു കുത്തനെ മുമ്പിൽ നിത്തിപ്പിടിക്ക." ഗുരു. — "ഓരോ കുട്ടി ഇനിയും ഓരോ വടിയെടുത്തു മുമ്പിൽ കിടത്തിവെക്കുക." "കല്യാണി മൂന്നുകോൽ എടുത്തു നിലത്തു കിടത്തിവെക്കുക."

വിഷയം.	ക്രമം.
	"ജാനകി രണ്ടുകോൽ കുത്തനെ നിൎത്തുക."
	"എല്ലാവരും കോലുകളെടുത്തു ഒന്നായി കെട്ടിൽ വെക്കുക."
ചരിവിനെപ്പററി അറിവുണ്ടാക്കുവാൻ.	ഒരു കോൽ എടുത്ത ചരിച്ച \ പിടിക്കുക.
	ഗുരു. — "ഓരോരാൾ ഓരോ കോൽ എടുത്തു ഇപ്രകാരം \ പിടിക്കുക."
	ഗുരു. — (തന്റെ കോൽ ഇപ്രകാരം \ വെച്ചിട്ട) "ഇതേമാതിരി കോൽ എല്ലാവരും വെക്കുക."
	ഗുരു.—"നിങ്ങളുടെ കോൽ കുത്തനെയാണൊ നില്ക്കുന്നത?"
	കുട്ടികൾ.—"അല്ല."
	ഗുരു.—"എന്നാൽ നിലത്തു കിടക്കുകയാണൊ."
	കുട്ടികൾ.—"അല്ല."
	ഗുരു. — "പിന്നെ എങ്ങിനെയാണ."

വിഷയം.	ക്രമം.

കുട്ടികൾ അവ വീഴാൻ പോകുന്നു എന്നോ ചരിഞ്ഞു വീണിരിക്കുന്നു എന്നോ പറവാൻ മതി.

ഗുരു.—"അതെ, നമുക്ക അവയെ ചരിഞ്ഞ നില്ക്കുന്ന കോലുകൾ എന്നു പറയാം. നാലുകോലുകളെടുത്തു ഇപ്രകാരം |||| ചരിച്ചുവെക്കുക."

കുട്ടികളതുപ്രകാരം ചെയ്യുന്നു.

ഗുരു. — ഇപ്പോൾ അതിൻെറ ചുവട്ടിൻ നാലെണ്ണം കൂടി ഈവിധം വെക്കുക.

എല്ലാവരും കോലുകളെടുത്തു കെട്ടിൽതന്നെ വെക്കുക.

ഓരോരാൾ ഓരോ കോൽ കുത്തനെ വെക്കട്ടെ.

(1) അതിന്നരികെ ഒന്നു കിടത്തീട്ടും വെക്കട്ടെ. |— ഇവ രണ്ടിന്നും അരികെ ഒന്നു ചരിച്ചും വെക്കട്ടെ. |—/

വിഷയം.	ക്രമം.
	ഇവയിൽ കുത്തനെ നില്ക്കുന്ന വടിയെപ്പോലെയുള്ള ചില വസ്തുക്കളുടെ പേർ പറവാൻ ആൎക്കെഴിയും.
	മേശ കസേല ഇവകളുടെ കാലുകൾ, വാതിലിൻെറ കുത്തനെയുള്ള ഭാഗങ്ങൾ, കുത്തനെയുള്ള വൃക്ഷങ്ങളുടെ തടി, പുഷ്പങ്ങളുടെ തണ്ടു, നെല്ലിൻെറ തണ്ടു ഈ വിധം ഉദാഹരണങ്ങളെ കുട്ടികളെക്കൊണ്ടു ചോദ്യങ്ങൾ മൂലം പറയിക്കേണം.
	ഗുരു.—കിടക്കനെയുള്ള രേഖയെപ്പോലെയുള്ള ചില സാധനങ്ങളുടെ പേർ പറയുക.
	കുട്ടികൾ.—ജനലിൻെറ ഇലകൾ വാതിലുകളുടെ മേൽഭാഗം, പടികൾ, ചില മരങ്ങളുടെ കൊമ്പുകൾ, പങ്കയുടെ മുകൾഭാഗം, ഏണിയുടെ പടികൾ.
	ഗുരു.—ചരിഞ്ഞ രേഖയെപ്പോലെയുള്ള ചില വസ്തുക്കളുടെ പേർ പറയുക.

വിഷയം.	ക്രമം.
	കുട്ടികൾ.—തേങ്ങിൻതടി, കാററടിക്കുമ്പോൾ പെയ്യുന്ന മഴ മുതലായവ. ഗുരു. — എല്ലാവരും തങ്ങളുടെ ഒന്നാമത്തെ വിരൽ കുത്തനെ പിടിക്കുക. | ഇനി അവയെ കിടത്തിപ്പിടിക്കുക. — ഇനി അവയെ ചരിച്ചു പിടിക്കുക. /

കോൽ വെക്കൽ: മൂന്നാം പാഠം.

സമയം.—അരമണിക്കൂർ.

കുട്ടികൾ മുമ്പെ അറിഞ്ഞിട്ടുള്ളത. — കുത്തനെ, കിടത്തി, ചരിച്ചു, ഈ സ്ഥിതികളുടെ ശരിയായ ബോധം.

താൽപര്യം. — സമകോൺ എന്ന പ്രയാസമായ വാക്കുപയോഗിക്കാതെ അതിൻെറയും ഇടം വലം എന്ന വാക്കുകളുടെയും സാരം കുട്ടികളെ തെളിവായി മനസ്സിലാക്കുകയും അവരുടെ സൂക്ഷ്മ ഗ്രഹണം ശ്രദ്ധ ഇവകളെ പോഷിപ്പിക്കുകയും ചെയ്യുക.

സാധനങ്ങൾ.—ഗുരുവിന്നും ഓരോ കുട്ടിക്കും മുമ്മൂന്നു വടികളും ഓരോ വിത്തും.

വിഷയം.	ക്രമം.
മൂന്നറിവ പരീക്ഷിക്ക.	ഗുരു. —"ലക്ഷ്മിയമ്മെ, നിന്റെ മുമ്പിൽ രണ്ടു വടികൾ കുത്തനെ നിൎത്തുക." "ചിന്നമ്മെ, മൂന്നു വടികൾ കിടത്തിവെക്കുക." "അമ്മിണി, രണ്ടു കോലുകൾ ചരിച്ചു വെക്കുക." "ഓരോരുത്തി മൂന്നു വടി എടുത്ത ഒന്നാമത്തേത കുത്തനേയും രണ്ടാമത്തേത കിടത്തിയും മൂന്നാമത്തേത ചാച്ചും വെക്കുക." "നിങ്ങളുടെ വടികൾ തിരികെ കെട്ടുകളിൽ വെക്കുക."
ഇടവും, വലവും.	ഗുരു (തന്റെ പുറം കുട്ടികളുടെ നേരെ തിരിച്ചു തന്റെ വലത്തു കൈ പോക്കിപ്പിടിച്ചു) "ഇത എന്റെ വലത്തെ കയ്യോ ഇടത്തെ കയ്യോ?" കുട്ടികൾക്കറിഞ്ഞു കൂടെങ്കിൽ അവരെ പഠിപ്പിക്കേണം. ഇപ്രകാരം ഇടത്തെ കൈകൊണ്ടും ചെയ്യുക.

വിഷയം.	ക്രമം.
	ഗുരു „എല്ലാവരും വലത്തെ കൈ പോക്കുവിൻ."
	എല്ലാവരും ഇടത്തെകൈ പോക്കുവിൻ.
	നിങ്ങളുടെ വലത്തെകാലടി കാണിപ്പിൻ.
	നിങ്ങളുടെ ഇടത്തെകാലടി കാണിപ്പിൻ.
	എല്ലാ കുട്ടികൾക്കും തങ്ങളുടെ വലത്തെ കയ്യും കാലും ഇടത്തെ കയ്യും കാലും മനസ്സിലാവുന്നതുവരെ ഇതു പ്രകാരം ചെയ്യിക്കേണം.
	ഗുരു (കുട്ടികളുടെ മുമ്പിൽ ഒരു സ്ലേററു പിടിച്ചു.)
	„ഈ സ്ലേററിന്റെ വലത്തുവശം ഏതാണെന്നു കാണിപ്പിൻ.
	ഇടത്തെവശം ഏതാണെന്നു കാണിപ്പിൻ.
	ഈ സ്ലേററിന്റെ മുകൾഭാഗം എതാണെന്നു കാണിപ്പിൻ.
	ഇതിന്റെ അടി കാണിപ്പിൻ."

വിഷയം.	ക്രമം.
	ഇപ്രകാരം ഒരു പുസ്തകമെടുത്തും ചെയ്യുക.
ഒരു കോൺ.	ഗുരു.—ഓരോ ആൾ ഓരോ വടി എടുത്തു ഇപ്രകാരം │ കുത്തനെ നിൎത്തുക. ഇനി ഓരോ ആൾ ഓരോ വടി എടുത്ത അതു കിടത്തിവെച്ചു അതിന്റെ വലത്തേ അററം ആദ്യത്തേതിന്റെ അടിയോടു തൊടിയിച്ചു ഇപ്രകാരം വെക്കുക. രണ്ടു വടികളും കൂടി മുട്ടുന്ന സ്ഥലത്തെ നോക്കുക. ആ സ്ഥലം ഒരു മൂലയാകുന്നു. നിങ്ങളുടെ വലത്തുകൈ പൊക്കുവിൻ. ഗുരു ഓരോ കുട്ടിയുടെ കയ്യിൽ ഓരോ കുരുവെച്ചു കൊടുക്കുന്നു. „ഞാനെന്താണ നിങ്ങൾക്ക തന്നതു?" കുട്ടികൾ „ഒരു കുരു." ഗുരു.—„ആ കുരു നിങ്ങളുണ്ടാക്കീട്ടുള്ള കോണിൽ ഇപ്രകാരം  വെക്കുക.

വിഷയം.	ക്രമം.
	ഗുരു.—"നിങ്ങളുടെ വിത്തു എവിടെ?"
	കുട്ടികൾ.—"മൂലയിൽ."
	ഗുരു.—"ഈ സ്ലേററിന്റെ ഒരു മൂല കാണിക്കുക."
	"ഈ പുസ്തകത്തിന്റെ ഒരു മൂല കാണിക്കുക."
	"ഈ മുറിയുടെ ഒരു മൂല കാണിക്കുക."
	കുരു ഒക്കെ മടക്കി വാങ്ങുക.
	ഗുരു.—നിങ്ങളുടെ കോലുകൾ തിരികെ കെട്ടി വെക്കുക.
പരീക്ഷ.	വലം, ഇടം, മുകൾഭാഗം, അടി ഇവയെപ്പററി ചോദിക്കുക.
	ഗുരു.—"ഓരോരുത്തി ഈ രണ്ടു വടികളെടുത്തു ഓരോ മൂലയുണ്ടാക്കുക.
	നിങ്ങളുടെ വലത്തെകൈ നീട്ടിയാൽ നിങ്ങൾക്കു ഓരോ വിത്തു തരാം.
	നിങ്ങളുണ്ടാക്കിയ മൂലയിൽ ആ വിത്തു വെപ്പിൻ.

വടിവെക്കൽ: നാലാം പാഠം.

സമയം.—അരമണിക്കൂർ.

കുട്ടികൾക്ക മുമ്പുള്ള അറിവ. — കുത്തനെ, കിടത്തി, സമകോൺ, ഇവയെപ്പററി ശരിയായ അറിവ.

താൽപര്യം.—സമകോണുകളുടെ നാലു സ്ഥിതികളെപ്പററിയുള്ള അറിവു കുട്ടികൾക്കുണ്ടാക്കിത്തീൎത്തു അവരുടെ സൂക്ഷ്മഗ്രഹണവും, ശ്രദ്ധയും വൎദ്ധിപ്പിപ്പാൻ.

ഉപകരണങ്ങൾ.—ഗുരുവിന്നും ഓരോ കുട്ടികൾക്കും എട്ടെട്ടുവടികളും നന്നാലു കുരുവും.

വിഷയം.	ക്രമം.
ഇതുവരെ പഠിച്ചിട്ടുള്ളതിൽ പരീക്ഷ.	ഗുരു.—രണ്ടു വടിയെടുത്തു കഴിഞ്ഞ പാഠത്തിൽ നിങ്ങളുണ്ടാക്കിയ വിധം ഒരു മൂലയുണ്ടാക്കുക. കുട്ടികൾ അതുപ്രകാരം ചെയ്യുന്നു.
വലത്തു ഭാഗത്തെ ചുവട്ടിലെ സമകോൺ.	ഗുരു.—കുത്തനെ നിൽക്കുന്നവര കാണിക്കുക. കിടക്കനെയുള്ളവര കാണിക്കുക.

വിഷയം.	ക്രമം.
	നിങ്ങളുടെ ഒന്നാം വിരലിന്റെ അററം ആ മൂലയിൽ വെക്കുക. രണ്ടു വടിയെടുത്തു മറേറഭാഗത്തും ഈവിധം ഒരു മൂലയുണ്ടാക്കുക. “ഏതുഭാഗത്താണ ആദ്യത്തെ മൂല?” കുട്ടികൾ.—“വലത്ത്ഭാഗത്ത.” ഗുരു.—“ഏതുഭാഗത്താണ രണ്ടാമത്തെ മൂല?” കുട്ടികൾ.—ഇടത്ത്ഭാഗത്ത. ഗുരു.—“വലത്തെ കൈകൊണ്ടു വലഭാഗത്തെ മൂല ചൂണ്ടി കാണിക്കുക. ഇടത്തെ കൈകൊണ്ടു ഇടത്ത് ഭാഗത്തെ മൂല കാണിക്കുക.”
വലഭാഗത്തു മീതെയുള്ള സമകോൺ.	വേറേ രണ്ടു വടികൂടെ എടുത്ത ആദ്യത്തേതിന്റെ മുകളിൽ ഇതു പ്രകാരം ഒരു മൂലയുണ്ടാക്കുക.

വിഷയം.	ക്രമം.
	ആ മൂല നിങ്ങളുടെ വലത്ത്ഭാഗത്തോ ഇടത്ത്ഭാഗത്തോ?" കുട്ടികൾ.—"വലഭാഗത്തു." ഗുരു.—അതുമീതെയോ താഴെയോ. കുട്ടികൾ.—മീതെ. ഗുരു.—"അതേ. നമുക്കതിനെ വലത്തുഭാഗത്തുമീതെയുള്ള മൂല എന്ന വിളിക്കാം.
ഇടത്തുഭാഗത്തു മീതെയുള്ള സമകോൺ.	വേറേ രണ്ടു വടികൂടെയെടുത്തു ഈവിധം ഒരു മൂലയുണ്ടാക്കുക. ഒടുക്കമുണ്ടാക്കിയ മൂല ഇടത്തോ വലത്തോ?" കുട്ടികൾ.—"ഇടത്തു." ഗുരു. — "അതുമീതെയോ ചുവട്ടിലൊ?" കുട്ടികൾ.—"മീതെ." ഗുരു.—നിങ്ങളുടെ വലത്തെ കൈ നീട്ടിയാൽ ഞാൻ നാലു കുരു തരാം. ഒരു കുരു ചുവട്ടിലെ വലത്തെ മൂലയിൽ വെക്കുക.

വിഷയം.	ക്രമം.
	ഒരു കുരു ചുവട്ടിലെ ഇടത്തെ മൂലയിൽ വെക്കുക.
	ഒരു കുരു മീതെയുള്ള വലത്തെ മൂലയിൽ വെക്കുക.
	ഒരു കുരു മീതെയുള്ള ഇടത്തെ മൂലയിൽ വെക്കുക.
പരീക്ഷ.	ഇതെന്തു മൂലയാകുന്നു?
	ഇതൊ?
	ഇതൊ?
	ഇതൊ?
	ആകപ്പാടെ എത്ര മൂലകൾ നിങ്ങളുണ്ടാക്കിട്ടുണ്ടു?
	കുട്ടികൾ.—നാല്.
	ഗുരു.—ഈസ്ലേററിൻമീതെയുള്ള വലത്തെമൂല കാണിക്കുക.
	ഈ ബുക്കിൻെറ ചുവട്ടിലെ വലത്തെമൂല കാണിക്കുക.
	കുരുവൊക്ക പെറുക്കി മടക്കിത്തരിക.
	വടികളെല്ലാം നിങ്ങളുടെ കെട്ടിൽ തന്നെവെക്കുക.

വിഷയം.	ക്രമം.
	ഓരോരുത്തി അവരം മുമ്പുണ്ടാക്കിയ വിധം നാലു കോണുണ്ടാക്ക.
	മീതെയുള്ള വലത്തോല കാണിക്കുക.
	ചുവട്ടിലെ വലത്തോല കാണിക്കുക.
	മീതെയുള്ള ഇടത്തോല കാണിക്കുക.
	ചുവട്ടിലെ ഇടത്തോല കാണിക്കുക.

വടിവെക്കലും പശുവിനെക്കുറിച്ചുള്ള പാഠവും.

സമയം.—അരമണിക്കൂർ.

കുട്ടികൾക്ക മുമ്പുള്ള അറിവ. — കുത്തനെ, കിടത്തി, ചരിച്ചു ഇവയുടെ ശരിയായിട്ടുള്ള അറിവ.

താൽപര്യം.— കുട്ടികൾക്ക പശുവിനോടുള്ള രസം വൎദ്ധിപ്പിപ്പാനും അതിനെയും അതിൻെറ രൂപത്തെയും പററി മുമ്പെ പഠിപ്പിച്ചിട്ടുള്ളതു അവരുടെ മനസ്സിൽ ഉറപ്പിപ്പാനും, അവക്കു വല്ലതും ഉണ്ടാക്കുന്നതിന്നുള്ള ആഗ്രഹസിദ്ധി വരുത്തുവാനും.

ഉപകരണ. — ഗുരുവിന്നും കുട്ടികൾക്കും ആറീത വടികൾ.

വിഷയം.	ക്രമം.
പശുവിൻ കൊമ്പുകൾ.	കഴിഞ്ഞ പാഠങ്ങളിൽ കൊടുത്തതുപോലെ വടികൾ എല്ലാവക്കും കൊടുക്കുക. ഗുരു.—'നിങ്ങൾ എന്തു മൃഗത്തെപ്പററിയാണ് ഇന്ന പഠിച്ചത.' കുട്ടികൾ.—'പശുവിനെപ്പററി.' ഗുരു.—'പശുവിൻെറ തലയിൽ എന്തുണ്ടു?' കുട്ടികൾ.—'കൊമ്പുകൾ.' ഗുരു.—"എത്ര കൊമ്പുകൾ." കുട്ടികൾ.—"രണ്ടു കൊമ്പുകൾ." ഗുരു.—(തൻെറ കയ്യിൽ രണ്ടു കോൽ എടുത്തു) "എൻെറ വക്കൽ എത്ര കോലുകളുണ്ടു?" കുട്ടി.—"രണ്ടു." ഗുരു.—"അവയെ ഞാൻ ഈവിധം പിടിച്ചാൽ എന്തിൻെറ മാതിരിയാണ?" കുട്ടികൾ.—പശുവിൻെറകൊമ്പുകളുടെ മാതിരി. ഗുരു.—"ഓരോരുത്തി ഈ രണ്ടു കോലെടുത്തു പശുവിൻെറ കൊ

വിഷയം.	ക്രമം.
	ബിൻ മാതിരി പിടിക്കുക." കുട്ടികൾ അപ്രകാരം ചെയ്യുന്നു. ഗുരു (തന്റെ വടികൾ ഇപ്രകാരം V താഴത്ത വെച്ചിട്ട) "എല്ലാവരും തങ്ങളുടെ വടികൾ ഇപ്രകാരം താഴെവെക്കുക." "പശുവിന്റെ കൊമ്പുകൾ കുത്തനയൊ കിടക്കുന്നമാതിരിയൊ അല്ല ചാഞ്ഞൊ?" കുട്ടികൾ.—"ചാഞ്ഞു." ഗുരു.—"പശു കൊമ്പുകൊണ്ടെന്തുചെയ്യുന്നു." കുട്ടി.—"അതുകൊണ്ടു തട്ടുന്നു." ഗുരു.—"അതെ, പശുവിന്ന ചെറിയ പശുക്കുട്ടികളുള്ളപ്പോൾ അതു അതിനെ വളരെ സ്നേഹിക്കുകയും, ചിലപ്പോൾ വല്ല നായയൊ ആളൊ അതിന്റെ അടുക്കെ ചെന്നാൽ തല താഴ്ത്തി അതിന്റെ നേരെ ഓടിച്ചെന്ന കുത്തുവാൻ നോക്കുകയും ചെയ്യും. ആ നായയൊ ആളൊ

വിഷയം.	ക്രമം.
	കുട്ടിയെ ഉപദ്രവിക്കുമെന്നു വിചാരിച്ചിട്ട തൻെറ കുട്ടിയെ രക്ഷിപ്പാൻ വേണ്ടിയാകുന്നു കുത്തുവാൻ നോക്കുന്നതു."
	"നിങ്ങളുടെ കോലുകൾ കെട്ടിൽ വെപ്പിൻ."
ആല (തൊഴുത്തു.)	"പശു രാത്രി എവിടെ കിടക്കുന്നു?"
	കുട്ടി.—"ആലയിൽ."
	ഗുരു.—"അതെ, ഇനി നമുക്ക ഒരു ആലയുണ്ടാക്കുക." (ഒരു കോലെടുത്തു താഴത്ത വെക്കുന്നു) "ഓരോരുത്തി ഓരോ കോലെടുത്തു ഇങ്ങിനെ ——— കിടത്തിവെക്കുക."
	കുട്ടികൾ അപ്രകാരം ചെയ്യുന്നു.
തറ.	ഗുരു.—"നിങ്ങളെന്തുമാതിരി വരയാണുണ്ടാക്കീട്ടുള്ളത?"
	കുട്ടികൾ.—"ഒരു കിടക്കുന്നവര."
	ഗുരു.—"അതെ, അതു പശു കിടക്കുന്ന ആലയുടെ തറയാണ. പശുവിന്നു കിടപ്പാൻ നിലത്തെത്തിടേണം."

വിഷയം.	ക്രമം.
	കുട്ടികൾ.—'വയ്ക്കോൽ.'
	ഗുരു.—"അതെ, നാം വെടിപ്പുള്ള വയ്ക്കോലുകൊണ്ടു ഒരു നല്ല കിടക്ക ഉണ്ടാക്കി ഇട്ടാൽ പശു സുഖമായി കിടന്നുറങ്ങിക്കൊള്ളും."
ചുമരുകൾ.	ഗുരു.—(വേറൊരു കോൽ എടുത്തു) ഓരോരുത്തി ഒരോ കോലെടുത്ത ഇപ്രകാരം വെക്കുക. നിങ്ങൾ എന്തുമാതിരി വരയാണിപ്പോഴുണ്ടാക്കീട്ടുള്ളത.
	കുട്ടികൾ.—ഒരു കുത്തനെയുള്ള വര.
	ഗുരു.—"അതെ, ആലയുടെ ഏതു ഭാഗമാണ നിങ്ങളുണ്ടാക്കീട്ടുള്ളത" (ഉത്തരം പറഞ്ഞിട്ടില്ലെങ്കിൽ "ആലയുടെ ഏതുഭാഗമാണ കുത്തനെയുള്ളതെന്നു" ചോദിക്കുക.)
	കുട്ടികൾ.—"ഒരു ചുമര്."
	ഗുരു.—(വേറൊരു കോലെടുത്തു) ഓരോരാൾ ഓരോ കോലെടുത്തു

വിഷയം.	ക്രമം.
	ഇങ്ങിനെ വെക്ക. ഇപ്പോൾ നാമെന്താണുണ്ടാക്കീട്ടുള്ളത്?"
	കുട്ടികൾ.—വേറൊരു ചുമര്.
	ഗുരു.—ചുമരുകൾ എന്തുകൊണ്ടാകുന്നു ഉണ്ടാക്കുന്നത്.
	കുട്ടികൾ.—„മണ്ണുകൊണ്ടു."
	ഗുരു.—„അവ എന്തു വരകളാകുന്നു?"
	കുട്ടികൾ.—„കുത്തനെയുള്ള വരകൾ."
മേല്പുര.	ഗുരു.—ഓരോരാൾ ഓരോ വടിയെടുത്തു ഇപ്രകാരം  വെക്ക. അതെന്തുവരയാകുന്നു?"
	കുട്ടികൾ.—„ഒരു ചാഞ്ഞവര."
	ഗുരു.—„ആലയുടെ ഏതു ഭാഗമാണ നാമിപ്പോഴുണ്ടാക്കീട്ടുള്ളത്?"
	കുട്ടികൾ.—„മേല്പുര."
	ഗുരു.—„നാം മേല്പുര മുഴുവനുമുണ്ടാക്കീട്ടുണ്ടൊ."

വിഷയം.	ക്രമം.

കുട്ടികൾ.—"ഇല്ല."

ഗുരു.—"വേറൊരു വടി എടുത്ത് ഇപ്രകാരം വെക്കുക.

ഇതെന്തു മാതിരി വരയാണ."

കുട്ടികൾ.—"ഒരു ചാഞ്ഞവര.

ഗുരു.—വേറൊരു കോലെടുത്ത് ഇങ്ങിനെ വെക്കുക.

ആ വര എന്തിനെയാണ പൂൎത്തിയാക്കിയത.

കുട്ടികൾ.—മേല്പുരയെ.

ഗുരു.—മേല്പുര എന്തുകൊണ്ടുണ്ടാക്കുന്നു.

കുട്ടികൾ.—പുല്ലുകൊണ്ടു അല്ലെങ്കിൽ ഓടുകൊണ്ടു.

ഗുരു.—ഇപ്പോൾ നമ്മുടെ പശുവിൻെറ ആല തീൎന്നൊ?

അതിൻെറ തറ കാണിപ്പിൻ.

അതിൻെറ ചുമരുകൾ കാണിപ്പിൻ.

വിഷയം.	ക്രമം.
	ആകപ്പാടെ എത്ര ചുമരുകളുണ്ടു?
	കുട്ടികൾ.—രണ്ടു.
	ഗുരു. — "മൂന്നാമത്തെ ചുമരെവിടെ?"
	കുട്ടികൾക്കറിഞ്ഞുകൂടാത്തപക്ഷം ഗുരു അത മറെറ രണ്ടു ചുമരുകളുടേയും നടുവിലാണെന്നു പറഞ്ഞു കാണിച്ചുകൊടുക്കേണം. മേല്പുര കാണിക്കുക? അതുണ്ടാക്കുവാൻ നാമെത്ര വടികൾ ഉപയോഗിച്ചു.
	കുട്ടികൾ.—മൂന്നു;
പരിക്ഷ.	ഗുരു. — നിങ്ങളുടെ കോലുകളെല്ലാം കെട്ടിലാക്കി വെക്കുക.
	ആലയുടെ തറയുണ്ടാക്കുക.
	ചുമരുകളുണ്ടാക്കുക.
	മേല്പുരയുണ്ടാക്കുക.
	ചുമരുകളെന്തുകൊണ്ടുണ്ടാക്കുന്നു?
	മേല്പുര എന്തുകൊണ്ടുണ്ടാക്കുന്നു?
	പശുവിൻെറ കിടക്ക എന്തുകൊണ്ടുണ്ടാക്കുന്നു?
	കിടക്ക എവിടെയാണ ഇടുന്നത?

പശുവിനെപ്പററിയുള്ള അഭിനയഗീതം.

പാട്ടിന്നു സമയമായാൽ "ഏതു ജന്തുവിനെപ്പററിയാണ ഇന്ന് ഞാൻ നിങ്ങളെ പഠിപ്പിച്ചത" എന്നു ഗുരു ചോദിക്കേണം.

കുട്ടികൾ.—"പശുവിനെപ്പററി."

ഗുരു.—വടികളെക്കൊണ്ടു നാമെന്താണുണ്ടാക്കിയത?

കുട്ടി.—"പശുവിൻെറ കൊമ്പുകളും ആലയും."

ഗുരു.—ഇനി ഇപ്പോൾ ഞാൻ നിങ്ങളെ പശുവിനെക്കുറിച്ചുള്ള ഒരു പാട്ടു പഠിപ്പിക്കാം.

കോൽവെക്കലും എരുമയെപ്പററിയുള്ള പാഠവും.

തരവും സമയവും മുമ്പിലത്തെപ്പോലെ.

കുട്ടികൾക്ക മുമ്പുള്ള അറിവ. — കുത്തനെ, കിടത്തി, ചാരനെ സമകോൺ, സമകോണിൻെറ നാലു സ്ഥാനങ്ങൾ, ഇവയുടെ ശരിയായ സാരം.

താൽപര്യം. — "പശുവിനെപ്പററിയുള്ള പാഠവും കോൽവെക്കലും" എന്ന പാഠത്തിലെപ്പോലെ തന്നെ.

ഉപകരണങ്ങൾ. — ഗുരുവിന്നും ഓരോ കുട്ടിക്കും നന്നാലു കോലുകൾ.

വിഷയം.	ക്രമം.
എരുമയുടെകൊമ്പുകൾ.	ഗുരു.—"ഏതു മൃഗത്തെപ്പററിയാണ നിങ്ങളൊടുക്കം പഠിച്ചത്?" കുട്ടികൾ.—"എരുമയെപ്പററി." ഗുരു.—"എരുമക്ക എത്ര കൊമ്പുകളുണ്ടു?" കുട്ടികൾ.—"രണ്ടു." ഗുരു.—"എരുമയുടെ കൊമ്പുകളും പശുവിൻെറ കൊമ്പുകളും തമ്മിലെന്താണ ഭേദം?" കുട്ടികൾ.—"എരുമയുടെ കൊമ്പുകൾ പശുവിൻെറ കൊമ്പുകളെക്കാൾ അധികം ചരിഞ്ഞിട്ടാണ." ഗുരു.—(രണ്ടു കോലുകളിങ്ങിനെ പിടിച്ചു) ഇതു പശുവിൻെറ കൊമ്പുകളൊ എരുമയുടെ കൊമ്പുകളൊ? കുട്ടി.—"പശുവിൻെറ കൊമ്പുകൾ." ഗുരു.—"ഇവ ഏതിൻെറ കൊമ്പുകളാകുന്നു?" കുട്ടികൾ.—എരുമയുടെ.

വിഷയം.	ക്രമം.
	ഗുരു.—"രണ്ടു കോലുകൾ എടുത്തു എരുമയുടെ കൊമ്പുകളെപ്പോലെ വെക്കുക. " ഗുരു.—"രണ്ടു കോലെടുത്തു പശുവിൻെറ കൊമ്പുകളെപ്പോലെ വെക്കുക. " ഗുരു.—"എരുമയുടെ കൊമ്പുകളെ കാണിക്കുക." "പശുവിൻെറ കൊമ്പുകളെ കാണിക്കുക." കൊമ്പുകൾ കുത്തനെയൊ ചരിഞ്ഞൊ? കുട്ടികൾ.—ചരിഞ്ഞു. ഗുരു.—"ഏതാണധികം ചരിഞ്ഞത. പശുവിന്േറതൊ, എരുമയുടേതൊ?" കുട്ടികൾ.—"എരുമയുടേത. ഗുരു.—നിങ്ങളുടെ കോലുകൾ തിരികെ കെട്ടുകളിൽ വെക്കുക.
കുളം.	ഗുരു.—തണുപ്പിന്നായി എരുമ എവിടെ പോകുന്നു.

വിഷയം.	ക്രമം.
	കുട്ടികൾ.—കുളത്തിലേക്കു. ഗുരു.—എരുമക്കു് തണുപ്പു് കൊടുക്കുന്നതായി കുളത്തിൽ എന്താണുള്ളതു്? കുട്ടികൾ.—വെള്ളം. ഗുരു.—എരുമ കുളത്തിലായിരിക്കുമ്പോൾ എന്തനുഭവിക്കുന്നു? കുട്ടികൾ.—"സുഖവും, തണുപ്പും, ആനന്ദവും." ഗുരു.—"എരുമക്കു അത്ര ആനന്ദത്തെ കൊടുക്കുന്ന ഒരു കുളത്തെ നമുക്കൊന്നുണ്ടാക്കാം. ഓരോരുത്തർ ഓരോ കോലെടുത്തു ഇപ്രകാരം ______ കിടത്തിവെക്കുക. ഇതെന്തു വരയാകുന്നു? കുട്ടികൾ.—കിടക്കുന്നവര. ഗുരു.—അതിന്റെ വലത്തെ അററം കാണിക്കുക. അതിന്റെ ഇടത്തെ അററം കാണിക്കുക.

വിഷയം.	ക്രമം.

വേറൊരു വടിയെടുത്തു അതിൻെറ ഒരററം ആദ്യത്തെ വടിയുടെ വലത്തേ അററത്തോടു മുട്ടിച്ച് ഇപ്രകാരം വെക്കുക.

രണ്ടാമത്തെ വടി എന്തുമാതിരി വരപോലെയാണ?

കുട്ടികൾ.—ഒരു കുത്തനെയുള്ള വര പോലെ.

ഗുരു.—രണ്ടു കോലും ഒന്നിച്ചുകൂടി എന്തുണ്ടാകുന്നു?

കുട്ടി.—ഒരുമൂല.

ഗുരു.—അത ഒരു വലത്തെമൂലയൊ ഇടത്തെമൂലയൊ?

കുട്ടികൾ.—അത് വലത്തുവശത്തെ ചുവട്ടിലെ മൂലയാകുന്നു.

ഗുരു.—വേറൊരു കോൽ എടുത്ത് അതിൻെറ അററം ആദ്യത്തെ കോലിൻെറ ഇടത്തെ അററത്തോടു മുട്ടിച്ച ഇപ്രകാരം  വെക്കുക.

വിഷയം.	ക്രമം.

ഇപ്പോൾ നാമെത്ര മൂലകളുണ്ടാക്കീട്ടുണ്ടു?

കുട്ടികൾ.— രണ്ടു.

ഗുരു.—രണ്ടാമത്തേത ഏതു തരത്തിലുള്ള മൂലയാകുന്നു?

കുട്ടികൾ.—ഇടത്തേവശത്തു അടിയിലുള്ള മൂല.

ഗുരു.—വേറൊരു വടിയെടുത്ത് അതിന്റെ അററം ഒന്നാമത്തെ വടിയുടെ മുകളിൽ മുട്ടിച്ചു ഇപ്രകാരം

വെക്കുക.

നാമിപ്പോൾ എത്ര മൂലയുണ്ടാക്കീട്ടുണ്ടു?

കുട്ടികൾ.—"നാലു."

ഗുരു.—മുകളിലത്തെ രണ്ടു മൂലയും കാണിക്കുക.

താഴത്തെ രണ്ടു മൂലയും.

ഇടത്തുവശത്തെ രണ്ടു മൂലയും.

വലത്തുവശത്തെ രണ്ടു മൂലയും.

ഇപ്പോൾ നമ്മുടെ കളം തീൎന്നു.

വിഷയം.	ക്രമം.
	കുളത്തിന്റെ കരകൾ കാണിക്കുക.
	കുളത്തിന്നെത്ര കരകളുണ്ടു?
	കുട്ടികൾ.—നാല്.
	ഗുരു.—കുളത്തിന്നെത്ര മൂലയുണ്ട്.
	കുട്ടികൾ.—നാല്.
	ഗുരു.—അവയെ കാണിക്കുക.
	ഗുരു.—കുളത്തിലെന്താണുള്ളത്?
	കുട്ടികൾ.—വെള്ളം.
	ഗുരു.—ഏതു മൃഗമാണ കുളത്തിൽ കിടന്നുരുളുവാൻ അധികം ആഗ്രഹിക്കുന്നതു.
	കുട്ടികൾ.—എരുമ.
	ഗുരു.—കുളത്തിൽ കിടക്കുമ്പോൾ പോത്തിന്നെന്തുണ്ടാകുന്നു?
	കുട്ടികൾ.—"ആനന്ദം."
	ഗുരു.—നിങ്ങളുടെ വടികൾ തിരികെ കെട്ടിൽവെക്കുക.
പരീക്ഷ.	രണ്ടു കോൽ എടുത്തു പശുവിന്റെ കൊമ്പുകളുണ്ടാക്കുക.
	രണ്ടു കോലെടുത്തു എരുമയുടെ കൊമ്പുകളെ ഉണ്ടാക്കുക.

വിഷയം.	ക്രമം.
	നിങ്ങളുടെ വടികളെടുത്ത് കുളം ഉണ്ടാക്കുക. കുളത്തിൻെറ നാലു കരകളും നാലു മൂലകളും കാണിക്കുക. കുളത്തിൽ വെള്ളം എവിടെയെന്നു കാണിക്കുക.

കുട്ടികൾ താമസിക്കുന്ന പട്ടണമൊ ഗ്രാമമൊ പുഴയുടെ കരക്കാണെങ്കിൽ പാഠം പുഴയെപ്പററി ആയിരിക്കേണം. കുറെ കോലുകളെടുത്ത് ഇപ്രകാരം നിരത്തിവെച്ച് പുഴയെ കാണിക്കാം.

മുൻപറഞ്ഞപ്രകാരം, നായെയും തത്തയെയുംപററിയുള്ള പാഠത്തിൻെറ ശേഷം കോൽ നിരത്തുന്ന പാഠങ്ങളിൽ, നായുടെയും തത്തയുടെയും കൂടുകളുടെ രൂപങ്ങളെ ഉണ്ടാക്കിക്കേണം.



നെല്ലിനെപ്പററിയുള്ള പാഠത്തിൻെറ ശേഷം നെൽ വയലിൻെറ മാതിരി ഇപ്രകാരം ഉണ്ടാക്കേണം.



കരിമ്പിനെക്കുറിച്ചുള്ള പാഠത്തിൻെറ ശേഷം കുട്ടികൾ കരിമ്പിൻെറ ആകൃതി ഇപ്രകാരം ഉണ്ടാക്കേണം.

സ്ലേററു, പുസ്തകം, കൈ ഇവയെപ്പററിയുള്ള പാഠങ്ങളുടെ ശേഷം കോൽ നിരത്തുന്ന പാഠങ്ങളിൽ അവയുടെ രൂപത്തെ ഇങ്ങിനെ ഉണ്ടാക്കേണം.



മണികോക്കൽ.

അഭ്യാസത്തിന്റെ താൽപര്യം.

ഈ അഭ്യാസത്തിന്റെ താൽപര്യവും മുമ്പു വിവരിച്ചിട്ടുള്ളവയുടേതുപോലെ തന്നെയാകുന്നു. എന്നാൽ കല്ലുകൾ അവയുടെ ഭംഗിയുള്ള നിറംകൊണ്ടും തിളങ്ങൽകൊണ്ടും കുട്ടികളെ പ്രത്യേകിച്ചാകൎഷിക്കുന്നവയാകുന്നു. അവ കുട്ടികളുടെ മനസ്സിൽ മനോഹരവസ്തുക്കളോടുള്ള താൽപര്യം ജനിപ്പിച്ചു അവൎക്കു വിശേഷവിധിയായ ഒരാനന്ദത്തെക്കൊടുക്കുന്നു. കല്ലുകൾക്കുള്ള ഉരുണ്ട ആകൃതിയും കുട്ടികളെ സന്തോഷിപ്പിച്ചു അവയെ പിടിച്ചു നോക്കുന്നതിൽ അവരുടെ ഉള്ളിൽ രസത്തെ ഉണ്ടാക്കുന്നു. ഈ അഭ്യാസത്തിൽ ഗുരു കുട്ടികളെ അവര് മുമ്പു പഠിച്ചിട്ടുള്ള വല്ല വസ്തുക്കളെയും ഉണ്ടാക്കാൻ തനിയെ വിടുകയാണ നല്ലത. ഇടക്കിടെ അവൎക്കു ഓരോ മാതിരി കാണിച്ചുകൊടുക്കയും ചെയ്യാം. എങ്ങിനെയെന്നാൽ ഒരേനിറത്തിലുള്ള രണ്ടു മണിയുടെ ശേഷം വേറെ ഒരു നിറത്തിലുള്ള മൂന്നമണി ഇങ്ങിനെ ക്രമത്തിൽ ഇടവിട്ട കോക്കുവാൻ കാണിച്ചുകൊടുക്കാം. ചിലപ്പോൾ പലെ നിറത്തിലുമുള്ള കല്ലുകൾ നിറഞ്ഞ ഒരു പെട്ടി കുട്ടികൾക്കു കൊടുത്ത അവരുടെ ഇഷ്ടംപോലെ വല്ലതും ഉണ്ടാക്കാൻ വിട്ടേക്കണം. എന്നാൽ അവരുണ്ടാക്കീട്ടുള്ളതെന്താണെന്നും മററും അവരോടു ചോദിച്ച അവർ ചെയ്തിട്ടുള്ളതിനെ ഗുരു പരിശോധിക്കേണ്ടതാണ.

ആവശ്യമുള്ള സാധനങ്ങൾ.

ആവശ്യമുള്ള സാധനങ്ങൾ മണികളും ഉറപ്പുള്ള നൂലും കുട്ടികൾക്കും ഗുരുവിന്നും ഓരോ പെട്ടിയൊ ചേപ്പൊ ഇതും ആകുന്നു. മണികൾ ഒരു പയററിന്മണി വലിപ്പത്തിൽ പളുങ്ക്കൊണ്ടുള്ളതായിരിക്കേണം. അവ മിക്ക അങ്ങാടികളിലും മേടിക്കാൻ കിട്ടും. ചെറിയ കല്ലുകൾ കോക്കുന്നതു കാഴ്ചക്കു ദോഷകരമായിരിക്കും. വലിയ മണികൾ കിട്ടുവാൻ തരമില്ലെങ്കിൽ ശിശുക്കളുടെ ക്ലാസ്സിൽ ഈ അഭ്യാസം ചെയ്യിക്കരുത. നല്ലവണ്ണം പിരിച്ചിട്ടുള്ളതായി തുന്നുവാൻ ഉപയോഗിക്കുന്ന നൂലാണ് ഈ അഭ്യാസത്തിന്ന് പററിയത്. അതിന്ന് ഒരു വിശേഷ ഗുണമായിട്ട് നല്ലവണ്ണം കൂടെയുണ്ടു. പാഠത്തിന്റെ ഉദ്ദേശ്യം ഒരു പ്രത്യേക വസ്തുവിനെ ഉദാഹരിപ്പാനാണെങ്കിൽ നൂലും കല്ലുകളും തക്കതായ നിറത്തിലായിരിക്കേണം. എങ്ങിനെയെന്നാൽ ഒരു പൊൻവളയുടെ മാതിരി ഉണ്ടാക്കേണമെങ്കിൽ മഞ്ഞ നൂലിന്മേൽ മഞ്ഞ മണികോത്തുണ്ടാക്കേണം. വെള്ളിയെക്കുറിച്ചുള്ള ഒരു പാഠത്തെ ഉദാഹരിക്കേണമെങ്കിൽ വെളുത്ത കല്ലു വെളുള നൂലിന്മേൽകോത്തു വേണ്ടതാകുന്നു.

ഓരോ കുട്ടിക്കും ഗുരുവിന്നും മണിയും നൂലും വെപ്പാൻ ഓരോ അളു ആവശ്യമാകുന്നു. ഇതിന്നു പററിയത മൂടിയുള്ള ചെറിയ തകരംകൊണ്ടുള്ള അളുക്കളൊണ. അവ സഹായത്തിൽ മിക്ക അങ്ങാടികളിലും ഉണ്ടാക്കി

ക്കിട്ടും. കിട്ടുന്നതിന്ന് തരമില്ലെങ്കിൽ ചെറിയ കളിക്കലങ്ങളൊ ചിരട്ടകളൊ ഉപയോഗിക്കാം. ഇവയിൽ നിന്ന് കല്ലുകൾ വീണുപോകാതെ സൂക്ഷിക്കേണം. ഈ തരത്തിൽ പാഠം കഴിഞ്ഞതിന്റെ ശേഷം ഒരുസമയം കല്ലുകൾ ഊരി വെക്കേണ്ടിവരും. എന്നാൽ ഇതു കുട്ടികളുടെ മുമ്പിൽ വെച്ച് ചെയ്യരുത. സ്കൂളിന്നു ചെലവിടുവാൻ സാദ്ധ്യമാകുന്നപക്ഷം കുട്ടികൾ കോൎത്തിട്ടുള്ളത ചിലപ്പോഴൊക്കെ എടുത്തു വീട്ടിലേക്ക കൊണ്ടുപോകുന്നതിന്നനുവദിക്കേണം.

ഒരുക്കം.

മണികോൎക്കുന്ന പാഠം തുടങ്ങുന്നതിന്നുമ്പു ഗുരു തന്റെയും ഓരോ കുട്ടിയുടെയും അളവിൽ തക്കതായ നിറത്തിലുള്ളതും ഒരു അററത്ത് ഒരു വലിയ കെട്ടൊട്ടു കൂടിയതും ആയ ഒരു നൂലും ആവശ്യമുള്ളേടത്തോളം തക്കതായ നിറത്തിലുള്ള മണികളും വെക്കേണം. എല്ലാ അളുക്കളും ഒരു വലിയ കൊട്ടയിൽ അടക്കിവെക്കേണം.

സാധനങ്ങൾ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നത.

തകര അളുക്കളൊ ചട്ടികളൊ നിറച്ചിട്ടുള്ള കൊട്ട ക്ലാസ്സിലേക്ക കൊണ്ടുവന്ന മുമ്പിൽ വിവരിച്ചിട്ടുള്ളതുപോലെ ഓരോ വരിയിൽ കൈ മാറിമാറി എല്ലാ കുട്ടികൾക്കും പെട്ടികൾ കൊടുപ്പിക്കേണം. ചട്ടികളൊ ചിരട്ടകളൊ ഉപയോഗിക്കുന്നപക്ഷം അവയിൽ നിന്ന കല്ലുകൾ തട്ടിച്ചിതറി വീണുപോകാതെ സൂക്ഷിക്കേണം.

മണികോക്കുന്നതിനെക്കുറിച്ചുള്ള പാഠം.

ഒന്നു എന്ന സംഖ്യയും വെളുപ്പു നിറവും.

സമയം.—അരമണിക്കൂർ.

കുട്ടികൾക്ക് മുമ്പുള്ള അറിവ്.—സൂക്ഷ്മമല്ലാത്തത്.

താൽപര്യം.—കുട്ടികൾക്കു ഒന്ന് എന്ന സംഖ്യയുടെ ആകൃതിയും വെള്ളനിറവും തെളിവായി മനസ്സിലാക്കിക്കുകയും അവരെക്കൊണ്ടു കല്ല കോപ്പിച്ച് അവക്ക് പ്രവൃത്തിക്കുള്ള ആഗ്രഹം നിവൃത്തി വരുത്തുവാനും.

ഉപകരണങ്ങൾ.—ഒരു തലക്കൽ ഒരു വലിയ കെട്ടിട്ടുള്ള ഒരു വെളുത്ത നൂലും ഒരു വെളുത്ത മണിയും ഉള്ള ഓരോ അളു ഗുരുവിന്നും ഓരോ കുട്ടിക്കും.

വിഷയം.	ക്രമം.
ഒന്ന് എന്ന സംഖ്യ (കുട്ടികൾക്ക കാണ്മാൻ കഴിയുന്നത്.)	മുമ്പെ പറഞ്ഞിട്ടുള്ളതുപോലെ അളുക്കുകൾ കൊടുക്കുക. ഗുരു തന്റെ കല്ലകളുള്ള അളു ക്ലാസ്സിന്റെ മുമ്പിൽ പൊക്കിപ്പിടിച്ചു തന്റെ കയ്യിൽ എത്ര അളുവുണ്ടെന്നു ചോദിക്കുക. ആക്കും അറിഞ്ഞു കൂടെങ്കിൽ അത ഒരു അളുവാണെന്നു അവരോടുപ

വിഷയം.	ക്രമം.
	റയേണം. ഓരോരു കുട്ടിയുടെ കൈയിൽ എത്ര അളവുണ്ടെന്ന കുട്ടികളെക്കൊണ്ടു പറയിക്കുക.
	ഒരു കുട്ടിയെ ക്ലാസ്സിൻെറ മുമ്പിൽ വിളിച്ചു അവൾക്കു എത്ര തലയും എത്ര മൂക്കും ഉണ്ടെന്ന കുട്ടികളെക്കൊണ്ടു പറയിക്കുക.
	അവരുടെ മുമ്പാകെ എത്ര എഴുത്തമ്മമാർ നിൽക്കുന്നുണ്ടെന്നു ചോദിക്കുക.
	ഗുരു ഒരു വിരൽപോക്കി താൻ എത്ര വിരൽ പോക്കീട്ടുണ്ടെന്നു പറയിക്കുക.
	വസ്തുവിൻെറ പേരോടു കൂടാതെ ഒന്നു എന്ന പറവാൻ കുട്ടികളെ സമ്മതിക്കരുത.
	അവരെക്കൊണ്ടു ഒരു അളു, ഒരു കുട്ടി, ഒരു എഴുത്തമ്മ, ഒരു വിരൽ എന്നിങ്ങിനെ പറയിക്കേണം.
	കുട്ടികളോടു ഓരോ വിരൽ പോക്കുവാൻ പറയുക. ഗുരു ബോധി

വിഷയം.	ക്രമം.
	ന്മേൽ ഒരു വരവരച്ചിട്ട് എത്ര വര വരച്ചിട്ടുണ്ടെന്ന് ചോദിക്കുക.
ഒന്ന്(കുട്ടികളുടെ മുമ്പിലില്ലാത്തത.)	കുട്ടിക്ക എത്ര അച്ഛനുണ്ടെന്ന ചോദിക്കുക. എത്ര അമ്മയുണ്ടെന്നും ചോദിക്ക.
	ആകാശത്തിൽ എത്ര സൂര്യൻ പ്രകാശിക്കുന്നുണ്ടെന്ന ചോദിക്കുക.
	രാത്രി എത്ര ചന്ദ്രനെ കാണുന്നുണ്ടെന്ന ചോദിക്കുക.
	ഗുരു തന്റെ അളു തുറന്ന് വെളുത്ത കല്ലയെടുത്ത് പൊക്കിപ്പിടിച്ചു തന്റെ കയ്യിൽ എത്ര കല്ലയുണ്ടെന്ന ചോദിക്കുക.
	ഓരോ കുട്ടിയുടെ കയ്യിൽ എത്ര അളുവുണ്ടെന്ന പിന്നെയും ചോദിക്കുക.
	അവരോടു അവരുടെ ഇടത്തെ കയ്യിൽ അളുപിടിച്ചു വലത്തെ കൈകൊണ്ടു അതു തുറക്കുവാൻ പറയുക.
	കുട്ടികളോടു അവരുടെ കല്ലയെടുക്കുവാൻ പറയുക.

വിഷയം.	ക്രമം.
	അവരോടു എഴുന്നീററ നിന്ന കല്ല വലത്തെ കയ്യിൽ നീട്ടിപ്പിടിപ്പാൻ പറയുക.
വെളുപ്പ (കുട്ടികൾക്കു കാണുവാൻ കഴിയുന്നത.)	കല്ലിന്റെ നിറം എന്തെന്ന ചോദിക്കുക.
	ആൎക്കും അറിഞ്ഞു കൂടെങ്കിൽ വെളുത്തതാണെന്നപറഞ്ഞു കൊടുക്കുക.
	ചോക്ക് അവരെ കാണിച്ചു അതിന്റെ നിറമെന്താണെന്നു അവരെക്കൊണ്ടു പറയിക്കുക.
	ഒരു വെളുത്ത തുണി കാണിച്ചു അതിന്റെ നിറം ചോദിക്കുക.
	ചുണ്ണാമ്പു ചുണ്ടിക്കാണിച്ചു അതിന്റെ നിറം ചോദിക്കുക.
വെളുപ്പ (കുട്ടികളുടെ മുമ്പാകെ ഇല്ലാത്തത.)	കുട്ടികളോടു അവർ കുടിക്കുന്ന വല്ല വെളുത്ത വസ്തുവിന്റെയും പേർ പറയുവാൻ പറക.
	തിന്നുന്ന വല്ല വെളുത്ത വസ്തുവിന്റെയും പേർ പറയുവാൻ പറയുക.
	അവരുടെ വീട്ടിൻ ചുമരിന്റെ നിറം അവരെക്കൊണ്ടു പറയിക്കുക.

വിഷയം.	ക്രമം.
	ഓരോരുത്തരുടെ കയ്യിൽ എത്ര കല്ലുയുണ്ടെന്നും അതിൻെറ നിറമെന്താണെന്നും പിന്നെയും ചോദിക്കുക.
	അവരോടു രണ്ടാമത്തും പെട്ടികൾ തുറന്നു നൂലെടുക്കുവാൻ പറഞ്ഞു അതിൻെറനിറമെന്താണെന്നു ചോദിക്കുക.
	അവരുടെവെളുത്തകല്ലു വെളുത്ത നൂലിന്മേൽ കോൎക്കുവാൻ പറക.
പരീക്ഷ.	കഴിഞ്ഞിട്ടുള്ള അഭ്യാസത്തിൽ ചോദ്യങ്ങൾ ചോദിക്കുക.
സാധനങ്ങൾ തിരിച്ചു വാങ്ങൽ.	കുട്ടികളോടു അവർ കോൎത്തിട്ടുള്ള കല്ലു മണി പെട്ടിയിൽ വെക്കുവാൻ പറക.
	അവരോടു തങ്ങളുടെ അളു അടക്കുവാൻ പറയുക.
	ഈ പാഠത്തിലും ഈ വിധമുള്ള മററു പാഠങ്ങളിലും മുമ്പറഞ്ഞിട്ടുള്ളതുപോലെ അളുക്കൾ തിരികെ മേടിക്കുക.

പന്ത്രണ്ടുവരെയുള്ള എല്ലാ സംഖ്യകളും ഈ ക്രമത്തിൽ പഠിപ്പിക്കുക. കഴിയുന്നേടത്തോളം സംഖ്യകളെ എണ്ണത്തിൽ ഭേദം ഉണ്ടാകാത്ത സ്വാഭാവിക വസ്തുക്കളെക്കൊണ്ടു ദൃഷ്ടാന്തപ്പെടുത്തേണം. ഉ-ം:—രണ്ടു എന്ന സംഖ്യയെ പഠിപ്പിക്കുമ്പോൾ കുട്ടികളോടു അവക്കു എത്ര കൈ, എത്ര കണ്ണു, മൂക്കിനെത്ര ദ്വാരം, എത്ര ചെവി, എത്ര കാൽ, എത്ര പാദം, ഉണ്ട് എന്നിങ്ങിനെ ചോദിക്കേണം. പശുവിൻെറ കൊമ്പു, തത്തയുടെ ചിറകു, നായുടെ ചെവി ഇങ്ങിനെ എല്ലായ്പോഴും ഇരട്ടയായി കാണപ്പെടുന്ന വസ്തുക്കളുടെ പേർ കുട്ടികളെക്കൊണ്ടു പറയിക്കേണം. വണ്ടിക്കു കെട്ടുന്ന കുതിരകൾ കാളകൾ മുതലായി മനുഷ്യർ ചിലപ്പോൾ ഇരട്ടയായി ചേർക്കുന്ന സാധനങ്ങളെ അവരെക്കൊണ്ടുതന്നെ ആലോചിച്ചു പറയിക്കുക. സംഖ്യകളെ പഠിപ്പിക്കുമ്പോൾ കായകളുടെയും പുഷ്പങ്ങളുടെയും പലെ ഭാഗങ്ങൾ കുട്ടികളെ കാണിക്കാം.

ഉദാഹരണം: — 1 എന്നുള്ളതിന്ന് ഒരു മാങ്ങയുടെ അണ്ടി. 3 എന്നുള്ളതിന്നു ഒരു മൂവിലയുടെ ഓരോ ഇല. 5 എന്നുള്ളതിന്നു അഞ്ചിതൾ കാഹളപ്പൂവും (ഓടപ്പൂ) വഴുതിനിങ്ങയുടെ ഞെട്ടും 6 എന്നതിന്നു ആറു ദലമുള്ള ആമ്പലിൻെറ ഇതളും. ഇവയുടെ ഭാഗങ്ങളുടെ എണ്ണം ഭേദപ്പെടുന്നില്ലെന്നു കുട്ടികളെ മനസ്സിലാക്കുവാൻ ഓരോ മാതിരി കായകളും പൂക്കളും വളരെ കാണിക്കേണം. ശിശുതരത്തിൽ മുമ്പു നിയമത്താൽ ആവശ്യപ്പെട്ടതും ഇപ്പോഴും ആ തരത്തിൽ വളരെ ഉപയോഗമുള്ളതും

ആയ എല്ലാ കണക്കുകളും ഈവിധ അഭ്യാസത്തിനാൽ പഠിപ്പിക്കാം. ഉ-ം:—പാഠം നാല് എന്ന സംഖ്യയെ പ്പററിയാണെന്നു വിചാരിക്ക. ഒന്നു എന്ന സംഖ്യയെ പ്പററിയുള്ള പാഠത്തിലേപ്പോലെ നാലു എന്നതിനെയും പലേ വിധത്തിലും കുട്ടികൾ വിചാരിച്ചതിൻെറ ശേഷം നാലു കല്ലു മണികൾ കോക്കട്ടെ. പിന്നേത്തെ പാഠ സമയം അവർ കോൎത്തിട്ടുള്ള നാലു കല്ലു മണികളും അതെ സ്ഥിതിയിൽതന്നെ പെട്ടിയിൽ അങ്ങിനെ തന്നെ കാണേണം. ഗുരു ചോദ്യങ്ങൾ മൂലം അവരെ ക്കൊണ്ടു ഈ നാലു മണികളെ 1, 2, 3, 4; 4, 3, 2, 1. ഇങ്ങി നെ മുമ്പോട്ടും പിന്നോട്ടും എണ്ണിക്കേണം.

അതിൻെറ ശേഷം അവരെക്കൊണ്ടു 1, 3, 2, 4. ഇ ങ്ങിനെ ഒററ എണ്ണങ്ങളും ഇരട്ട എണ്ണങ്ങളും ആയും;

1, 3, 2, 4. ഇങ്ങിനെ ഇടവിട്ടിട്ടും എണ്ണിക്കേണം.

പിന്നെ $1+2=3$

$1+3=4$

$2+1=3$

$2+2=4$

$3+1=4$

ഇങ്ങിനെ അവരെക്കൊണ്ടു പറഞ്ഞു കൂട്ടിക്കുകയും;

$4-1=3$

$4-2=2$

$4-3=1$

$4-4=0$

$3-1=2$

$3-2=1$

$3-3=0$

$2-1=1$

$2-2=0$

ഇങ്ങിനെ കിഴിപ്പിക്കുകയും; ചെയ്യേണം.

പിന്നെ 4-ൻെറ പകുതി = 2,

2-ൻെറ പകുതി = 1,

ഇങ്ങിനെ പകുപ്പിക്കുകയും;

1-ൻെറ ഇരട്ടി = 2,

2-ൻെറ ഇരട്ടി = 4,

ഇങ്ങിനെ ഇരട്ടിപ്പിക്കുകയും; ചെയ്യേണം.

ഈ അഭ്യാസത്തിൽ, പഠിപ്പിച്ചിട്ടുള്ള സംഖ്യകളെ കൊണ്ടു മേൽപറഞ്ഞ കണക്കുകൾ മുഴുവനും കുട്ടികൾക്കു നല്ലവണ്ണം പരിചയമാകുന്നതുവരെ പുതിയ സംഖ്യകളെ എടുക്കരുത.

കല്ല മണികളെക്കൊണ്ടു നിറങ്ങളെപ്പററി കുട്ടികളെ പഠിപ്പിക്കുമ്പോൾ അതേ നിറത്തിലുള്ള മററു വസ്തുക്കളെ തങ്ങൾതന്നെ വിചാരിച്ചു പറവാൻ തക്കവണ്ണം കുട്ടികളോടു ചോദ്യങ്ങൾ ചോദിക്കേണം. കുട്ടികൾ സാധാരണയായി, പ്രത്യേകിച്ച പട്ടണങ്ങളിൽ, അവരുടെ ചുററുമുള്ള കൃത്രിമ പദാൎത്ഥങ്ങളെപ്പററിയാണ അധികം വേഗം വിചാരിക്കുന്നത. അവർ തുണികൾ, ജാക്കെററുകൾ, പട്ടു ഈ വിധം വസ്തുക്കളുടെ പേരു പറയും; ഈ വിധം ഉത്തരങ്ങൾ ശരിയാണെങ്കിൽ സ്വീകരിക്കേണ്ടതാകുന്നു.

എന്നാൽ ഗുരു ചോദ്യങ്ങൾ മൂലം ആവശ്യപ്പെട്ട നിറത്തിലുള്ള പുഷ്പങ്ങൾ, ഫലങ്ങൾ, ഇതളുകൾ, ഇലകൾ, മൃഗങ്ങൾ, പക്ഷികൾ ഇങ്ങിനെയുള്ള സ്വാഭാവിക വസ്തുക്കളുടെ പേർ അവരെക്കൊണ്ടു പറയിക്കേണം.

മണികോക്കൽ.

ഒരു വെള്ളിമോതിരം.

സമയം.—അരമണിക്കൂർ.

കുട്ടികൾക്കു മുമ്പുള്ള അറിവ.—മണികോക്കുന്നതിൽ അല്പം പരിചയവും വെള്ളിയെപ്പററി പഠിച്ചിട്ടുള്ള പാഠത്തിൽ നിന്നു കിട്ടീട്ടുള്ള അറിവും.

താൽപര്യം. — വെള്ളിയെക്കുറിച്ചുള്ള പാഠത്തിൽ നിന്നു ഉണ്ടായിട്ടുള്ള അറിവ ഉറപ്പിപ്പാനും സങ്കല്പശക്തിയും വല്ല പ്രവൃത്തിയും ചെയ്തുകൊണ്ടിരിക്കുന്നതിനുള്ള താൽപര്യവും വൎദ്ധിപ്പിപ്പാനും കൈകൊണ്ടു ചെയ്യുന്ന പ്രവൃത്തിയിൽ സാമൎത്ഥ്യം വരുത്തുവാനും.

ഉപകരണങ്ങൾ.— സാധാരണപോലെ. ഒരു തലക്കൽ കെട്ടിട്ടിട്ടുള്ള വെള്ള നൂലും ഒരു മോതിരം ഉണ്ടാക്കുന്നതിന്നു വേണ്ടുന്ന വെളുത്ത കല്ലുകളും പെട്ടികളില്ലുണ്ടായിരിക്കേണം.

വിഷയം.	ക്രമം.
സാധനങ്ങൾ കൊടുക്കൽ.	സാധാരണപോലെ പെട്ടികൾ കൊടുക്കുക.
വെള്ളിയെക്കുറിച്ചുള്ള പാഠത്തോടുള്ള സംബന്ധം.	വെള്ളിയെക്കുറിച്ചുള്ള പാഠത്തെ ഓൎമ്മപ്പെടുത്തി, വെള്ളികൊണ്ടു സാധാരണയായി മോതിരങ്ങൾ ഉ

വിഷയം.	ക്രമം.
	ണ്ടാക്കാറുണ്ടെന്ന അവരെക്കൊണ്ടു പറയിക്ക.
	ഗുരു തൻെറ പെട്ടി തുറന്നു തൻെറ വശമുള്ള കല്ലുകളും ചരടും കാണിക്കുക. കല്ലുകളും ചരടും ഏത സംഗതികളിലൊക്കെ വെള്ളിയോടു തുല്യമാകുന്നു എന്ന കുട്ടികളെക്കൊണ്ടു പറയിക്കുക.
ഗുരു കോക്കുന്നത.	നിങ്ങളുടെ കല്ലുകൾ കോൎത്ത്, ചരട്ടിനെ ഒരു മോതിരമാക്കിക്കെട്ടി അധികമുള്ള ചരട് മുറിച്ചു കളയുക.
കുട്ടികൾ കോക്കുന്നത.	കുട്ടികൾ അവരുടെ പെട്ടികൾ തുറന്നു അവയിൽ അവരെന്തു കാണുന്നുവെന്നു നിങ്ങളോടു പറയട്ടെ.
	അവരുടെ കല്ലുകളെ എണ്ണി അവ എത്രയുണ്ടെന്ന നിങ്ങളോടു പറയട്ടെ.
	അവരുടെ എല്ലാ കല്ലുകളും കോക്കുവാൻ പറയുക. ഓരോ കുട്ടി കോൎത്തു കഴിയുമ്പോൾ എഴുനീററു നില്ക്കട്ടെ.

വിഷയം.	ക്രമം.
	ക്ലാസ്സിൽ കൂടി വേഗം നടന്ന ഒരോ മോതിരം കെട്ടി, അധികമുള്ള നൂൽ മുറിച്ചു കളയുക.
	അവരെന്താകുന്നു ഉണ്ടാക്കീട്ടുള്ളതെന്നു പിന്നെ കുട്ടികളോടു ചോദിക്ക.
	എല്ലാ കുട്ടികളും തങ്ങളുടെ മോതിരം ഇടട്ടെ.
	സ്കൂളിന്നു നിവ്വാഹമുള്ളപക്ഷം അവരവരുണ്ടാക്കിയ മോതിരം കുട്ടികൾ എടുത്തുകൊള്ളട്ടെ.
പരിക്ഷ.	വെള്ളിമോതിരത്തിൻെറ ആകൃതിയെയും നിറത്തെയുംപററി പഠിച്ചിട്ടുള്ളതിൽ പരീക്ഷിക്കുക.

തത്തയെക്കുറിച്ചുള്ള പാഠത്തിൻെറ ശേഷം, മുമ്പെ പഠിച്ചിട്ടുള്ളതപോലെ, കുട്ടികളെക്കൊണ്ടു ഏതെങ്കിലും ഒരു തരത്തിലുള്ള തത്തകളുടെ തൂവലുകളുടെ നിറത്തിലുള്ള കല്ലുകളെ കോൎപ്പിക്കേണം. ഒരു കുട്ടിക്കു പച്ചക്കല്ലുകളും, മറെറാരുത്തിക്കു പച്ചയും ചുവന്നതും, വേറൊരുത്തിക്കു നീലയും ചുവന്നതും, ഇങ്ങിനെ കോക്കാം. വാഴക്കയെക്കുറിച്ചുള്ള പാഠത്തിൻെറ ശേഷം, കുട്ടികളെക്കൊ

ണ്ടു, പഴുത്തതും പച്ചയും ആയ കായ്കളെ കാണിപ്പാൻ, മഞ്ഞനിറത്തിലും പച്ചനിറത്തിലും ഉള്ള കല്ലുകൾ ഇട വിട്ടു കോൎപ്പിക്കാം. പൊൻ, വെള്ളി ഇവയെപ്പററി യുള്ള പാഠങ്ങളുടെ ശേഷം, അവരെക്കൊണ്ടു, മഞ്ഞ നൂലിന്മേൽ മഞ്ഞക്കല്ലുകളും, വെള്ളനൂലിന്മേൽ വെള്ള ക്കല്ലുകളും കോൎപ്പിച്ചു വളകളും മോതിരങ്ങളും ഉണ്ടാക്കി ക്കാം. ഉപ്പിനെക്കുറിച്ചുള്ള പാഠത്തിന്നു ശേഷം വെളുത്ത ഉപ്പും കറുത്ത ഉപ്പും കാണിപ്പാൻ അവരെക്കൊണ്ടു വെളു ത്ത നൂലിന്മേൽ വെള്ളക്കല്ലുകളും കറുത്ത നൂലിന്മേൽ കറുത്ത കല്ലുകളും കോൎപ്പിക്കാം.

അഭിനയ ഗീതങ്ങൾ (നാട്യഗാനങ്ങൾ.)

ഓരോ ദിവസത്തേക്കുള്ള പാട്ടു കൂടുന്നത്ര അന്നേ ത്തെ പാഠത്തോടും പ്രവൃത്തിയോടും സംയോജിപ്പിക്കേ ണ്ടതാകുന്നു. എങ്ങിനെയെന്നാൽ പശുവിനെക്കുറിച്ച പാഠം നടക്കുന്ന ദിവസം പശുവിനെക്കുറിച്ചുള്ള പാട്ടു പാടേണ്ടതാകുന്നു. ഒരു പുതിയപാട്ടു പഠിപ്പിക്കുന്ന സ മയം പാട്ടിന്റെ താൽപൎയ്യം കുട്ടികൾക്കു മനസ്സിലാ ക്കിക്ക.

നിങ്ങൾ ഒരു പദ്യം ചൊല്ലിയ ശേഷം കുട്ടികൾ കേട്ടു ചൊല്ലട്ടെ. അതു അവർ പഠിക്കുന്നവരെ നിങ്ങൾ ചൊ ല്ലുന്നതു കേട്ടു അവർ അങ്ങിനെ ചൊല്ലട്ടെ.

അവക്കു പാഠമായ ശേഷം അവർ സാമാന്യം നല്ല രീതിയിൽ പാടുന്നതുവരെ നിങ്ങൾ പാടിക്കൊടുക്കയും ചെയ്തു പിന്നെ വേണ്ടതുപോലെയുള്ള ആംഗ്യഭാവങ്ങളെ കാണിച്ചും കൊണ്ടു തിരികെ പാടുക. കുട്ടികൾക്കു സാമാന്യം നല്ലവണ്ണം വശമാകുന്നവരെ, കുട്ടികൾ പാട്ടു പാടുന്ന സമയം നിങ്ങൾ കാണിക്കുന്ന ആംഗ്യഭാവം കണ്ടു അതിനെ അവർ അനുകരിക്കയും ചെയ്യട്ടേ.

പിന്നെ മറെറാരു പദ്യം പഠിപ്പിപ്പാൻ തുടങ്ങുക.

പാഠക്രമപ്പട്ടിക.

ഈ പുസ്തകത്തിൽ കാണിച്ചിട്ടുള്ള അഭ്യാസങ്ങൾ ശിശുതരത്തിൽ കഴിക്കുമ്പോൾ താഴെ പറഞ്ഞിട്ടുള്ള ക്രമപ്രകാരം ചെയ്യുന്നതായാൽ നന്നു.

ശിശുതരം.

വിഷയം.	ക്രമം.
10- മുതൽ 10- 5വരെ	മുമ്പ പഠിച്ചിട്ടുള്ള ഒരു അഭിനയ ഗീതം.
10- 5 " 10-35 "	സാധന പാഠം.
10-35 " 11- "	മുമ്പ പഠിച്ചിട്ടുള്ള നടന്നുംകൊണ്ടുള്ള പാട്ടു.

വിഷയം.		ക്രമം.
11- "	11-30 "	വിത്തുനിരത്തുകയും, സ്വരാക്ഷരങ്ങളും (വായനയും എഴുത്തും.)
11-30 "	11-40 "	മുമ്പ പഠിച്ചിട്ടുള്ള അഭിനയഗീതം.
11-40 "	12-20 "	കുത്തലും തുന്നലും ഇടക്ക അഞ്ചുമിനുട്ടനേരം ഒഴിവ്.
12-20 "	12-30 "	കബാത്ത്.
12-30 "	1- 0 "	പുതിയ ഒരു അഭിനയഗീതം പഠിപ്പിക്കുക.
2- 0 "	2-30 "	മണികോപ്പിച്ച കണക്ക പഠിപ്പിക്കുക.
2-30 "	2-40 "	മുമ്പ പഠിച്ചിട്ടുള്ള അഭിനയഗീതം.
2-40 "	3-10 "	കോൽവെക്കൽ (ബെഞ്ചിന്മേൽ)
3-10 "	3-20 "	മുമ്പ പഠിച്ചിട്ടുള്ള നടന്നുംകൊണ്ടുള്ള പാട്ട.
3-20 "	3-50 "	വിത്തുനിരത്തൽ. കുത്തലും തുന്നലും. കല്ലുകോർക്കുക. കോൽവെക്കുക. } ഇതിൽ ഏതെങ്കിലും ഒന്നിനെക്കൊണ്ടു സാധനപാഠത്തെ ഉദാഹരിക്കുക.
3-50 "	4- 0 "	ചെറിയ ഒരു അഭിനയഗീതം.

കിണ്ടർഗാട്ടനിലെ അന്തക്കരണാഭ്യാസം.

ചെറിയ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മുഖ്യമായി ആലോചിക്കേണ്ടുന്നതു അവൎക്ക വാച്ചലം അറിവ കൊടുക്കേണം എന്നുള്ളത മാത്രമല്ല; മുഖ്യമായി വേണ്ടതു അവരുടെ മനശ്ശക്തികളെ ഉണൎത്തി ബലപ്പെടുത്തുന്നതാകുന്നു. പ്രസ്താവനയിൽ പറഞ്ഞപ്രകാരം ഒരു ചെറിയ കുട്ടി തന്റെ ചുഴും ഉള്ള വസ്തുക്കളെ അറിഞ്ഞ മനസ്സിലാക്കാൻ സദാ സശ്രദ്ധനായിരിക്കും. കാണുന്നതൊക്കെ അവൎക്ക പുതുതായതു കൊണ്ട, അവയെക്കുറിച്ച വല്ലതും അറിവാൻ അവൎക്ക ആഗ്രഹമുണ്ടാകും. ഈ ആഗ്രഹ സാദ്ധ്യത്തിന്നായ്ക്കൊണ്ട അവർ വസ്തുക്കളെ നോക്കിയും, പിടിച്ചും, മണപ്പിച്ചും, രുചിച്ചും കൊണ്ടിരിക്കുന്നു. ഈ ഉദ്യമത്തിൽ അവരെ സഹായിക്കുകയാകുന്നു ഒരു കിണ്ടർഗാട്ടർ ഗുരുവിന്റെ ഉദ്ദേശം. ഗുരു ഒരു സാധാരണവസ്തുവെ കുട്ടികളുടെ മുമ്പാകെ കൊണ്ടുവെച്ച, ചോദ്യങ്ങൾ ചോദിച്ചും വഴിപറഞ്ഞു കൊടുത്തും ആ സാധനത്തെപ്പററി പാടുള്ളേടത്തോളം അവരുടെ സ്വന്തം മനശ്ശക്തികൊണ്ട തന്നെ, മനസ്സിലാക്കുവാൻ കുട്ടികളെ ഉത്സാഹിപ്പിക്കുന്നു. കുട്ടികൾക്ക അനുകരിപ്പാൻ (മററുള്ളവർ ചെയ്യുംപോലെ ചെയ്യാൻ) വലിയ ഇഷ്ടമാകുന്നു. ശബ്ദാനുകരണം മൂലമാണ അവർ സംസാരിപ്പാൻ പഠിക്കുന്നത; അന്യന്മാരുടെ പ്രവൃത്തികളെ അനുകരിച്ച നടപ്പാനും മററും പഠിക്കുകയും ചെയ്യു

ന്നു. കിണ്ടർഗാട്ടൻ അഭ്യസിപ്പിക്കുന്ന ഗുരു അവരെ ഇങ്ങിനെ അനുകരിപ്പാൻ ഉത്സാഹിപ്പിക്കുന്നു. ഗുരു അവക്കു പ്രയാസം കുറഞ്ഞ വസ്തുക്കൾ കൊടുത്തു, അവർ കാണുന്ന വസ്തുക്കളെ പോലെ ഓരോന്നുണ്ടാക്കുവാൻ അവക്കു കാണിച്ചു കൊടുക്കുന്നു. ഇത കൂടാതെ അവർ അവരെ കളികൾ പഠിപ്പിച്ചു സാധാരണ പ്രവൃത്തികളെ അനുകരണം ചെയ്യാനും, പാട്ടുകൾ പഠിപ്പിച്ചു സാധാരണ ശബ്ദങ്ങൾ അനുകരണം ചെയ്യാനും, ശിലിപ്പിക്കുന്നു. ഇപ്രകാരം, കളികളെ ക്രമപ്പെടുത്തീട്ട അവരെ അഭ്യസിപ്പിക്കുന്നതകൊണ്ട, കുട്ടികളുടെ മനസ്സ് സ്വാഭാവികമായും, അത്ധ്വലം ഊനംതട്ടാതെയും വദ്ധിച്ചു വരുന്നു. അവരുടെ സൂക്ഷ്മഗ്രഹണം ശ്രദ്ധ ഇവററിൻ ശക്തികളും, ദൃശ്യങ്ങളായവയെയെല്ലാം അറിയേണമെന്നുള്ള ആഗ്രഹവും ഉണന്ന് വദ്ധിക്കുന്നു. വല്ലതും ചെയ്യാനും, ഉണ്ടാക്കുവാനും ഉള്ള ആഗ്രഹം നിഷ്ഫലമാകാതെ നിവൃത്തിയാകുന്നതുകൊണ്ട ഇതും വദ്ധിക്കുന്നു. അവരുടെ ഊഹാപോഹ ശക്തികൾ ഉണവായി, പ്രവൃത്തിപ്പിക്കപ്പെടുന്നു. ഇങ്ങിനെ കുട്ടികളുടെ പലേ മനശ്ശക്തികളും വളന്ന്, മേലിൽ അവരെ ജീവകാലങ്ങളിൽ ഉതകുമാറാകുന്നു. കുറെ വിലയേറിയ ജ്ഞാനവും അവക്കു കിണ്ടർഗാട്ടനിൽ നിന്നു കിട്ടുന്നില്ലെന്നില്ല. ഇത അവർ സ്വന്തം തന്നെ കണ്ടുകൊണ്ടിരിക്കുന്ന അവരുടെ ചുററും ഉള്ള അവസ്ഥകളെ കുറിച്ചുള്ള അറിവ തന്നെയാകുന്നു. എന്നാൽ ഈ അറിവ് വിലപിടി

ച്ചത തന്നെയാണെങ്കിലും, അതിനെ അവൎക്ക ലഭിച്ച മാൎഗ്ഗമായ അവരുടെ മനശ്ശക്തിക്കുണ്ടായിട്ടുള്ള പ്രവൃത്തിപോലെ അത്ര വിലപിടിച്ചതല്ല. വിദ്യാഭ്യാസത്തിൽ മുഖ്യമായി ആലോചിക്കേണ്ട ഒരു സംഗതി അറിവിനെ ഘടിപ്പിക്കുകയാകുന്നു. പുതുതായി കിട്ടീട്ടുള്ള ഒരു ജ്ഞാനം നമുക്ക ശരിയായി മനസ്സിലാവുകയൊ ഓൎമ്മയിൽ നില്ക്കുകയൊ വേണമെങ്കിൽ, നമുക്ക മുമ്പെ തന്നെയുള്ള ജ്ഞാനങ്ങൾക്കും അതിന്നും തമ്മിൽ വല്ല സാമ്യവും കണ്ടപിടിക്കേണ്ടത ആവശ്യമാണ. ഇതിലെ പാഠങ്ങൾ ക്രമപ്പെടുത്തീട്ടുള്ളതു ഈ സംഗതി ആലോചിച്ചിട്ടാകുന്നു എന്ന് വായനക്കാൎക്ക മനസ്സിലാക്കാം. സാധനപാഠങ്ങളിൽ കൊണ്ടു വന്നിട്ടുള്ള വിഷയങ്ങൾ കഴിയുന്നേടത്തോളം അഭ്യാസങ്ങളിലും പാട്ടിലും കളിയാലും, തുടൎന്ന വന്നിട്ടുണ്ട. ഒരു പാഠത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള സംഗതികൾ ആസ്പദമാക്കീട്ടാണ പിറേറത്തെ പാഠം ഉള്ളത. പുതുതായി പഠിക്കുന്ന ജീവികളെയൊ, ചെടികളെയൊ, മുമ്പെ പഠിച്ചിട്ടുള്ളവയുമായി പലേടങ്ങളിലും താരതമ്യപ്പെടുത്തിട്ടുണ്ട. പുതുതായി പഠിക്കുന്നവയും മുമ്പ പഠിച്ചിട്ടുള്ളവയും തമ്മിലുള്ള സാമ്യങ്ങളെ ഗുരു എല്ലായ്പോഴും, കാണിച്ചു, കുട്ടികളുടെ ജ്ഞാനങ്ങളെയൊക്കെ തമ്മിൽ ഘടിപ്പിക്കേണം. മുമ്പു തന്നെ സിദ്ധിച്ച അറിവു വേറെയൊരു മാതിരിയിൽ രണ്ടാമതും ആവൎത്തനം ചെയ്യുന്നത കുട്ടികൾക്ക വളരെ സന്തോഷമാകുന്നു.

കിണ്ടർഗാട്ടനിലെ സന്മാൎഗ്ഗാഭ്യാസം.

നല്ലവണ്ണം നടത്തുണതായ ഒരു കിണ്ടർഗാട്ടൻ സ്കൂളിൽ, കുട്ടികളുടെ സൽസ്വഭാവം സ്വാഭാവികമായിത്തന്നെ വൎദ്ധിച്ചു പ്രബലപ്പെട്ടുവരുന്നു. അവരുടെ മനസ്സിന്നു ആഹ്ലാദവും നിവൃത്തിയും ഉള്ളതകൊണ്ടു, വേണ്ടാതനം കാട്ടുന്നതിന്നു് വഴികുറയും. കളിയിലും, പാട്ടിലും, അഭ്യാസങ്ങളിലും, മററുള്ളവരുമായി ചേൎന്നു ശീലിക്കുന്നതുകൊണ്ടു കുട്ടികൾക്കു ദയാശീലം അടക്കം പൊതുജനഗുണത്തിന്നു വേണ്ടി ഇതരന്മാരുമായി ചേൎന്നു പ്രവൃത്തിപ്പാനുള്ള സാമൎത്ഥ്യം ഇങ്ങിനെയുള്ള സൽഗുണങ്ങൾ വശമാകുന്നു. ജീവികളെയും ചെടികളെയും സൂക്ഷിക്കുന്നതുകൊണ്ടും, തങ്ങളിൽ ഇളയവരെ ചിലപ്പോൾ സഹായിക്കുന്നതുകൊണ്ടും, എളിയവരെ രക്ഷിപ്പാനും തുണപ്പാനും അവർ പഠിക്കുന്നു. പഠിപ്പിക്കലിന്റെ സ്വഭാവത്താൽ തന്നെ അവരുടെ ശ്രദ്ധയും അനുസരണവും വൎദ്ധിതമായ്വരുന്നു. അവൎക്കു കൊടുക്കുന്ന പ്രയാസം കുറഞ്ഞ പ്രവൃത്തികൾ തൃപ്തിയാംവണ്ണം ചെയ്വാൻ സാധിക്കുന്നതുകൊണ്ടു് അന്യാശ്രയശീലമില്ലായ്മ കാൎയ്യസിദ്ധിയുണ്ടാകും എന്നുള്ള ധൈൎയ്യം എന്നീ സൽഗുണങ്ങൾ കുട്ടികൾക്കുണ്ടാകും. തങ്ങളുടെ പ്രവൃത്തിയിലുള്ള രസംകൊണ്ടു, അവർ ഉത്സാഹികളായിത്തീരുന്നു. അവൎക്കു കാണ്മാനും പാടിപ്പാനും തിരിപ്പാനും കഴിയുന്ന വസ്തുക്കൾകൊണ്ടു അവർ പ്രവൃത്തിക്കുന്നതിനാൽ, അവൎക്കു കിട്ടുന്നതായ

അറിവ് വേറും വാക്കുകളായി കേട്ട പഠിച്ചവിധം ആവാതെ ഉണ്മയായും സ്വാനുഭവത്തോടുകൂടിയതായും ആയിതീരുന്നു. ഇത് മൂലം കുട്ടികൾക്ക, തങ്ങളുടെ സംസാരത്തിൽ പാരമാർത്ഥ്യം ഉണ്ടാകേണ്ടതിന്ന മുഖ്യകാരണമായ യഥാർത്ഥാലോചന ഉണ്ടാകുന്നു. അവരോട സ്നേഹം കാണിക്കുന്നതുകൊണ്ട, ഭയം എന്നത് അവൎക്കുണ്ടാകുന്നില്ല. അവരുടെ ഗുരുവിൻ തുണയോടുകൂടി അവൎക്കുണ്ടാകുന്ന ചെറിയ കാൎയ്യസിദ്ധികൾ അവൎക്ക തങ്ങളുടെ സ്വന്തശക്തികളിലുള്ള വിശ്വാസം വൎദ്ധിപ്പിക്കുകയും, അതു മൂലം മനസ്ഥൈൎയ്യമുണ്ടാകയും ചെയ്യുന്നു; ഇതോടുകൂടെ, കൂടക്കൂടെയുള്ള വ്യായാമംകൊണ്ട പ്രവൃത്തിക്കമതിയായ ശരീരശക്തിയുണ്ടെന്ന ധൈൎയ്യവും വൎദ്ധിക്കുന്നു. സ്കൂളിന്നും അതിന്ന ചുററും ഉള്ള ശുചികൊണ്ടും, അഭ്യാസത്തിന്നാവശ്യമുള്ള സാധനങ്ങൾ സൂക്ഷിക്കുകയും കൊടുക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന മാതിരി കണ്ടും, കുട്ടികൾക്ക ശുചി, ക്രമം ഈ സ്വഭാവങ്ങൾ ഉണ്ടായിവരുന്നു; എന്നുമാത്രമല്ല, അവരവരുടെ സ്വന്തകാൎയ്യങ്ങൾക്ക പുറമെയുള്ള വസ്തുക്കളിൽ ഇവരുടെ ശ്രദ്ധയുണ്ടാവാൻ ഇടയും ഉണ്ടാകുന്നു. ഇതിനാൽ അവരുടെ ജീവകാലം സന്തോഷമായി കഴിക്കുകയും തങ്ങൾ സ്വാൎത്ഥികളല്ലാതിരിക്കയും ചെയ്യാൻ ശീലിക്കുകയും ചെയ്യുന്നു. കുട്ടികൾ മററുള്ളവരുടെ നടവടികളെ കണ്ടു പ്രവൃത്തിക്കുന്നു എന്നുള്ളത ഗുരു എല്ലായ്പോഴും ഓൎമ്മിക്കേണ്ടതാകുന്നു. കുട്ടി

കൾകളുണ്ടായിരിക്കേണം എന്ന അവൾ ഇച്ഛിക്കുന്നസൽഗുണങ്ങൾ തനിക്കുതന്നെ ഉണ്ടായിരിക്കുകയും അതിന്നനുസാരമായി താൻ നടക്കുകയും ചെയ്യേണ്ടതിന്ന ഗുരുയത്നിക്കേണം.

കിണ്ടർഗാട്ടനിലെ ശരീരാഭ്യാസം.

കുട്ടികളുടെ ശരീരാഭ്യാസത്തിനാലുള്ള ഗുണ പ്രസംഗം അമിതമായ്വരുന്നത് അപൂവ്വം. മുമ്പ് പറഞ്ഞപ്രകാരം, ഇത ഒരു കിണ്ടർഗാട്ടനിൽ വെളിച്ചവും വായുഗതാഗതവും ശുചിയും ചുററും സുഖകരമായ സ്ഥലവും (കഴിയുമെങ്കിൽ ഒരു തോട്ടത്തിലും) ഉള്ള ഒരു എടുപ്പിലും ചെയ്യിക്കേണ്ടതാകുന്നു. ഇവിടെ കുട്ടികൾക്ക ഊഞ്ഞാലിൽ ആടാനും, കളിപ്പാനും ജന്തുക്കളെയും ചെടികളെയും വളത്താനും പാടുണ്ടായിരിക്കേണം.

കുട്ടികളുടെ ശുചിയെപ്പററി എല്ലായ്പോഴും ശ്രദ്ധവെക്കേണം. ചെങ്കണ്ണൊ, മററു വല്ല പകരുന്ന രോഗമൊ ഉള്ള കുട്ടികളെ വരാൻ സമ്മതിക്കരുത.

ചെറിയ കുട്ടികളുടെ ശരീര സുഖത്തിന്ന് കൂടക്കൂടെ ശരീരാഭ്യാസം ആവശ്യമാണ. ഇതിന്നുവേണ്ടി കിണ്ടർഗാട്ടനിൽ കളികൾ, അഭിനയഗീതങ്ങൾ, നടത്തം, കബാത്ത് ഇവയൊക്കെ നിശ്ചയിച്ചിട്ടുണ്ട. ചെറിയ കുട്ടികളെ അരമണിക്കൂറിലധികം വെറുതെ ഇരിപ്പാൻ ആവശ്യപ്പെടരുത. മുമ്പ് കൊടുത്തിട്ടുള്ള പാഠക്രമത്തിൽ ഓരോ

അരമണിക്കൂറ കഴിയുമ്പോൾ ശരീരാഭ്യാസം നിശ്ചയിച്ചിട്ടുണ്ടെന്ന കാണാം.

ഇതിന്റെ പുറമെ, ഗുരു പ്രവൃത്തി എടുക്കുന്ന അരമണിക്കൂറിന്നുള്ളിൽ തന്നെ സ്ഥിതി മാറിക്കൊണ്ടിരിപ്പാൻ ചട്ടം ചെയ്യേണം. എങ്ങിനെയെന്നാൽ സാധനങ്ങൾ കൊടുക്കുമ്പോഴും വാങ്ങുമ്പോഴും കുട്ടികളെ നിൎത്തേണം. പക്ഷെ അവരെ ക്ഷീണിപ്പിക്കരുത. വളരെ ചൂടുള്ളകാലങ്ങളിൽ ദേഹാഭ്യാസസമയം ചുരുക്കേണം. ശിശുതരത്തിലെ ഒരു കുട്ടി ഉറങ്ങിപ്പോയിട്ടുണ്ടെങ്കിൽ അതിന്നെ ഉണൎത്തരുത്. നാലുമുതൽ ആറുവരെ പ്രായമുള്ള കുട്ടികളെ ദിവസേന പകൽ അല്പനേരം ഉറങ്ങാൻ ഉത്സാഹിപ്പിക്കേണം. പ്രവൃത്തി എടുക്കുന്ന ക്ലാസ്സിൽനിന്ന കുറെ ദൂരെ തണലുള്ള ഒരു ദിക്കിൽ അവരെക്കൊണ്ട കിടത്തേണം. ഗുരു കുട്ടികളുടെ ദേഹസ്ഥിതിയെ എല്ലായ്പോഴും സൂക്ഷിച്ചുകൊണ്ടിരിക്കേണം. വല്ലവരും ക്ഷീണിച്ചിട്ടുണ്ടെന്ന കണ്ടാൽ അതിന്റെ സംഗതി അന്വേഷിച്ചറിഞ്ഞു, കഴിയുമെങ്കിൽ അതു പരിഹരിപ്പാൻ നോക്കേണം. വല്ല കുട്ടികളും സ്ഥിരമായിരിക്കാതെ ഇരുന്നു മുഷിഞ്ഞ ഭാവം കാണിക്കുന്നതായാൽ, ഗുരു അവരെക്കൊണ്ട കുറെ അധികം ശരീരാഭ്യാസം ചെയ്യിക്കേണം.

S. P. C. K. PRESS, VEPERY, MADRAS—1899.